കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE COPYRIGHT ACT, 1957

(Act No. 14 of 1957)

# പകർപ്പവകാശ ആക്റ്റ്, 1957

(1957-ലെ 14-ാം നമ്പർ ആക്റ്റ്)

വില

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1983

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE COPYRIGHT ACT, 1957

(Act No. 14 of 1957)

# പകർപ്പവകാശ ആക്റ്റ്, 1957

(1957-ലെ 14-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1983

# പകർപ്പവകാശ ആക്റ്റ്, 1957

(1957-ലെ 14-ാം നമ്പർ ആക്റ്റ്)

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ

### അദ്ധ്യായം I

### പ്രാരംഭികം


1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും
2. വ്യാഖ്യാനം
3. പ്രസിദ്ധീകരണത്തിന്റെ അർത്ഥം
4. കൃതി പ്രസിദ്ധപ്പെടുത്തുകയോ പരസ്യമായി പ്രകടനം നടത്തുകയോ ചെയ്തിട്ടില്ലെന്ന് എപ്പോൾ കരുതപ്പെടുമെന്ന്
5. കൃതി എപ്പോൾ ഇൻഡ്യയിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തിയതായി കരുതപ്പെടുമെന്ന്
6. ചില തർക്കങ്ങൾ പകർപ്പവകാശ ബോർഡ് തീർച്ചചെയ്യേണ്ടതാണെന്ന്
7. പ്രസിദ്ധപ്പെടുത്താത്ത കൃതിയുടെ നിർമ്മാണം ഗണ്യമായ കാലാവധിയിലേക്ക് നീട്ടിയിട്ടുള്ളിടത്ത്, ഗ്രന്ഥകർത്താവിന്റെ പൗരത്വം
8. ഏകാംഗയോഗങ്ങളുടെ അധിവാസം


### അദ്ധ്യായം II

### പകർപ്പവകാശ ആഫീസും പകർപ്പവകാശ ബോർഡും


9. പകർപ്പവകാശ ആഫീസ്
10. പകർപ്പവകാശങ്ങളുടെ രജിസ്ട്രാറും ഡെപ്യൂട്ടി രജിസ്ട്രാർമാരും
11. പകർപ്പവകാശബോർഡ്
12. പകർപ്പവകാശബോർഡിന്റെ അധികാരങ്ങളും നടപടിക്രമവും


### അദ്ധ്യായം III

### പകർപ്പവകാശം


13. പകർപ്പവകാശം നിലവിലുള്ള കൃതികൾ
14. പകർപ്പവകാശത്തിന്റെ അർത്ഥം
15. ഇൻഡ്യൻ പേറ്റൻറുകളും ഡിസയിനുകളും ആക്റ്റ്, 1911-ൻകീഴിൽരജിസ്റ്റർചെയ്തതോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യാൻ കഴിയുന്നതോ ആയ രൂപമാതൃകകളിലുള്ള പകർപ്പവകാശം സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.
16. ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ പകർപ്പവകാശമില്ലെന്ന്.


### അദ്ധ്യായം IV

### പകർപ്പവകാശത്തിന്റെ ഉടമസ്ഥതയും ഉടമസ്ഥന്റെ അവകാശങ്ങളും


17. പകർപ്പവകാശത്തിന്റെ ആദ്യ ഉടമസ്ഥൻ
18. പകർപ്പവകാശം തീറുകൊടുക്കൽ
19. തീറുകൊടുക്കുന്ന രീതി
20. കൈയെഴുത്തു പ്രതിയിലുള്ള പകർപ്പവകാശം മരണശാസനപ്രകാരമുള്ള വ്യയനംവഴി കൊടുക്കൽ.
21. പകർപ്പവകാശം ഉപേക്ഷിക്കുന്നതിന് ഗ്രന്ഥകർത്താവിനുള്ള അവകാശം.


### അദ്ധ്യായം V

### പകർപ്പവകാശത്തിന്റെ കാലാവധി


22. പ്രസിദ്ധപ്പെടുത്തിയ സാഹിത്യ നാടക സംഗീത കലാകൃതിയുടെ പകർപ്പവകാശത്തിന്റെ കാലാവധി.
23. അജ്ഞാതനാമത്തിലോ തൂലികാനാമത്തിലോ ഉള്ള കൃതികളുടെ പകർപ്പവകാശത്തിന്റെ കാലാവധി.
24. മരണാനന്തര കൃതിയുടെ പകർപ്പവകാശത്തിന്റെ കാലാവധി.
25. ഫോട്ടോകളിലുള്ള പകർപ്പവകാശത്തിന്റെ കാലാവധി.
26. ചലച്ചിത്ര ഫിലിമുകളിലുള്ള പകർപ്പകവാശത്തിന്റെ കാലാവധി
27. റിക്കാർഡുകളിലുള്ള പകർപ്പവകാശത്തിന്റെ കാലാവധി.
28. ഗവൺമെന്റുകൃതികളിലുള്ള പകർപ്പവകാശത്തിന്റെ കാലാവധി.
29. അന്താരാഷ്ട്രസംഘടനകളുടെ കൃതികളിലുള്ള പകർപ്പവകാശത്തിന്റെ കാലാവധി.


3/1006/V.

വകുപ്പുകൾ

## അദ്ധ്യായം VI

### ലൈസൻസുകൾ

30. പകർപ്പവകാശ ഉടമകളാലുള്ള ലൈസൻസുകൾ
31. പൊതുജനങ്ങൾക്ക് അലഭ്യമായ കൃതികൾക്ക് നിർബന്ധിത ലൈസൻസ്.
32. തർജ്ജമകൾ തയ്യാറാക്കാനും പ്രസിദ്ധപ്പെടുത്താനുമുള്ള ലൈസൻസ്.

## അദ്ധ്യായം VII

### പ്രദർശന അവകാശസംഘങ്ങൾ

33. പ്രദർശന അവകാശസംഘം ഫീസുകളുടെയും, ചാർജ്ജുകളുടെയും പ്രതിഫലവീതങ്ങളുടെയും സ്റ്റേററുമെൻറുകൾ ഫയൽ ചെയ്യണമെന്ന്.
34. പ്രസിദ്ധപ്പെടുത്തിയ സ്റ്റേററുമെൻറുകൾ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ
35. ആക്ഷേപങ്ങളുടെ തീരുമാനം,
36. നിലവിലുള്ള അവകാശങ്ങൾക്ക് ബാധകമല്ലെന്ന്.

## അദ്ധ്യായം VIII

### പ്രക്ഷേപണ അധികാരസ്ഥാനങ്ങളുടെ അവകാശങ്ങൾ

37. പ്രക്ഷേപണ പുനർനിർമ്മാണങ്ങളുടെ അവകാശം.
38. ഈ ആക്ററിലെ മററു വ്യവസ്ഥകൾ പ്രക്ഷേപണ പ്രത്യുല്പാദന അവകാശങ്ങൾക്ക് ബാധകമാകുമെന്ന്.
39. മററ് അവകാശങ്ങൾ ബാധകമല്ലെന്ന്.

## അദ്ധ്യായം IX

### അന്താരാഷ്ട്ര പകർപ്പവകാശം

40. വിദേശകൃതികൾക്ക് പകർപ്പവകാശം വ്യാപിപ്പിക്കുന്നതിനുള്ള അധികാരം.
41. ചില അന്താരാഷ്ട്രസംഘടനകളുടെ കൃതികൾ സംബന്ധിച്ച വ്യവസ്ഥകൾ.
42. ഇൻഡ്യയിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തുന്ന വിദേശഗ്രന്ഥ കർത്താക്കളുടെ കൃതികളിലുള്ള അവകാശങ്ങൾ നിയന്ത്രിക്കുന്നതിനുള്ള അധികാരം.
43. ഈ അദ്ധ്യായത്തിൻകീഴിലുള്ള ഉത്തരവുകൾ പാർലമെൻറ് മുമ്പാകെ വയ്ക്കണമെന്ന്.

## അദ്ധ്യായം X

### പകർപ്പവകാശത്തിൻെറ രജിസ്ട്രേഷൻ

44. പകർപ്പവകാശ രജിസ്ററർ.
45. പകർപ്പവകാശ രജിസ്ററിലെ ഉൾക്കുറിപ്പുകൾ.
46. സൂചികകൾ.
47. രജിസ്ററിൻെറ ഫാറവും അതിൻെറ പരിശോധനയും.
48. പകർപ്പവകാശ രജിസ്ററിൽ കുറിച്ചിട്ടുള്ള വിവരങ്ങൾക്ക് അത് പ്രഥമദൃഷ്ട്യായുള്ള തെളിവായിരിക്കുന്നതാണെന്ന്.
49. പകർപ്പവകാശ രജിസ്ററിലെ ഉൾക്കുറിപ്പുകൾ തിരുത്തൽ.
50. പകർപ്പവകാശബോർഡിനാൽ രജിസ്ററർ തിരുത്തൽ.

## അദ്ധ്യായം XI

### പകർപ്പവകാശ ലംഘനം

51. പകർപ്പവകാശം ലംഘിക്കുന്നത് എപ്പോൾ എന്ന്
52. ചില പ്രവൃത്തികൾ പകർപ്പവകാശ ലംഘനമാകുന്നതല്ലെന്ന്.
53. ലംഘനം ചെയ്ത പകർപ്പുകളുടെ ഇറക്കുമതി .

## അദ്ധ്യായം XII

### സിവിൽ നിവൃത്തികൾ

54. നിർവ്വചനം.
55. പകർപ്പവകാശലംഘനത്തിനുള്ള സിവിൽ നിവൃത്തികൾ.
56. പ്രത്യേക അവകാശങ്ങളുടെ സംരക്ഷണം.
57. ഗ്രന്ഥകർത്താവിൻെറ പ്രത്യേക അവകാശങ്ങൾ.
58. ലംഘനം ചെയ്ത് പകർപ്പുകൾ കൈവശം വയ്ക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന ആളുകൾക്ക് എതിരായി ഉടമയ്ക്കുള്ള അവകാശങ്ങൾ.
59. ശില്പകലാസൃഷ്ടികളുടെ സംഗതിയിൽ നിവൃത്തികളിൻമേലുള്ള നിയന്ത്രണം.
60. നിയമനടപടിയുടെ അടിസ്ഥാനരഹിതമായ ഭീഷണിയുടെ സംഗതിയിലുള്ള നിവൃത്തി.
61. പകർപ്പവകാശ ഉടമ നടപടിയിലെ കക്ഷി ആയിരിക്കേണ്ടതാണ്.
62. ഈ അദ്ധ്യായത്തിൻകീഴിൽ ഉത്ഭവിക്കുന്ന വിഷയങ്ങളിൻമേൽ കോടതിയ്ക്കുള്ള അധികാരിത.

വകുപ്പുകൾ

## അദ്ധ്യായം XIII

## കുറ്റങ്ങൾ

63. ഈ ആക്റ്റിനാൽ നൽകപ്പെടുന്ന പകർപ്പവകാശത്തിന്റേയോ മറ്റു അവകാശങ്ങളുടേയോ ലംഘനകുറ്റം.
64. ലംഘനം ചെയ്യുന്ന പകർപ്പുകൾ പിടിച്ചെടുക്കുന്നതിന് പോലീസിനുള്ള അധികാരം.
65. ലംഘനം ചെയ്യുന്ന പകർപ്പുകൾ നിർമ്മിക്കുന്ന ആവശ്യത്തിന് പ്ലേറ്റുകൾ കൈവശം വയ്ക്കുന്നത്.
66. ലംഘനം ചെയ്യുന്ന പകർപ്പുകളോ ലംഘനം ചെയ്യുന്ന പകർപ്പുകൾ നിർമ്മിക്കുന്ന ആവശ്യത്തിനുള്ള പ്ലേറ്റുകളോ വ്യയനം ചെയ്യൽ.
67. ഹാജരാക്കുന്നതിനോ സമർപ്പിക്കുന്നതിനോ രജിസ്റ്റർ മുതലായവയിൽ വ്യാജമായ ഉൾക്കുറിപ്പുകൾ ചേർക്കുന്നതിനുള്ള ദണ്ഡനം.
68. ഏതെങ്കിലും അധികാരസ്ഥാനത്തേയോ ഉദ്യോഗസ്ഥനേയോ കബളിപ്പിക്കുന്നതിനോ സ്വാധീനിക്കുന്നതിനോ ഉള്ള ആവശ്യത്തിന് വ്യാജമായ പ്രസ്താവന ചെയ്യുന്നതിനുള്ള ദണ്ഡനം.
69. കമ്പനികളാലുള്ള കുറ്റങ്ങൾ.
70. കുറ്റങ്ങൾ നടപടിക്കെടുക്കൽ.

## അദ്ധ്യായം XIV

## അപ്പീലുകൾ

71. മജിസ്ട്രേട്ടിന്റെ ചില ഉത്തരവുകൾക്ക് എതിരായുള്ള അപ്പീലുകൾ.
72. പകർപ്പവകാശരജിസ്ട്രാരുടേയും പകർപ്പവകാശബോർഡിന്റെയും ഉത്തരവുകൾക്ക് എതിരായുള്ള അപ്പീലുകൾ.
73. അപ്പീലുകൾക്കുള്ള നടപടിക്രമം.

## അദ്ധ്യായം XV

## പലവക

74. പകർപ്പവകാശ രജിസ്ട്രാർക്കും പകർപ്പവകാശബോർഡിനും സിവിൽക്കോടതികളുടെ ചില അധികാരങ്ങൾ ഉണ്ടായിരിക്കുമെന്ന്.
75. പകർപ്പവകാശ രജിസ്ട്രാരും പകർപ്പവകാശബോർഡും പുറപ്പെടുവിക്കുന്ന പണം കൊടുക്കൽ ഉത്തരവുകൾ ഒരു വിധിപോലെ വിധി നടത്തേണ്ടതാണ്.
76. ഉത്തമവിശ്വാസത്തിൽ നടപടിക്കുള്ള സംരക്ഷണം.
77. ചില ആളുകൾ പബ്ലിക്ക് സർവന്റുമാർ ആണെന്ന്.
78. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.
79. റദ്ദാക്കലുകളും ഒഴിവാക്കലുകളും പരിവർത്തന വ്യവസ്ഥകളും.

# പകർപ്പവകാശ ആക്റ്റ്, 1957

(1957-ലെ 14-ാം ആക്റ്റ്)

പകർപ്പവകാശം സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുന്നതിനും സഞ്ചയിക്കുന്നതിനുമുള്ള ആക്റ്റ്.

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ എട്ടാം സംവൽസരത്തിൽ പാർലമെന്റ് താഴെപറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. (1) ഈ ആക്റ്റിന് പകർപ്പവകാശ ആക്റ്റ്, 1957 എന്ന് പേർ പറയാവുന്നതാണ്. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്രഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കാവുന്ന തീയതി, പ്രാബല്യത്തിൽ വരുന്നതാണ്.

2. ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,— വ്യാഖ്യാന

(ക) 'അനുയോജനം' എന്നാൽ,—

(i) ഒരു നാടകകൃതിയെ സംബന്ധിച്ച് ആ കൃതിയെ ഒരു നാടകകൃതിയല്ലാത്ത കൃതിയാക്കിയുള്ള പരിവർത്തനമെന്നും;

(ii) ഒരു സാഹിത്യകൃതിയോ കലാകൃതിയോ സംബന്ധിച്ച്, പരസ്യമായ പ്രകടനത്താലോ മററുവിധത്തിലോ ആ കൃതിയെ ഒരു നാടകകൃതിയാക്കിയുള്ള പരിവർത്തനമെന്നും;

(iii) ഒരു സാഹിത്യകൃതിയോ നാടകകൃതിയോ സംബന്ധിച്ച്, ഒരു ബുക്കിലോ വർത്തമാനപത്രത്തിലോ മാസികയിലോ അല്ലെങ്കിൽ അതുപോലുള്ള ആനുകാലിക പ്രസിദ്ധീകരണത്തിലോ പ്രത്യുല്പാദനത്തിന് അനുയോജ്യമായ രൂപത്തിൽ ആ കഥയോ അഭിനയമോ മുഴുവനായോ മുഖ്യമായോ ചിത്രങ്ങൾകൊണ്ട് പകർത്തുന്നതിന് പകർത്തുന്ന കൃതിയുടെ ഏതെങ്കിലും സംഗ്രഹമോ അല്ലെങ്കിൽ ആ കൃതിയുടെ ഏതെങ്കിലും ഭാഷാന്തരമോ എന്നും;

(iv) ഒരു സംഗീതകൃതി സംബന്ധിച്ച് ആ കൃതിയുടെ ഏതെങ്കിലും വിന്യാസമോ അനുലേഖനമോ,

എന്നും അർത്ഥമാകുന്നു;

(ഖ) "ശിൽപ്പകലാസൃഷ്ടി" എന്നാൽ കലാപരമായ സ്വഭാവമോ രൂപമാതൃകയോ ഉള്ള ഏതെങ്കിലും കെട്ടിടമോ എടുപ്പോ അല്ലെങ്കിൽ അങ്ങനെയുള്ള കെട്ടിടത്തിന്റെയോ എടുപ്പിന്റെയോ ഏതെങ്കിലും മാതൃകയോ എന്നർത്ഥമാകുന്നു;

(ഗ) "കലാസൃഷ്ടി" എന്നാൽ—

(i) ഒരു വർണ്ണചിത്രമോ ഒരു പ്രതിമാചിത്രമോ ഒരു രേഖാചിത്രമോ (ഒരു വിശദീകരണചിത്രമോ, ഭൂപടമോ, ചാർട്ടോ, പ്ലാനോ ഉൾപ്പെടെ), ഒരു കൊത്തുപണിയോ അല്ലെങ്കിൽ ഒരു ഫോട്ടോയോ, അങ്ങനെയുള്ള ഏതെങ്കിലും സൃഷ്ടിക്ക് കലാപരമായ ഗുണം ഉണ്ടായിരുന്നാലും ഇല്ലെങ്കിലും, എന്നും;

(ii) ഒരു ശില്പകലാസൃഷ്ടി എന്നും;

(iii) ശില്പവൈദഗ്ദ്ധ്യത്തോടുകൂടിയ മറേറതെങ്കിലും കലാസൃഷ്ടി എന്നും;

അർത്ഥമാകുന്നു;

(ഘ) "ഗ്രന്ഥകർത്താവ്" എന്നാൽ;—

(i) ഒരു സാഹിത്യകൃതിയോ നടകകൃതിയോ സംബന്ധിച്ച്, ആ കൃതിയുടെ ഗ്രന്ഥകർത്താവ് എന്നും;

(ii) ഒരു സംഗീതകൃതി സംബന്ധിച്ച്, ഗാനരചയിതാവ് എന്നും;

(iii) ഒരു ഫോട്ടോഗ്രാഫ് അല്ലാതുള്ള ഒരു കലാസൃഷ്ടി സംബന്ധിച്ച്, കലാകാരനെന്നും;

(iv) ഒരു ഫോട്ടോഗ്രാഫ് സംബന്ധിച്ച്, ഫോട്ടോ എടുക്കുന്ന ആൾ എന്നും;

(v) ഒരു ചലച്ചിത്ര ഫിലിം സംബന്ധിച്ച് അതിന്റെ പൂർത്തീകരണസമയത്തുള്ള ഫിലിമിന്റെ ഉടമ എന്നും;

(vi) ഒരു റിക്കാർഡു സംബന്ധിച്ച് ഏത് അസൽ പ്ലേററിൽനിന്നാണോ ആ റിക്കാർഡ് ഉണ്ടാക്കിയത് ആ പ്ലേററ് ഉണ്ടാക്കിയ സമയത്തുള്ള അതിന്റെ ഉടമസ്ഥൻ എന്നും,

അർത്ഥമാകുന്നു;

(ങ) "കലണ്ടർവർഷം" എന്നാൽ ജനുവരി ഒന്നാം ദിവസം ആരംഭിക്കുന്ന വർഷം എന്നർത്ഥമാകുന്നു;

(ച) "ചലച്ചിത്രഫിലിം" എന്നതിൽ ശബ്ദരേഖ ഏതെങ്കിലും ഉണ്ടെങ്കിൽ അത് ഉൾപ്പെടുന്നതും ചലച്ചിത്രം എന്നതിൽ ചലച്ചിത്രനിർമ്മാണത്തിനോട് സാദൃശ്യമുള്ള ഏതെങ്കിലും പ്രക്രിയമൂലം ഉണ്ടാക്കുന്ന ഏതെങ്കിലും നിർമ്മാണം ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതുമാകുന്നു;

(ഛ) "പ്രഭാഷണരീതി" എന്നതിൽ ഒരു പ്രഭാഷണം സംബന്ധിച്ച് യന്ത്രോപകരണം വഴിയോ റേഡിയോ പ്രസാരണം വഴിയോ ഉള്ള പ്രഭാഷണരീതി ഉൾപ്പെടുന്നതാകുന്നു;

(ജ) "നാടകകൃതി" എന്നതിൽ, രംഗസംവിധാനമോ നടനമാതൃകയോ, രേഖാമൂലമോ മററുവിധത്തിലോ നിജപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും കഥനം ചെയ്യേണ്ട രചനയോ, ബാലേ നൃർത്തകൃതിയോ അല്ലെങ്കിൽ മൂകാഭിനയ വിനോദപ്രകടനമോ ഉൾപ്പെടുന്നതും, എന്നാൽ ഒരു ചലച്ചിത്രഫിലിം ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

(ഝ) "കൊത്തുപണികൾ" എന്നതിൽ അമ്ളം പ്രയോഗിച്ചുള്ള ചിത്രപ്പണികളും, കല്ലച്ചെഴുത്തുകളും, മരത്തിലെ കൊത്തുപണികളും, മുദ്രണങ്ങളും ഫോട്ടോഗ്രാഫുകൾ അല്ലാത്ത മററു സദൃശനിർമ്മിതികളും ഉൾപ്പെടുന്നതാകുന്നു;

(ഞ) "സർവ്വാവകാശലൈസൻസ്" എന്നാൽ, മറെറല്ലാ ആളുകളെയും ഒഴിവാക്കിക്കൊണ്ട് (പകർപ്പവകാശത്തിൻെറ ഉടമ ഉൾപ്പെടെ) ലൈസൻസ്കാരനോ അല്ലെങ്കിൽ അയാൾക്കും അയാളാൽ അധികാരപ്പെടുത്തപ്പെട്ട ആളുകൾക്കുമോ ഒരു കൃതിയിലുള്ള പകർപ്പവകാശത്തിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും അവകാശം നല്കുന്ന ഒരു ലൈസൻസ് എന്നർത്ഥമാകുന്നതും, "സർവ്വാവകാശലൈസൻസ് കാര" ന് അതനുസരിച്ചു അർത്ഥം കല്പിക്കപ്പെടേണ്ടതുമാണ് ;

(ട) "ഗവൺമെൻറുകൃതി" എന്നാൽ—

(i) ഗവൺമെൻേറാ ഗവൺമെൻറിൻെറ ഏതെങ്കിലും വകുപ്പോ ;

(ii) ഇൻഡ്യയിലെ ഏതെങ്കിലും നിയമ നിർമ്മാണമണ്ഡലമോ ;

(iii) ഇൻഡ്യയിലെ ഏതെങ്കിലും കോടതിയോ ട്രിബ്യൂണലോ അല്ലെങ്കിൽ മററു നീതിന്യായ അധികാരസ്ഥാനമോ ;

തയ്യാറാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ അല്ലെങ്കിൽ അവയുടെ നിദേശത്തിനോ നിയന്ത്രണത്തിനോ കീഴിൽ തയ്യാറാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്ത കൃതി എന്നർത്ഥമാകുന്നു ;

(ഠ) "ഇൻഡ്യയിൽ രചിച്ചകൃതി" എന്നാൽ ഒരു ഇൻഡ്യൻ പൗരൻ ഗ്രന്ഥകർത്താവായിട്ടുള്ള സാഹിത്യപരമോ നാടകപരമോ അല്ലെങ്കിൽ സംഗീതപരമോ ആയ കൃതി എന്നർത്ഥമാകുന്നു ;

(ഡ) "ഉല്ലംഘനംചെയ്യുന്ന പകർപ്പ്" എന്നാൽ

(i) സാഹിത്യ നാടക സംഗീത കലാകൃതിയെ സംബന്ധിച്ച്, ഒരു ചലച്ചിത്ര ഫിലിമിൻെറ രൂപത്തിലല്ലാതെയുള്ള അതിൻെറ ഒരു പുനരുല്പാദനമെന്നും ;

(ii) ഒരു ചലച്ചിത്രഫിലിം സംബന്ധിച്ച് ഫിലിമിൻെറ ഒരു പകർപ്പോ അല്ലെങ്കിൽ ആ ഫിലിമിനോടു ബന്ധപ്പെട്ട ശബ്ദരേഖയുടെ ഏതെങ്കിലും ഭാഗത്തിലെ റെക്കാർഡിംഗ് ഉൾക്കൊള്ളുന്ന ഒരു റിക്കാർഡോ എന്നും ;

(iii) ഒരു റിക്കാർഡ് സംബന്ധിച്ച് അതേ റിക്കാർഡിംഗ് ഉൾക്കൊള്ളുന്ന അങ്ങനെയുള്ള ഏതെങ്കിലും റിക്കാർഡ് എന്നും ;

(iv) 37-ാം വകുപ്പിൻകീഴിൻ ഒരു പ്രക്ഷേപണം ചെയ്യുന്നതിനുള്ള അവകാശം നിലവിലുള്ള ഒരു പരിപാടി സംബന്ധിച്ച്, അങ്ങനെയുള്ള പുനരുല്പാദനമോ പകർപ്പോ, റിക്കാർഡോ ഈ ആക്ററിലെ വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ട് തയ്യാറാക്കുകയോ ഇറക്കുമതി ചെയ്യുകയോ ചെയ്യുകയാണെങ്കിൽ, ആ പരിപാടി റിക്കാർഡുചെയ്യുന്ന ഒരു റിക്കാർഡ് എന്നും അർത്ഥമാകുന്നു;

(ഢ) "പ്രഭാഷണം" എന്നതിൽ സംബോധനവും, പ്രസംഗവും, മതപ്രസംഗവും ഉൾപ്പെടുന്നതാകുന്നു ;

(ണ) "സാഹിത്യകൃതി" എന്നതിൽ സംഗ്രഹങ്ങളും സമാഹാരങ്ങളും ഉൾപ്പെടുന്നു ;

(ത) "സംഗീതകൃതി" എന്നാൽ അച്ചടിക്കുകയോ, ലിഖിതമാക്കുകയോ അല്ലെങ്കിൽ മററുവിധത്തിൽ ലേഖ്യമായി ഉല്പാദിപ്പിക്കുകയോ ചെയ്തിട്ടുള്ള സ്വരമാധുര്യത്തിൻേറയോ സ്വരലയനത്തിൻേറയോ അല്ലെങ്കിൽ അവയിൽ ഒന്നിൻേറയോ സംയോഗം എന്നർത്ഥമാകുന്നു ;

(ഥ) "പ്രകടനം" എന്നതിൽ ഒരു ചലച്ചിത്ര ഫിലിമിൻെറ പ്രദർശനം വഴിയോ, റേഡിയോ പ്രസാരണംവഴിയോ ഒരു റിക്കാർഡിൻെറ ഉപയോഗം വഴിയോ അല്ലെങ്കിൽ മറേറതെങ്കിലും മുഖേനയോ ഉള്ള അവതരണം ഉൾപ്പെടെ ഏതെങ്കിലും രീതിയിലുള്ള ദൃശ്യശ്രവണഅവതരണം ഉൾപ്പെടുന്നതും, ഒരു പ്രസംഗം സംബന്ധിച്ച് അങ്ങനെയുള്ള പ്രസംഗം ചെയ്യുന്നതും ഉൾപ്പെടുന്നതുമാകുന്നു ;

(ϵ) ''പ്രകടനാവകാശസംഘം'' എന്നാൽ പകർപ്പവകാശം നിലവിലുള്ള ഏതെങ്കിലും കൃതികൾ ഇൻഡ്യയ്ക്കകത്തു പ്രകടനം നടത്തുന്നതിനുള്ള ലൈസൻസുകൾ നല്കുകയോ അനുവദിക്കുകയോ ചെയ്യുന്ന ബിസിനസ് ഇൻഡ്യയിൽ നടത്തുന്ന, ഏകാംഗീകൃതമോ അല്ലാത്തതോ ആയ ഒരു സംഘമോ, സമാജമോ അല്ലെങ്കിൽ മററു നികായമോ എന്നർത്ഥമാകുന്നതാണ്.

(ധ) ''ഫോട്ടോഗ്രാഫ്'' എന്നതിൽ ഫോട്ടോലിത്തോഗ്രാഫും ഫോട്ടോ എടുക്കുന്നതിന് സദൃശമായ ഏതെങ്കിലും പ്രക്രിയമുഖേന നിർമ്മിക്കപ്പെടുന്ന ഏതെങ്കിലും കൃതിയും ഉൾപ്പെടുന്നതും എന്നാൽ ഒരു ചലച്ചിത്ര ഫിലിമിൻെറ ഏതെങ്കിലും ഭാഗം ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു ;

(ന) ''പ്ലേററ്'' എന്നതിൽ ഏതെങ്കിലും കൃതിയുടെ പകർപ്പുകളുടെ അച്ചടിക്കോ പുനരുൽപാദത്തിനോ ഉപയോഗിച്ചിട്ടുള്ളതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും സ്ററീരിയോ ടൈപ്പ് പ്ലേററോ, മററു പ്ലേററോ, കല്ലോ, ബ്ലോക്കോ, മൂശയോ, വാർപ്പുതകിടോ, മററൊന്നിൽ പതിച്ചെടുക്കലോ, നെഗററീവോ. അല്ലെങ്കിൽ മററുപകരണമോ എന്നിവയും ആ കൃതിയുടെ ശ്രവണാവതരണത്തിനായുള്ള റിക്കാർഡുകൾ ഉണ്ടാക്കിയതോ ഉണ്ടാക്കാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും വാർപ്പുതകിടോ അല്ലെങ്കിൽ മററു ഉപകരണമോ എന്നിവയും ഉൾപ്പെടുന്നതാകുന്നു ;

(പ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ഫ) ''റേഡിയോ പ്രസാരണം'' എന്നതിൽ ഏതെങ്കിലും ശബ്ദങ്ങളുടേയോ ദൃശ്യപ്രതിബിംബങ്ങളുടേയോ അല്ലെങ്കിൽ രണ്ടിൻേറയുംമോ രൂപത്തിലുള്ളതായാലും, ഏതെങ്കിലും കമ്പിയില്ലാകമ്പി പ്രസാരണം മുഖേന പൊതുജനങ്ങൾക്ക് ഉള്ള വാർത്താവിനിമയം ഉൾപ്പെടുന്നതാകുന്നു ;

(ബ) ''റിക്കാർഡ്'' എന്നാൽ ഒരു ചലച്ചിത്ര ഫിലിമിനോടു ബന്ധപ്പെട്ട ഒരു ശബ്ദരേഖ അല്ലാതുള്ളതും, അതിൽ നിന്നും പുനരുല്പാദനം നടത്താൻ കഴിവുള്ളതായിരിക്കത്തക്കവണ്ണം ശബ്ദങ്ങളെ ഉൾക്കൊള്ളുന്നതുമായ ഏതെങ്കിലും ഡിസ്ക്കോ, ടേപ്പോ, സുഷിരമുള്ള ചുരുളോ അല്ലെങ്കിൽ മററുപകരണമോ എന്നർത്ഥമാകുന്നു ;

(ഭ) ''റിക്കാർഡു ചെയ്യുക'' എന്നാൽ, ഒരു റിക്കാർഡിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും, ഒരു റിക്കാർഡു മുഖേന പുനരുല്പാദനം നടത്തുന്നതിന് കഴിവുള്ളതുമായ ശബ്ദങ്ങളുടെ ഒരു സഞ്ചയം എന്നർത്ഥമാകുന്നു ;

(മ) ''കൃതി'' എന്നാൽ താഴെപറയുന്ന കൃതികളിൽ ഏതെങ്കിലും എന്നർത്ഥമാകുന്നു, അതായത്.—

(i) സാഹിത്യനാടകസംഗീതകലാകൃതി ;

(ii) ഒരു ചലച്ചിത്രഫിലിം;

(iii) ഒരു റിക്കാർഡ് ;

(യ) ''കൂട്ടുഗ്രന്ഥകർത്തൃത്വമുള്ള കൃതി'' എന്നാൽ ഒരു ഗ്രന്ഥകർത്താവിൻെറ സംഭാവന മററൊരു ഗ്രന്ഥകർത്താവിൻെറയോ, ഗ്രന്ഥകർത്താക്കളുടേയോ സംഭാവനയിൽനിന്നും വിഭിന്നമല്ലാതിരിക്കുന്നവിധത്തിൽ രണ്ടോ അതിലധികമോ ഗ്രന്ഥകർത്താക്കളുടെ സഹപ്രവർത്തനത്താൽ രചിക്കപ്പെട്ട ഒരു കൃതി എന്നർത്ഥമാകുന്നു.

(ര) ''ശില്പകൃതി'' എന്നതിൽ വാർപ്പുപണികളും മാതൃകകളും ഉൾപ്പെടുന്നതാകുന്നു.

3. ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് ''പ്രസിദ്ധീകരണം'' എന്നാൽ,— **പ്രസിദ്ധീകരണത്തിൻെറ അർത്ഥം.**

(ക) ഒരു സാഹിത്യനാടക സംഗീതകലാ കൃതിയുടെ സംഗതിയിൽ, പൊതുജനങ്ങൾക്ക് ആ കൃതിയുടെ പേണ്ടത്ര പകർപ്പുകൾ നല്കൽ എന്നും ;

(ഖ) ഒരു ചലച്ചിത്ര ഫിലിമിൻെറ സംഗതിയിൽ, പൊതുജനങ്ങൾക്ക് ആ ഫിലിമിൻെറയോ അതിൻെറ പകർപ്പുകളുടേയോ വില്പനയോ, വാടകയ്ക്ക് കൊടുക്കലോ അല്ലെങ്കിൽ വില്പനയ്ക്കോ, വാടകയ്ക്കോ കൊടുക്കാൻ വയ്ക്കുകയോ എന്നും ;

(ഗ) ഒരു റിക്കാർഡിൻെറ സംഗതിയിൽ, പൊതുജനങ്ങൾക്ക് വേണ്ടത്ര റിക്കാർഡുകൾ നല്കൽ എന്നും, അർത്ഥമാകുന്നതും, എന്നാൽ ഈ ആക്ററിൽ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരമൊഴികെ,—

(i) ഒരു സാഹിത്യനാടകസംഗീതകൃതിയുടെ സംഗതിയിൽ അങ്ങനെയുള്ള കൃതി റിക്കാർഡ് ചെയ്തിട്ടുള്ള ഏതെങ്കിലും റിക്കാർഡുകൾ പുറപ്പെടുവിക്കുന്നതും ;

(ii) ഒരു ശില്പകൃതിയുടേയോ ശില്പകലാ സൃഷ്ടിയുടേയോ സംഗതിയിൽ, അങ്ങനെയുള്ള കൃതിയുടെ ഫോട്ടോകളും കൊത്തുപണികളും പുറപ്പെടുവിക്കുന്നതും, അതിൽ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

**കൃതി പ്രസിദ്ധപ്പെടുത്തുകയോ പരസ്യമായി പ്രകടനം നടത്തുകയോ ചെയ്തിട്ടില്ലെന്ന് എപ്പോൾ കരുതപ്പെടുമെന്ന്.**

4. പകർപ്പവകാശലംഘനം സംബന്ധിച്ചല്ലാതെ, ഒരു കൃതി പകർപ്പവകാശ ഉടമയുടെ ലൈസൻസ് കൂടാതെ, പ്രസിദ്ധപ്പെടുത്തുകയോ പരസ്യമായി പ്രകടിപ്പിക്കുയോ ചെയ്യുന്നെങ്കിൽ അത് പ്രസിദ്ധപ്പെടുത്തുകയോ പരസ്യമായി പ്രകടിപ്പിക്കുകയോ ചെയ്തതായി കരുതപ്പെടാൻ പാടുള്ളതല്ലാത്തതാകുന്നു.

**കൃതിഎപ്പോൾ ഇൻഡ്യയിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തിയതായി കരുതപ്പെടുമെന്ന്.**

5. ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക്, ഇൻഡ്യയിൽ പ്രസിദ്ധപ്പെടുത്തിയ ഒരു കൃതി അതേ സമയത്ത് മററേതെങ്കിലും രാജ്യത്ത് പ്രസിദ്ധപ്പെടുത്തിയിരുന്നാലും, അങ്ങനെയുള്ള മററേ രാജ്യം അങ്ങനെയുള്ള കൃതിക്ക് ഒരു കുറഞ്ഞകാലാവധിക്കുള്ള പകർപ്പവകാശത്തിന് വ്യവസ്ഥചെയ്തിട്ടില്ലാത്തപക്ഷം അത് ആദ്യമായി ഇൻഡ്യയിൽ പ്രസിദ്ധപ്പെടത്തിയതായി കരുതപ്പെടേണ്ടതും, ഇൻഡ്യയിലെ പ്രസിദ്ധീകരണത്തിനും അങ്ങനെയുള്ള മററേ രാജ്യത്തിലെ പ്രസിദ്ധീകരണത്തിനും ഇടയ്ക്കുള്ള സമയം മുപ്പതുദിവസത്തിലോ അല്ലെങ്കിൽ കേന്ദ്രഗവൺമെൻറ്, ഏതെങ്കിലും വിനിർദ്ദിഷ്ട രാജ്യം സംബന്ധിച്ച്, തീരുമാനിച്ചിട്ടുള്ള മററേതെങ്കിലും കാലാവധിയിലോ കവിയുന്നില്ലെങ്കിൽ, ആ കൃതി ഒരേസമയം ഇൻഡ്യയിലും മററൊരു രാജ്യത്തും പ്രസിദ്ധപ്പെടുത്തിയതായി കരുതപ്പെടേണ്ടതുമാകുന്നു.

**ചില തർക്കങ്ങൾ പകർപ്പവകാശ ബോർഡ് തീർച്ച ചെയ്യേണ്ടതാണെന്ന്.**

6. (ക) 3-ാം വകുപ്പിന്റെ ആവശ്യങ്ങൾക്ക്, ഏതെങ്കിലും സാഹിത്യനാടക സംഗീതകലാകൃതിയുടേയോ റിക്കാർഡുകളുടേയോ വേണ്ടത്ര പകർപ്പുകൾ പൊതുജനങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ടോ എന്നോ, അല്ലെങ്കിൽ

(ഖ) 5-ാം വകുപ്പിന്റെ ആവശ്യങ്ങൾക്ക് ഏതെങ്കിലും കൃതിക്ക്, മററേതെങ്കിലും രാജ്യത്തുള്ള പകർപ്പവകാശത്തിന്റെ കാലാവധി, അതേ കൃതിക്ക് ഈ ആക്ററു പ്രകാരം നിജപ്പെടുത്തിയിട്ടുള്ളതിൽ നിന്നും കുറവായതാണോ, എന്നോ

ഉള്ള ഏതെങ്കിലും പ്രശ്നം ഉത്ഭവിക്കുകയാണെങ്കിൽ, അത് 11-ാം വകുപ്പിൻ കീഴിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള പകർപ്പവകാശ ബോർഡിന് റഫർചെയ്യേണ്ടതും അതിന്മേലുള്ള അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

**പ്രസിദ്ധപ്പെടുത്താത്ത കൃതിയുടെ നിർമ്മാണം ഗണ്യമായ കാലാവധിയിലേക്ക് നീട്ടിയിട്ടുള്ളിടത്ത, ഗ്രന്ഥകർത്താവിന്റെ പൗരത്വം.**

7. പ്രസിദ്ധപ്പെടുത്താത്ത ഒരു കൃതിയുടെ സംഗതിയിൽ, ആ കൃതിയുടെ നിർമ്മാണം ഒരു ഗണ്യമായ കാലാവധിയിലേക്ക് നീട്ടിയിട്ടുള്ളിടത്ത് ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക്, ആ കാലഘട്ടത്തിന്റെ ഏതെങ്കിലും ഗണ്യമായ ഭാഗം ഏതു രാജ്യത്താണോ, ആ കൃതിയുടെ ഗ്രന്ഥകർത്താവ് ഒരു പൗരനായിരിക്കുകയോ അല്ലെങ്കിൽ ഏതു രാജ്യത്താണോ അയാൾ അധിവാസം ചെയ്യുകയോ ചെയ്തിട്ടുള്ളത്, ആ രാജ്യത്തിലെ ഒരു പൗരനായോ അല്ലെങ്കിൽ ആ രാജ്യത്ത് അധിവസിക്കുന്ന ആളായോ, കരുതപ്പെടേണ്ടതാകുന്നു.

**ഏകാംഗയോഗങ്ങളുടെ അധിവാസം.**

8. ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക്, ഒരു ഏകാംഗയോഗനികായം, അത് ഇൻഡ്യയ്ക്കകത്ത പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ ഏകാംഗീകൃതമായിട്ടുള്ളതാണെങ്കിൽ, അത് ഇൻഡ്യയിൽ അധിവാസം ചെയ്യുന്നതായി കരുതപ്പെടേണ്ടതാകുന്നു.

## അദ്ധ്യായം II

## പകർപ്പവകാശ ആഫീസും പകർപ്പവകാശ ബോർഡും

**പകർപ്പവകാശ ആഫീസ്.**

9. (1) ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് പകർപ്പവകാശ ആഫീസ് എന്ന പേരിൽ ഒരു ആഫീസ് സ്ഥാപിക്കപ്പെടേണ്ടതാണ്.

(2) പകർപ്പവകാശ ആഫീസ് കേന്ദ്രഗവൺമെൻറിന്റെ മേലന്വേഷണത്തിന്റെയും നിദേശത്തിന്റെയും കീഴിൽ പ്രവർത്തിക്കുന്ന പകർപ്പവകാശ രജിസ്ട്രാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ ആയിരിക്കുന്നതാണ്.

(3) പകർപ്പവകാശ ആഫീസിന് ഒരു മുദ്ര ഉണ്ടായിരിക്കുന്നതാണ്.

**പകർപ്പവകാശങ്ങളുടെ രജിസ്ട്രാറും ഡെപ്യൂട്ടി രജിസ്ട്രാർമാരും.**

10. (1) കേന്ദ്രഗവൺമെൻറ് ഒരു പകർപ്പവകാശ രജിസ്ട്രാരെ നിയമിക്കേണ്ടതും, അതിന് ഒന്നോ അതിലധികമോ പകർപ്പവകാശ ഡെപ്യൂട്ടി രജിസ്ട്രാർമാരെ നിയമിക്കാവുന്നതുമാണ്.

(2) ഒരു പകർപ്പവകാശ ഡെപ്യൂട്ടി രജിസ്ട്രാർ, പകർപ്പവകാശ രജിസ്ട്രാറുടെ മേലന്വേഷണത്തിനും നിദേശത്തിനും കീഴിൽ, അതതു സമയം രജിസ്ട്രാർ അയാൾക്ക് തിരിച്ചുകൊടുക്കാവുന്ന ഈ ആക്റ്റിൻകീഴിലുള്ള രജിസ്ട്രാറുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, അങ്ങനെയുള്ള ഏതെങ്കിലും കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോൾ, ഈ ആക്റ്റിൽ പകർപ്പവകാശ രജിസ്ട്രാറെ കുറിച്ചുള്ള ഏതെങ്കിലും പരാമർശത്തിൽ പകർപ്പവകാശഡെപ്യൂട്ടി രജിസ്ട്രാറെ കുറിച്ചുള്ള പരാമർശം ഉൾപ്പെടുന്നതുമാകുന്നു.

**പകർപ്പവകാശ ബോർഡ്.**

11. (1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം ആകാവുന്നത്രവേഗത്തിൽ, പകർപ്പവകാശ ബോർഡെന്ന്പേരോടുകൂടിയ ഒരു ബോർഡ് കേന്ദ്രഗവൺമെന്റ് രൂപീകരിക്കേണ്ടതും, അതിൽ ഒരു ചെയർമാനും രണ്ടിൽകുറയാതെയും എട്ടിൽ കൂടാതെയുമുള്ള മററ് അംഗങ്ങളും അടങ്ങിയിരിക്കേണ്ടതുമാകുന്നു.

(2) പകർപ്പവകാശബോർഡിലെ ചെയർമാനും മററംഗങ്ങളും; നിർണ്ണയിക്കാവുന്ന കാലത്തേയ്ക്കും അങ്ങനെയുള്ള വ്യവസ്ഥകളിൻമേലും ഉപാധികളിൻമേലും ഉദ്യോഗം വഹിക്കേണ്ടതാകുന്നു.

(3) പകർപ്പവകാശബോർഡിന്റെ ചെയർമാൻ സുപ്രീം കോടതിയിലെയോ ഒരു ഹൈക്കോടതിയിലേയോ ഒരു ജഡ്ജിയോ ജഡ്ജി ആയിരിക്കുകയോ ആയിരുന്നിട്ടുള്ളതോ ആയ ആളോ അല്ലെങ്കിൽ ഒരു ഹൈക്കോടതി ജഡ്ജി ആയി നിയമിക്കപ്പെടാൻ യോഗ്യത ഉള്ള ആളോ ആയിരിക്കേണ്ടതാകുന്നു.

(4) പകർപ്പവകാശരജിസ്ട്രാർ പകർപ്പവകാശബോർഡിന്റെ സെക്രട്ടറി ആയിരിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതു മാകുന്നു.

**പകർപ്പവകാശ ബോർഡിന്റെ അധികാരങ്ങളും നടപടിക്രമവും.**

12. (1) പകർപ്പവകാശബോർഡിന്, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, അതിന്റെ ഉപവേശന സ്ഥലങ്ങളും സമയങ്ങളും നിജപ്പെടുത്തുന്നത് ഉൾപ്പെടെ, അതിന്റെ സ്വന്തം നടപടിക്രമം ക്രമപ്പെടുത്തുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ് :

എന്നാൽ പകർപ്പവകാശബോർഡ് സാധാരണമായി, ഈ ആക്റ്റിൻകീഴിൽ അതിനുമുമ്പാകെ ആരംഭിച്ചിട്ടുള്ള ഏതെങ്കിലും നടപടി, ആ നടപടി ആരംഭിച്ച സമയം, നടപടി ആരംഭിച്ച ആൾ യഥാർത്ഥമായും സ്വമേധയായും താമസിക്കുകയോ, ബിസിനസ് നടത്തുകയോ അല്ലെങ്കിൽ ആദായത്തിനായി നേരിട്ട് ജോലി ചെയ്യുകയോ ചെയ്യുന്ന മേഖലയിൽ വച്ച് കേൾക്കേണ്ടതാകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിൽ ''മേഖല'' എന്നാൽ സ്റ്റേററുപുന:സംഘടന ആക്റ്റ്, 1956, 15-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു മേഖല എന്നർത്ഥമാകുന്നു.

(2) പകർപ്പവകാശബോർഡിന്, പകർപ്പവകാശബോർഡ് ചെയർമാൻ അതിലെ അംഗങ്ങളിൽനിന്ന് രൂപീകരിക്കുന്നതും, ഓരോബെഞ്ചിലും മൂന്നിൽ കുറയാതെ അംഗങ്ങൾ അടങ്ങിയിട്ടുള്ളതുമായ ബെഞ്ചുകളിലൂടെ അതിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും പ്രയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യാവുന്നതാകുന്നു.

(3) ഈ ആക്റ്റിൻ കീഴിൽ തീരുമാനത്തിന് അതിന്റെ മുമ്പാകെ ഏതെങ്കിലും സംഗതി സംബന്ധിച്ച് പകർപ്പവകാശബോർഡിലേയോ അതിലെ ഏതെങ്കിലും ബെഞ്ചിലേയോ അംഗങ്ങൾക്കിടയിൽ ഏതെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ, ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതാകുന്നു :

എന്നാൽ അങ്ങനെയുള്ള ഭൂരിപക്ഷം ഇല്ലാത്തിടത്ത്—

(i) ആ സംഗതി കേട്ട അംഗങ്ങളിൽ ഒരാൾ ചെയർമാൻ ആയിരുന്നുവെങ്കിൽ ചെയർമാന്റെ അഭിപ്രായത്തിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതും ;

(ii) ആ സംഗതി കേട്ട അംഗങ്ങളിൽ ഒരാൾ ചെയർമാൻ അല്ലായിരുന്നുവെങ്കിൽ, ആ സംഗതി ചെയർമാന്റെ അഭിപ്രായത്തിന് അയക്കേണ്ടതും, ആ അഭിപ്രായത്തിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതുമാകുന്നു.

(4) പകർപ്പവകാശബോർഡിന്, 74-ാം വകുപ്പിനാൽ നല്കപ്പെട്ട ഏതെങ്കിലും അധികാരങ്ങൾ പ്രയോഗിക്കുന്നതിന് അതിന്റെ ഏതെങ്കിലും അംഗങ്ങളെ അധികാരപ്പെടുത്താവുന്നതും, അപ്രകാരം പ്രാധികാരപ്പെടുത്തപ്പെട്ട അംഗം ആ അധികാരങ്ങൾ പ്രയോഗിച്ച് പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവോ, ചെയ്ത ഏതെങ്കിലും കൃത്യമോ, അതതുസംഗതിപോലെ, ബോർഡിന്റെ ഉത്തരവോ കൃത്യമോ ആയി കരുതപ്പെടുന്നതുമാകുന്നു.

(5) പകർപ്പവകാശബോർഡിലെ യാതൊരു അംഗവും അയാൾക്ക് വ്യക്തിപരമായ താല്പര്യമുള്ള ഏതെങ്കിലും സംഗതി സംബന്ധിച്ച് ബോർഡിന്റെ മുമ്പാകെയുള്ള ഏതെങ്കിലും നടപടികളിൽ പങ്കെടുക്കാൻ പാടുള്ളതല്ല.

(6) ഈ ആക്റ്റിൻകീഴിൽ പകർപ്പവകാശബോർഡു ചെയ്തിട്ടുള്ള യാതൊരു കൃത്യമോ അല്ലെങ്കിൽ എടുത്തിട്ടുള്ള യാതൊരു നടപടിയോ, ബോർഡിൽ ഏതെങ്കിലും ഒഴിവോ അല്ലെങ്കിൽ അതിന്റെ ഘടനയിൽ ഏതെങ്കിലും ന്യൂനതയോ ഉണ്ടായിരുന്നുവെന്ന കാരണത്തിൻമേൽ മാത്രം ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

(7) ക്രിമിനൽ നടപടി നിയമസംഹിത. 1898-ലെ 480-ം, 482-ം വകുപ്പുകളുടെ ആവശ്യങ്ങൾക്ക്, പകർപ്പവകാശബോർഡിനെ ഒരു സിവിൽക്കോടതിയായി കരുതേണ്ടതും, ഇൻഡ്യൻ ശിക്ഷാനിയമസംഹിത 193-ം 228-ം വകുപ്പുകളുടെ അർത്ഥത്തിൽ ബോർഡിന്റെ മുമ്പാകെയുള്ള എല്ലാനടപടികളും നീതിന്യായ നടപടികളായി കരുതേണ്ടതുമാകുന്നു.

## അദ്ധ്യായം III

## പകർപ്പവകാശം

പകർപ്പവകാശം നിലവിലുള്ള കൃതികൾ.

13. (1) ഈ വകുപ്പിലെ വ്യവസ്ഥകൾക്കും ഈ ആക്ററിലെ മററു വ്യവസ്ഥകൾക്കുംവിധേയമായി, താഴെപറയുന്ന വിഭാഗങ്ങളിൽപ്പെട്ട കൃതികൾക്ക് ഇൻഡ്യ ഒട്ടാകെ പകർപ്പവകാശം നിലവിലുണ്ടായിരിക്കുന്നതാണ്, അതായത്,—

(ക) സാഹിത്യപരവും, നാടകപരവും, സംഗീതപരവും, കലാപരവുമായ അസ്സൽ കൃതികൾ;

(ഖ) ചലച്ചിത്ര ഫിലിമുകൾ;

(ഗ) റിക്കാർഡുകൾ;

(2) 40-ാം വകുപ്പിലേയോ 41-ാം വകുപ്പിലേയോ വ്യവസ്ഥകൾ ബാധകമാകുന്ന ഒരു കൃതിക്ക് അല്ലാതെ, (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും കൃതിക്ക്,—

(i) പ്രസിദ്ധപ്പെടുത്തിയ ഒരു കൃതിയുടെ സംഗതിയിൽ, കൃതി ആദ്യമായി ഇൻഡ്യയ്ക്കകത്ത് പ്രസിദ്ധപ്പെടുത്തിയിരിക്കുകയോ, അല്ലെങ്കിൽ കൃതി ആദ്യമായി ഇൻഡ്യയ്ക്കു പുറത്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള പ്രസിദ്ധീകരണത്തിന്റെ സമയത്തോ അല്ലെങ്കിൽ ആ തീയതിയിൽ ഗ്രന്ഥകർത്താവ് മരിച്ചുപോയ സംഗതിയിൽ അയാളുടെ മരണസമയത്തോ ഇൻഡ്യയിലെ ഒരു പൗരനോ ആയിരിക്കുകയും;

(ii) "ഒരു ശില്പകലാസൃഷ്ടിയല്ലാത്ത പ്രസിദ്ധീകരിക്കാത്ത ഒരു കൃതിയുടെ സംഗതിയിൽ ഗ്രന്ഥകർത്താവ് കൃതി രചിച്ച തീയതിയിൽ ഒരു ഇൻഡ്യൻ പൗരനോ ഇൻഡ്യയിൽ അധിവസിക്കുന്നവനോ ആയിരിക്കുകയും."

(iii) ഒരു ശില്പകലാസൃഷ്ടിയുടെ സംഗതിയിൽ കൃതി ഇൻഡ്യയ്ക്കകത്ത് സ്ഥിതിചെയ്യുകയും;

ചെയ്യാത്തപക്ഷം, പകർപ്പവകാശം നിലവിലുണ്ടായിരിക്കുന്നതല്ല.

വിശദീകരണം:—കൂട്ടുഗ്രന്ഥകർത്തൃത്വമുള്ള കൃതിയുടെ സംഗതിയിൽ, പകർപ്പവകാശം നൽകുന്നതിന് ഈ ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾ കൃതിയുടെ എല്ലാ ഗ്രന്ഥകർത്താക്കളും നിറവേററേണ്ടതാകുന്നു.

(3) പകർപ്പവകാശം.—

(ക) ഏതെങ്കിലും ചലച്ചിത്രഫിലിമിന്റെ ഒരു സാരമായ ഭാഗം മറേറതെങ്കിലും കൃതിയുടെ ഒരു പകർപ്പവകാശലംഘനമാണെങ്കിൽ, ആ ചലച്ചിത്രഫിലിമിനും;

(ഖ) സാഹിത്യ നാടക സംഗീതകൃതി സംബന്ധിച്ച് നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും റിക്കാർഡിൽ, അത് നിർമ്മിക്കുന്നതിൽ അങ്ങനെയുള്ള കൃതിയുടെ പകർപ്പവകാശം ലംഘിച്ചിട്ടുള്ളപക്ഷം, ആ റിക്കാർഡിനും, നിലവിലുണ്ടായിരിക്കുന്നതല്ല.

(4) ഒരു ചലച്ചിത്രഫിലിമിലോ, റിക്കാർഡിലോ, ഉള്ള പകർപ്പവകാശം, ഏതു് കൃതി സംബന്ധിച്ചോ അല്ലെങ്കിൽ ഏതു് കൃതിയുടെ ഒരു സാരമായ ഭാഗം സംബന്ധിച്ചോ ആണ്, അതത് സംഗതിപോലെ, ആ ഫിലിമോ റിക്കാർഡോ നിർമ്മിച്ചിട്ടുള്ളത് അങ്ങനെ ഉള്ള ഏതെങ്കിലും കൃതിയുടെ പ്രത്യേക പകർപ്പവകാശത്തെ ബാധിക്കുന്നതല്ല

(5) ഒരു ശില്പകലാസൃഷ്ടിയുടെ സംഗതിയിൽ, പകർപ്പവകാശം അതിന്റെ കലാപരമായ സ്വഭാവത്തിലും രൂപമാതൃകയിലും മാത്രം നിലവിലിരിക്കുന്നതും, നിർമ്മാണത്തിന്റെ പ്രക്രിയകളിലോ രീതികളിലോ അത് വ്യാപിക്കുന്നതല്ലാത്തതുമാകുന്നു.

പകർപ്പവകാശത്തിന്റെ അർത്ഥം.

14. (1) ഈ ആക്ററിലെ ആവശ്യങ്ങൾക്ക്, "പകർപ്പവകാശം" എന്നാൽ, ഈ ആക്ററ് ഹേതുവായും അതിലെ വ്യവസ്ഥകൾക്ക് വിധേയമായും,—

(ക) സാഹിത്യ നാടക സംഗീത കൃതിയുടെ, സംഗതിയിൽ, താഴെപറയുന്ന പ്രവർത്തനങ്ങളിൽ ഏതെങ്കിലും നടത്തുകയോ നടത്തുന്നതിന് അധികാരപ്പെടുത്തുകയോ ചെയ്യുന്നതിനും അതായത്:—

(i) കൃതി ഏതെങ്കിലും സാരവത്തായ രൂപത്തിൽ പുനരുല്പാദിപ്പിക്കുക;

(ii) കൃതി പ്രസിദ്ധപ്പെടുത്തുക;

(iii) കൃതി പരസ്യമായി പ്രകടിപ്പിക്കുക;

(iv) കൃതിയുടെ ഏതെങ്കിലും പരിഭാഷ ഉൽപാദിപ്പിക്കുകയോ, പുനരുല്പാദിപ്പിക്കുകയോ, പ്രകടിപ്പിക്കുകയോ അല്ലെങ്കിൽ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുക;

(v) കൃതി സംബന്ധിച്ച് ഏതെങ്കിലും ചലച്ചിത്രഫിലിമോ ഒരു റിക്കാർഡോ നിർമ്മിക്കുക;

(vi) കൃതി റേഡിയോ പ്രസാരണംവഴി അറിയിക്കുകയോ അല്ലെങ്കിൽ കൃതിയുടെ റേഡിയോ പ്രസാരണം ഒരു ഉച്ചഭാഷണിയോ അതുപോലുള്ള മറേറതെങ്കിലും ഉപകരണമോവഴി പൊതുജനങ്ങളെ അറിയിക്കുകയോ ചെയ്യുക;

(vii) കൃതിയുടെ ഏതെങ്കിലും അനുയോജനം ഉണ്ടാക്കുക;

(viii) കൃതിയുടെ ഒരു പരിഭാഷയോ ഒരു അനുയോജനമോ സംബന്ധിച്ച്, (I) മുതൽ (vi) വരെ ഖണ്ഡങ്ങളിൽ ആ കൃതിസംബന്ധിച്ച് വിനിർദ്ദേശിക്കുന്ന ഏതെങ്കിലും കൃത്യങ്ങൾ ചെയ്യുക;

(ഖ) ഒരു കലാസൃഷ്ടിയുടെ സംഗതിയിൽ, താഴെപറയുന്ന കൃത്യങ്ങളിൽ ഏതെങ്കിലും ചെയ്യുകയോ, ചെയ്യാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്നതിനും, അതായത്:—

(i) കൃതി ഏതെങ്കിലും സാരവത്തായ രൂപത്തിൽ പുനരുല്പാദിപ്പിക്കുക;

(ii) കൃതി പ്രസിദ്ധീകരിക്കുക;

(iii) കൃതി ഏതെങ്കിലും ചലച്ചിത്ര ഫിലിമിൽ ഉൾപ്പെടുത്തുക;

(iv) കൃതിയുടെ ഏതെങ്കിലും അനുയോജനം ഉണ്ടാക്കുക;

(v) കൃതിയുടെ ഒരു അനുയോജനം സംബന്ധിച്ച് (i) മുതൽ (ii) വരെ ഖണ്ഡങ്ങളിൽ ആ കൃതി സംബന്ധിച്ച് വിനിർദ്ദേശിക്കുന്ന ഏതെങ്കിലും കൃത്യങ്ങൾ ചെയ്യുക;

(ഗ) ഒരു ചലച്ചിത്ര ഫിലിമിന്റെ സംഗതിയിൽ, താഴെപറയുന്ന കൃത്യങ്ങളിൽ ഏതെങ്കിലും ചെയ്യുകയോ ചെയ്യാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്നതിനും, അതായത്:—

(i) ഫിലിമിന്റെ ഒരു പകർപ്പ് നിർമ്മിക്കുക;

(ii) ഫിലിം, ദൃശ്യപ്രതിരൂപങ്ങൾ അതിൽ അടങ്ങിയിരിക്കുന്നിടത്തോളം, പരസ്യമായി കാണുന്നതിനും ശബ്ദങ്ങൾ അതിൽ അടങ്ങിയിരിക്കുന്നിടത്തോളം പരസ്യമായി കേൾക്കുന്നതിനും ഇടയാക്കുക;

(iii) ഫിലിമിനോടു ബന്ധപ്പെട്ട ശബ്ദരേഖയുടെ ഏതെങ്കിലും ഭാഗത്തുള്ള റിക്കാർഡിംഗ് ഉൾക്കൊള്ളുന്ന ഏതെങ്കിലും റിക്കാർഡ് അങ്ങനെയുള്ള ശബ്ദരേഖ ഉപയോഗിച്ചുകൊണ്ടുതന്നെ തയ്യാറാക്കുക;

(iv) ഫിലിം റേഡിയോ പ്രസാരണംവഴി അറിയിക്കുക;

(ഘ) ഒരു റിക്കാർഡിന്റെ സംഗതിയിൽ, ആ റിക്കാർഡ് ഉപയോഗപ്പെടുത്തുന്നതുവഴി, താഴെപറയുന്ന കൃത്യങ്ങളിൽ ഏതെങ്കിലും ചെയ്യുകയോ ചെയ്യാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്നതിനും, അതായത്.—

(i) അതേ റിക്കാർഡിംഗ് ഉൾക്കൊള്ളുന്ന മറേറതെങ്കിലും റിക്കാർഡ് ഉണ്ടാക്കുക;

(ii) റിക്കാർഡിൽ ഉൾക്കൊള്ളിച്ചിട്ടുള്ള റിക്കാർഡിംഗ് പരസ്യമായി കേൾക്കുന്നതിന് ഇടയാക്കുക;

(iii) റിക്കാർഡിൽ ഉൾക്കൊള്ളിച്ചിട്ടുള്ള റിക്കാർഡിംഗ് റേഡിയോ പ്രസാരണംവഴി അറിയിക്കുക;

ഉള്ള അനന്യമായ അവകാശം എന്നർത്ഥമാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ ഒരു കൃതിയോ, അതിന്റെ ഒരു പരിഭാഷയോ അല്ലെങ്കിൽ ഒരു അനുയോജനമോ സംബന്ധിച്ച ഏതെങ്കിലും കൃത്യം ചെയ്യുന്നതിനെക്കുറിച്ചുള്ള പരാമർശത്തിൽ അതിന്റെ ഒരു ഗണ്യമായ ഭാഗം സംബന്ധിച്ച് ചെയ്യുന്ന ആ കൃത്യത്തിന്റെ പരാമർശം ഉൾപ്പെടുന്നതാകുന്നു.

15. (1) പകർപ്പവകാശം, ഇൻഡ്യൻ പേററൻറുകളും ഡിസയിനുകളും ആക്റ്റ്, 1911-ൻ കീഴിൽ (1911-ലെ 2) രജിസ്റ്ററർ ചെയ്ത ഏതെങ്കിലും രൂപമാതൃകയിൽ ഈ ആക്റ്റിൻകീഴിൽ നിലവിലുണ്ടായിരിക്കുന്നതല്ല.

(2) ഇൻഡ്യൻ പേററൻറുകളും ഡിസയിനുകളും ആക്റ്റ്, 1911-ൻ കീഴിൽ രജിസ്റ്ററർ ചെയ്യാൻ കഴിയുന്നതും എന്നാൽ അപ്രകാരം രജിസ്റ്ററർ ചെയ്തിട്ടില്ലാത്തതുമായ ഏതെങ്കിലും രൂപമാതൃകയിലുള്ള പകർപ്പവകാശം, ആ രൂപമാതൃക ഉപയോഗിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സാധനം, ആ പകർപ്പവകാശ ഉടമയോ അല്ലെങ്കിൽ അയാളുടെ ലൈസൻസോടുകൂടി മറേറതെങ്കിലും ആളോ ഒരു വ്യാവസായിക പ്രക്രിയവഴി അൻപതിൽകൂടുതൽ പ്രാവശ്യം പ്രത്യുല്പാദനം ചെയ്താലുടൻ ഇല്ലാതായിത്തീരുന്നതാകുന്നു.

ഇൻഡ്യൻപേററൻറുകളുംഡിസയിനുകളും ആക്റ്റ്, 1911-ൻ കീഴിൽ രജിസ്റ്ററർചെയ്തതോ അല്ലെങ്കിൽ രജിസ്റ്ററർചെയ്യാൻ കഴിയുന്നതോ ആയ രൂപമാതൃകകളിലുള്ള പകർപ്പവകാശം സംബന്ധിച്ച പ്രത്യേകവ്യവസ്ഥ.
(1911-ലെ 2)

16 പ്രസിദ്ധപ്പെടുത്തിയതോ പ്രസിദ്ധപ്പെടുത്താത്തതോ ആയാലും ഏതെങ്കിലും കൃതിയിൽ ഈ ആക്റ്റിലേയോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലേയോ വ്യവസ്ഥകൾക്കുകീഴിലും അവയ്ക്കനുസൃതമായും അല്ലാതെ യാതൊരാൾക്കും പകർപ്പവകാശത്തിനോ അതുപോലുള്ള ഏതെങ്കിലും അവകാശത്തിനോ അവകാശമുണ്ടായിരിക്കുന്നതല്ലാത്തതും, എന്നാൽ, ഈ വകുപ്പിലുള്ള യാതൊന്നും ഒരു ട്രസ്ററിന്റെയോ വിശ്വാസത്തിന്റെയോ ലംഘനത്തെ തടയുന്നതിനുള്ള ഏതെങ്കിലും അവകാശത്തേയോ അധികാരിതയേയോ നിരാകരിക്കുന്നതായി അർത്ഥം കൽപ്പിക്കാൻ പാടില്ലാത്തതുമാകുന്നു.

ഈ ആക്റ്റിൽ വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരമൊഴികെ പകർപ്പവകാശമില്ലെന്ന്.

## അദ്ധ്യായം IV

## പകർപ്പവകാശത്തിൻെറ ഉടമസ്ഥതയും ഉടമസ്ഥൻെറ അവകാശങ്ങളും

**പകർപ്പവകാശത്തിൻെറ ആദ്യ ഉടമസ്ഥൻ.**

17. ഈ ആക്ററിലെ വ്യവസ്ഥകൾക്കു വിധേയമായി, ഒരു കൃതിയുടെ ഗ്രന്ഥകർത്താവ്, അതിലുള്ള പകർപ്പവകാശത്തിൻെറ ആദ്യ ഉടമസ്ഥനായിരിക്കുന്നതാണ്;

എന്നാൽ.—

(ക) ഒരു വർത്തമാനപത്രത്തിൻേറയോ, മാസികയുടേയോ അല്ലെങ്കിൽ അതുപോലുള്ള ആനുകാലിക പ്രസിദ്ധീകരണത്തിൻേറയോ ഉടമസ്ഥനാലുള്ള നിയോജനവേളയിൽ ഒരു ഗ്രന്ഥകർത്താവ് സേവനമോ പരിശീലനമോ സംബന്ധിച്ച കരാറിൻകീഴിൽ, ഒരു വർത്തമാനപത്രത്തിലോ മാസികയിലോ അല്ലെങ്കിൽ അതുപോലുള്ള ആനുകാലിക പ്രസിദ്ധീകരണത്തിലോ പ്രസിദ്ധപ്പെടുത്തുന്ന ആവശ്യത്തിന് നിർമ്മിച്ചിട്ടുള്ള സാഹിത്യപരമോ, നാടകപരമോ അല്ലെങ്കിൽ കലാപരമോ ആയ ഒരു കൃതിയുടെ സംഗതിയിൽ, മുൻപറഞ്ഞ ഉടമസ്ഥൻ, വിപരീതമായ ഏതെങ്കിലും കരാറിൻെറ അഭാവത്തിൽ, പകർപ്പവകാശം, ഏതെങ്കിലും വർത്തമാനപത്രത്തിലോ, മാസികയിലോ, അല്ലെങ്കിൽ അതുപോലുള്ള ആനുകാലികപ്രസിദ്ധീകരണത്തിലോ ഉള്ള കൃതിയുടെ പ്രസിദ്ധീകരണമോ അതു അപ്രകാരം പ്രസിദ്ധപ്പെടുത്തുന്ന ആവശ്യത്തിനുവേണ്ടിയുള്ള കൃതിയുടെ പ്രത്യുല്പാദനമോ സംബന്ധിക്കുന്നിടത്തോളം കൃതിയിലുള്ള പകർപ്പവകാശത്തിൻെറ ആദ്യ ഉടമസ്ഥനായിരിക്കുന്നതും, എന്നാൽ മററെല്ലാവിധത്തിലും ഗ്രന്ഥകർത്താവ്, ആ കൃതിയിലുള്ള പകർപ്പവകാശത്തിൻെറ ആദ്യ ഉടമസ്ഥനായിരിക്കുന്നതുമാകുന്നു.

(ഖ) (ക) ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഏതെങ്കിലും ആളിൻെറ ആവശ്യപ്രകാരമുള്ള പ്രതിഫലത്തിനായി എടുത്ത ഒരു ഫോട്ടോയുടേയോ വരച്ച വർണ്ണ ചിത്രത്തിൻേറയോ ഛായാപടത്തിൻേറയോ, അല്ലെങ്കിൽ നിർമ്മിച്ച കൊത്തുപണിയുടേയോ, ചലച്ചിത്ര ഫിലിമിൻേറയോ സംഗതിയിൽ, വിപരീതമായ ഏതെങ്കിലും കരാറിൻെറ അഭാവത്തിൽ, അങ്ങനെയുള്ള ആൾ അതിലുള്ള പകർപ്പവകാശത്തിൻെറ ആദ്യ ഉടമയായിരിക്കുന്നതാകുന്നു.

(ഗ) (ക) ഖണ്ഡമോ (ഖ) ഖണ്ഡമോ ബാധകമാകാത്ത സേവനമോ പരിശീലനമോ സംബന്ധിച്ച കരാറിൻകീഴിൽ ഗ്രന്ഥകർത്താവിൻെറ നിയോജനവേളയിൽ നിർമ്മിച്ച ഒരു കൃതിയുടെ സംഗതിയിൽ, നിയോജകൻ, വിപരീതമായ ഏതെങ്കിലും കരാറിൻെറ അഭാവത്തിൽ, അതിലുള്ള പകർപ്പവകാശത്തിൻെറ ആദ്യ ഉടമസ്ഥനായിരിക്കുന്നതാകുന്നു.

(ഘ) ഗവൺമെൻറ് കൃതിയുടെ സംഗതിയിൽ, വിപരീതമായ ഏതെങ്കിലും ഉടമ്പടിയുടെ അഭാവത്തിൽ, ഗവൺമെൻറ് അതിലുള്ള പകർപ്പവകാശത്തിൻെറ ആദ്യ ഉടമസ്ഥനായിരിക്കുന്നതാകുന്നു.

(ങ) 41-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഒരു കൃതിയുടെ സംഗതിയിൽ, ബന്ധപ്പെട്ട അന്താരാഷ്ട്ര സംഘടന അതിലുള്ള പകർപ്പവകാശത്തിൻെറ ആദ്യത്തെ ഉടമസ്ഥനായിരിക്കുന്നതാകുന്നു.

**പകർപ്പവകാശം തീറു കൊടുക്കൽ.**

18. (1) നിലവിലുള്ള ഒരു കൃതിയുടെ പകർപ്പവകാശത്തിൻെറ ഉടമസ്ഥനോ അല്ലെങ്കിൽ ഭാവികാല കൃതിയുടെ പകർപ്പവകാശത്തിൻെറ ഭാവി ഉടമസ്ഥനോ, പകർപ്പവകാശം മുഴുവനായോ ഭാഗികമായോ ആയും, പൊതുവായോ, സോപാധികമായോ ആയും പകർപ്പവകാശത്തിൻെറ മുഴുവൻ കാലത്തേക്കോ ഏതാനും കാലത്തേക്കോ ആയും ഏതെങ്കിലും ആൾക്ക് തീറു കൊടുക്കാവുന്നതാകുന്നു:

എന്നാൽ ഏതെങ്കിലും ഭാവി കൃതിയുടെ പകർപ്പവകാശം തീറുകൊടുക്കുന്ന സംഗതിയിൽ, കൃതി നിലവിൽ വരുമ്പോൾ മാത്രം തീറു പ്രാബല്യത്തിൽ വരുന്നതാകുന്നു.

(2) പകർപ്പവകാശത്തിൻെറ തീറുകാരൻ ആ പകർപ്പവകാശത്തിൽപ്പെട്ട ഏതെങ്കിലും അവകാശത്തിന് അവകാശമുള്ളതായിത്തിരുന്നിടത്ത്, അപ്രകാരം തീറുകൊടുത്ത അവകാശങ്ങൾ സംബന്ധിച്ച് തീറുകാരനേയും തീറുകൊടുക്കാത്ത അവകാശങ്ങൾ സംബന്ധിച്ച് തീറുകൊടുക്കുന്ന ആളേയും ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് പകർപ്പവകാശത്തിൻെറ ഉടമസ്ഥനായി കരുതേണ്ടതും ഈ ആക്ററിലെ വ്യവസ്ഥകൾക്ക്, അതനുസരിച്ച് പ്രഭാവം ഉണ്ടായിരിക്കുന്നതുമാകുന്നു.

(3) ഈ വകുപ്പിൽ ''തീറുകാരൻ'' എന്ന പദപ്രയോഗത്തിൽ, ഭാവിയിലുള്ള ഏതെങ്കിലും കൃതിയുടെ പകർപ്പവകാശം തീറുകൊടുക്കുന്നതു സംബന്ധിച്ച് തീറുകാരൻ, കൃതി നിലവിൽ വരുന്നതിന് മുൻപ് മരിച്ചുപോവുകയാണെങ്കിൽ, തീറുകാരൻെറ നിയമാനുസൃത പ്രതിനിധികൾ ഉൾപ്പെടുന്നതാകുന്നു.

**തീറു കൊടുക്കുന്ന രീതി.**

19. ഏതെങ്കിലും കൃതിയുടെ പകർപ്പവകാശത്തിൻെറ യാതൊരു തീറും, തീറുകാരനോ അല്ലെങ്കിൽ അയാൾ യഥാവിധി പ്രാധികാരപ്പെടുത്തുന്ന ഏജൻേറാ എഴുതി ഒപ്പിടാത്തപക്ഷം സാധുവായിരിക്കുന്നതല്ല.

20. ഒരു ഒസ്യത്തിൻകീഴിൽ ഒരാൾക്ക്, സാഹിത്യനാടക സംഗീത കൃതിയുടേയോ അല്ലെങ്കിൽ കലാപരമായ കൃതിയുടേയോ കൈയെഴുത്തു പ്രതിയ്ക്ക് അവകാശം ഉണ്ടായിരിക്കുകയും മരണപത്ര കർത്താവിന്റെ മരണത്തിനുമുമ്പ് ആ കൃതി പ്രസിദ്ധപ്പെടുത്താതിരിക്കുകയും ചെയ്യുന്നിടത്ത്, മരണപത്രത്തിലോ അതിനോട് ചേർന്ന ഏതെങ്കിലും കോഡിസിലിലോ, വിപരീതമായ ഉദ്ദേശം സൂചിപ്പിക്കാത്തപക്ഷം, ഒസ്യത്തിന്, മരണപത്രകർത്താവ് അയാളുടെ മരണത്തിന് തൊട്ടുമുമ്പ് പകർപ്പവകാശത്തിന്റെ ഉടമസ്ഥനായിരുന്നിടത്തോളം കൃതിയിലുള്ള പകർപ്പവകാശം ഉൾപ്പെടുന്നതായി അർത്ഥം കല്പിക്കേണ്ടതാകുന്നു.

കൈയെഴുത്തു പ്രതിയിലുള്ള പകർപ്പവകാശം മരണശാസനപ്രകാരമുള്ള വ്യയനം വഴി കൊടുക്കൽ.

വിശദീകരണം.—ഈ വകുപ്പിൽ "കൈയെഴുത്തുപ്രതി" എന്ന പദപ്രയോഗത്തിന് കൈകൊണ്ട് എഴുതിയതോ അല്ലാത്തതോ ആയാലും കൃതി ഉൾക്കൊള്ളുന്ന ആദ്യരേഖ എന്നർത്ഥമാകുന്നു.

21. (1) ഒരു കൃതിയുടെ ഗ്രന്ഥകർത്താവിന് പകർപ്പവകാശ രജിസ്ട്രാർക്ക് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ, നോട്ടീസ് നല്കികൊണ്ട് കൃതിയുടെ പകർപ്പവകാശത്തിൽ അടങ്ങിയിരിക്കുന്ന അവകാശങ്ങൾ എല്ലാമോ ഏതെങ്കിലുമോ ഉപേക്ഷിക്കാവുന്നതും അതോടെ അങ്ങനെയുള്ള അവകാശങ്ങൾ (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, നോട്ടീസിന്റെ തീയതി മുതൽ നിലവിലില്ലാതായിത്തീരുന്നതുമാകുന്നു.

പകർപ്പവകാശം ഉപേക്ഷിക്കുന്നതിന് ഗ്രന്ഥകർത്താവിനുള്ള അവകാശം.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു നോട്ടീസ് ലഭിക്കുന്നതിൻമേൽ പകർപ്പവകാശ രജിസ്ട്രാർ, ഔദ്യോഗികഗസററിലും അയാൾക്ക് യുക്തമെന്ന് തോന്നാവുന്ന മററു രീതിയിലും അതു പ്രസിദ്ധം ചെയ്യിക്കേണ്ടതാകുന്നു.

(3) ഒരു കൃതിയിലുള്ള പകർപ്പവകാശത്തിൽപ്പെട്ട അവകാശങ്ങൾ എല്ലാമോ ഏതെങ്കിലുമോ ഉപേക്ഷിക്കുന്നത് (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന നോട്ടീസിന്റെ തീയതിയിൽ ഏതെങ്കിലും ആൾക്ക് അനുകൂലമായി നിലവിലുള്ള ഏതെങ്കിലും അവകാശങ്ങളെ ബാധിക്കുന്നതല്ലാത്തതാകുന്നു.

## അദ്ധ്യായം V

## പകർപ്പവകാശത്തിന്റെ കാലാവധി

22. ഇതിനുശേഷം മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഗ്രന്ഥകർത്താവിന്റെ ജീവിതകാലത്ത് പ്രസിദ്ധപ്പെടുത്തിയ ഏതെങ്കിലും സാഹിത്യ, നാടക, സംഗീത, (ഫോട്ടോ അല്ലാത്ത) കലാകൃതിയുടെ പകർപ്പവകാശം, ഗ്രന്ഥകർത്താവ് മരിക്കുന്ന വർഷത്തിന് തൊട്ടടുത്തുവരുന്ന കലണ്ടർവർഷാരംഭം മുതൽ അൻപതുവർഷംവരെ നിലവിലിരിക്കുന്നതാകുന്നു.

പ്രസിദ്ധപ്പെടുത്തിയ സാഹിത്യ നാടക സംഗീത കലാകൃതികളുടെ പകർപ്പവകാശത്തിന്റെ കാലാവധി.

വിശദീകരണം.—ഈ വകുപ്പിൽ ഗ്രന്ഥകർത്താവിനെക്കുറിച്ചുള്ള പരാമർശം, കൂട്ടുഗ്രന്ഥകർത്തൃത്വമുള്ള കൃതിയുടെ സംഗതിയിൽ, ഒടുവിൽ മരിക്കുന്ന ഗ്രന്ഥകർത്താവിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കേണ്ടതാകുന്നു.

23. (1) അജ്ഞാതനാമത്തിലോ തൂലികാനാമത്തിലോ പ്രസിദ്ധപ്പെടുത്തിയ സാഹിത്യനാടക സംഗീത (ഫോട്ടോ അല്ലാത്ത) കലാകൃതിയുടെ സംഗതിയിൽ പകർപ്പവകാശം, കൃതി ആദ്യമായി പ്രസിദ്ധപ്പെടുത്തിയ വർഷത്തിനു തൊട്ടടുത്ത കലണ്ടർവർഷാരംഭം മുതൽ അൻപതുവർഷംവരെ നിലനില്ക്കുന്നതാകുന്നു:

അജ്ഞാതനാമത്തിലോ തൂലികാനാമത്തിലോ ഉള്ള കൃതിയുടെ പകർപ്പവകാശത്തിന്റെ കാലാവധി

എന്നാൽ ഗ്രന്ഥകർത്താവിന്റെ അനന്യത മുൻപറഞ്ഞ കാലാവധി അവസാനിക്കുന്നതിനുമുമ്പ് വെളിപ്പെടുത്തുന്നിടത്ത്, പകർപ്പവകാശം, ഗ്രന്ഥകർത്താവ് മരിക്കുന്ന വർഷത്തിന് തൊട്ടടുത്ത കലണ്ടർ വർഷാരംഭം മുതൽ അമ്പതുവർഷംവരെ നിലനിൽക്കുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ ഗ്രന്ഥകർത്താവിനെകുറിച്ചുള്ള പരാമർശങ്ങൾ കൂട്ടുഗ്രന്ഥകർത്തൃത്വമുള്ള അജ്ഞാതനാമകൃതിയുടെ സംഗതിയിൽ,—

(ക) ഗ്രന്ഥകർത്താക്കളിൽ ഒരാളിന്റെ അനന്യത വെളിവായിട്ടുള്ളിടത്ത്, ആ ഗ്രന്ഥകർത്താവിനെക്കുറിച്ചുള്ള പരാമർശങ്ങളായും ;

(ഖ) ഒന്നിൽ കൂടുതൽ ഗ്രന്ഥകർത്താക്കളുടെ അനന്യത വെളിവായിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഗ്രന്ഥകർത്താക്കളുടെ കൂട്ടത്തിൽനിന്ന് ഒടുവിൽ മരിക്കുന്ന ഗ്രന്ഥകർത്താവിനെക്കുറിച്ചുള്ള പരാമർശങ്ങളായും ;

അർത്ഥം കൽപിക്കേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിൽ, ഗ്രന്ഥകർത്താവിനെക്കുറിച്ചുള്ള പരാമർശങ്ങൾ കൂട്ടുഗ്രന്ഥകർത്തൃത്വമുള്ള തൂലികാനാമകൃതിയുടെ സംഗതിയിൽ,—

(ക) ഒന്നോ അതിലധികമോ പേര് (എന്നാൽ എല്ലാപേരുടെയുമല്ല) ഗ്രന്ഥകർത്താക്കളുടെ തൂലികാനാമങ്ങളായിരിക്കുകയും അയാളുടെയോ അവരുടെയോ അനന്യത വെളിവായിട്ടില്ലാതായിരിക്കുകയും ചെയ്യുന്നിടത്ത്, പേര് തൂലികനാമമല്ലായിരിക്കുന്ന ഗ്രന്ഥകർത്താവിനെക്കുറിച്ചുള്ള പരാമർശങ്ങളായോ അല്ലെങ്കിൽ രണ്ടോ അതിലധികമോ ഗ്രന്ഥകർത്താക്കളുടെ പേരുകൾ തൂലികാനാമങ്ങളല്ലെങ്കിൽ അങ്ങനെയുള്ള ഗ്രന്ഥകർത്താക്കളിൽ ഒടുവിൽ മരിക്കുന്ന ആളെക്കുറിച്ചുള്ള പരാമർശങ്ങളായോ ആയും ;

(ഖ) ഒന്നോ അതിലധികമോ (എന്നാൽ എല്ലാപേരുടെയും) ഗ്രന്ഥകർത്താക്കളുടെ പേരുകൾ കൃത്രിമതൂലികാനാമങ്ങളായിരിക്കുകയും അവരിൽ ഒന്നോ അതിലധികമോ പേരുകാരുടെ അനന്യത വെളിവായിരിക്കുകയും ചെയ്യുന്നിടത്ത്, തൂലികാനാമമല്ലാത്ത നാമമുള്ള ഗ്രന്ഥകർത്താക്കളുടേയും കൃത്രിമ പേരുകൾ തൂലികാനാമമായിരിക്കുകയും വെളിപ്പെടാതിരിക്കുകയും ചെയ്യുന്ന ഗ്രന്ഥകർത്താക്കളുടേയും ഇടയിൽനിന്ന് ഒടുവിൽ മരിക്കുന്ന ഗ്രന്ഥകർത്താവിനെക്കുറിച്ചുള്ള പരാമർശങ്ങളായും ;

(ഗ) എല്ലാ ഗ്രന്ഥകർത്താക്കളുടേയും പേരുകൾ തൂലികാനാമങ്ങളായിരിക്കുകയും അവരിൽ ഒരാളുടെ അനന്യത വെളിവായിരിക്കുകയും ചെയ്യുന്നിടത്ത്, അനന്യത വെളിവായിട്ടുള്ള ഗ്രന്ഥകർത്താവിനെക്കുറിച്ചുള്ള പരാമർശങ്ങളായോ അങ്ങനെയുള്ള രണ്ടോ അതിലധികമോ ഗ്രന്ഥകർത്താക്കളുടെ അനന്യത വെളിവായിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള ഗ്രന്ഥകർത്താക്കളിൽ ഒടുവിൽ മരിക്കുന്ന ആളിനെക്കുറിച്ചുള്ള പരാമർശങ്ങളായോ ആയും അർത്ഥം കല്പിക്കേണ്ടതാകുന്നു.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, ഗ്രന്ഥകർത്താവിന്റെ അനന്യത, ഗ്രന്ഥകർത്താവും പ്രസാധകനുംകൂടി പരസ്യമായി വെളിപ്പെടുത്തുകയോ അല്ലെങ്കിൽ ആ ഗ്രന്ഥകർത്താവ് മററു വിധത്തിൽ പകർപ്പവകാശ ബോർഡിനു ബോദ്ധ്യമാകത്തക്കവിധത്തിൽ സ്ഥാപിക്കുകയോ ചെയ്യുന്നുവെങ്കിൽ, വെളിപ്പെടുത്തിയതായി കരുതപ്പെടേണ്ടതാകുന്നു.

**മരണാനന്തര കൃതിയുടെ പകർപ്പവകാശത്തിന്റെ കാലാവധി.**

24. (1) പകർപ്പവകാശം, ഗ്രന്ഥകർത്താവിന്റെ മരണത്തീയതിയിൽ നിലവിലിരിക്കുന്ന സാഹിത്യ, നാടക, സംഗീത കൃതിയുടേയോ കൊത്തുപണിയുടേയോ സംഗതിയിലോ, ഒടുവിൽ മരിക്കുന്ന ഗ്രന്ഥകർത്താവിന്റെ മരണത്തീയതിയിലോ അതിനു തൊട്ടുമുമ്പോ കൂട്ടുഗ്രന്ഥകർത്തൃത്വമുള്ള, എന്നാൽ അതോ അതിന്റെ ഏതെങ്കിലും അനുയോജനമോ ആ തീയതിക്ക് തൊട്ടുമുമ്പ് പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത അങ്ങനെയുള്ള, ഏതെങ്കിലും കൃതിയുടെ സംഗതിയിലോ, കൃതി ആദ്യമായി പ്രസിദ്ധപ്പെടുത്തുന്ന വർഷത്തിന് തൊട്ടടുത്ത കലണ്ടർ വർഷാരംഭം മുതലോ കൃതിയുടെ അനുയോജനം അതിനുമുമ്പുള്ള ഏതെങ്കിലും വർഷത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളിടത്ത് ആ വർഷത്തിനു തൊട്ടടുത്ത കലണ്ടർ വർഷാരംഭം മുതലോ അമ്പതു വർഷംവരെ നിലവിലിരിക്കുന്നതാണ്.

(2) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, സാഹിത്യ, നാടക, സംഗീത കൃതിയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കൃതിയുടെ അനുയോജനമോ പരസ്യമായി പ്രദർശിപ്പിക്കുകയോ അല്ലെങ്കിൽ ആ കൃതി സംബന്ധിച്ച് നിർമ്മിച്ച ഏതെങ്കിലും റിക്കാർഡുകൾ പൊതുജനങ്ങൾക്ക് വില്ക്കുകയോ പൊതുജനങ്ങൾക്ക് വില്പനയ്ക്കായി വയ്ക്കുകയോ ചെയ്യുന്നുവെങ്കിൽ, അത് പ്രസിദ്ധപ്പെടുത്തിയതായി കരുതപ്പെടേണ്ടതാകുന്നു.

**ഫോട്ടോകളിലുള്ള പകർപ്പവകാശത്തിന്റെ കാലാവധി.**

25. ഒരു ഫോട്ടോയുടെ സംഗതിയിൽ, പകർപ്പവകാശം ഫോട്ടോ പ്രസിദ്ധപ്പെടുത്തുന്ന വർഷത്തിന് തൊട്ടടുത്ത കലണ്ടർവർഷാരംഭം മുതൽ അൻപതു വർഷംവരെ നിലവിലിരിക്കുന്നതാകുന്നു.

**ചലച്ചിത്ര ഫിലിമുകളിലുള്ള പകർപ്പവകാശത്തിന്റെ കാലാവധി.**

26. ഒരു ചലച്ചിത്ര ഫിലിമിന്റെ സംഗതിയിൽ, പകർപ്പവകാശം, ഫിലിം പ്രസിദ്ധപ്പെടുത്തുന്ന വർഷത്തിന് തൊട്ടടുത്ത കലണ്ടർവർഷാരംഭം മുതൽ അൻപതുവർഷംവരെ നിലവിലിരിക്കുന്നതാകുന്നു.

**റിക്കാർഡുകളിലുള്ള പകർപ്പവകാശത്തിന്റെ കാലാവധി.**

27. ഒരു റിക്കാർഡിന്റെ സംഗതിയിൽ, പകർപ്പവകാശം, റിക്കാർഡു പ്രസിദ്ധപ്പെടുത്തുന്ന വർഷത്തിന് തൊട്ടടുത്ത കലണ്ടർവർഷാരംഭം മുതൽ അൻപതു വർഷംവരെ നിലവിലിരിക്കുന്നതാകുന്നു.

**ഗവൺമെൻറു കൃതികളിലുള്ള പകർപ്പവകാശത്തിന്റെ കാലാവധി**

28. ഗവൺമെൻറ് കൃതിയുടെ സംഗതിയിൽ, ഗവൺമെൻറ് അതിലുള്ള പകർപ്പവകാശത്തിന്റെ ആദ്യ ഉടമസ്ഥനായിരിക്കുന്നിടത്ത്, പകർപ്പവകാശം, കൃതി ആദ്യമായി പ്രസിദ്ധപ്പെടുത്തുന്ന വർഷത്തിന് തൊട്ടടുത്ത കലണ്ടർ വർഷാരംഭം മുതൽ അൻപതുവർഷംവരെ നിലവിലിരിക്കുന്നതാകുന്നു.

**അന്താരാഷ്ട്ര സംഘടനകളുടെ കൃതികളിലുള്ള പകർപ്പവകാശത്തിന്റെ കാലാവധി.**

29. 41-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന അന്താരാഷ്ട്ര സംഘനയുടെ കൃതിയുടെ സംഗതിയിൽ, പകർപ്പവകാശം, കൃതി ആദ്യമായി പ്രസിദ്ധപ്പെടുത്തുന്ന വർഷത്തിന് തൊട്ടടുത്ത കലണ്ടർവർഷാരംഭം മുതൽ അൻപതു വർഷംവരെ നിലവിലിരിക്കുന്നതാകുന്നു.

## അദ്ധ്യായം VI

## ലൈസൻസുകൾ

30. നിലവിലുള്ള ഏതെങ്കിലും കൃതിയുടെ പകർപ്പവകാശത്തിന്റെ ഉടമസ്ഥനോ അല്ലെങ്കിൽ ഏതെങ്കിലും ഭാവികാല കൃതിയിലുള്ള പകർപ്പവകാശത്തിന്റെ ഭാവി ഉടമസ്ഥനോ, ആ അവകാശത്തിലുള്ള ഏതെങ്കിലും അവകാശബന്ധം അയാളോ അല്ലെങ്കിൽ അയാൾ യഥാവിധി അധികാരപ്പെടുത്തുന്ന ഏജന്റോ എഴുതി ഒപ്പിട്ട് ലൈസൻസുവഴി നല്കാവുന്നതാകുന്നു : പകർപ്പവകാശ ഉടമകളാലുള്ള ലൈസൻസുകൾ.

എന്നാൽ ഏതെങ്കിലും ഭാവികാല കൃതിയിലുള്ള പകർപ്പവകാശം സംബന്ധിച്ച ഒരു ലൈസൻസിന്റെ സംഗതിയിൽ, ലൈസൻസ്, കൃതി നിലവിൽ വരുമ്പോൾ മാത്രം പ്രഭാവത്തിൽ വരുന്നതാകുന്നു.

വിശദീകരണം.—ഏതെങ്കിലും ഭാവികാല കൃതിയിലുള്ള പകർപ്പവകാശം സംബന്ധിച്ച ഒരു ലൈസൻസ് ഈ വകുപ്പിൻകീഴിൽ നല്കപ്പെട്ട ഒരാൾ, കൃതി നിലവിൽ വരുന്നതിന് മുമ്പ് മരിക്കുന്നിടത്ത്, ലൈസൻസിൽ വിപരീതമായ ഏതെങ്കിലും വ്യവസ്ഥയുടെ അഭാവത്തിൽ, അയാളുടെ നിയമാനുസൃത പ്രതിനിധികൾക്ക്, ലൈസൻസിന്റെ പ്രയോജനത്തിന് അവകാശമുണ്ടായിരിക്കുന്നതാകുന്നു.

31. (1) പ്രസിദ്ധപ്പെടുത്തിയതോ പരസ്യമായി പ്രദർശിപ്പിച്ചതോ ആയ ഏതെങ്കിലും ഇൻഡ്യൻ കൃതിയുടെ പകർപ്പവകാശ കാലാവധിയ്ക്കകത്ത് ഏതെങ്കിലും സമയത്തു കൃതിയിലുള്ള പകർപ്പവകാശ ഉടമ— പൊതുജനങ്ങൾക്ക് അലഭ്യമായ കൃതികൾക്ക് നിർബന്ധിത ലൈസൻസ്

(ക) കൃതി പുനഃ പ്രസിദ്ധം ചെയ്യുന്നതിനോ അതിന്റെ പുനഃപ്രസിദ്ധീകരണം അനുവദിക്കുന്നതിനോ വിസമ്മതിച്ചിട്ടുണ്ടായിരിക്കുകയോ കൃതിയുടെ പരസ്യമായ പ്രദർശനം അനുവദിക്കുന്നതിനു വിസമ്മതിച്ചിട്ടുണ്ടായിരിക്കുകയോ അങ്ങനെയുള്ള വിസമ്മതം കാരണത്താൽ കൃതി പൊതുജനങ്ങൾക്ക് അലഭ്യമായി ത്തീരുകയോ ;

അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള കൃതി റേഡിയോ പ്രസാരണം വഴിയോ ഒരു റെക്കാർഡിന്റെ സംഗതിയിൽ, അങ്ങനെയുള്ള റെക്കാർഡിൽ രേഖപ്പെടുത്തിയ കൃതി, പരാതിക്കാരൻ ന്യായമെന്ന് കരുതുന്ന നിബന്ധനയിൻമേലോ, പൊതുജനങ്ങളെ അറിയിക്കാൻ അനുവദിക്കുന്നതിന് വിസമ്മതിച്ചിട്ടുണ്ടായിരിക്കുകയോ,

ചെയ്തിട്ടുണ്ടെന്ന് പകർപ്പവകാശബോർഡിന് ഒരു പരാതി കൊടുക്കുന്നുവെങ്കിൽ, പകർപ്പവകാശ ബോർഡ്, കൃതിയുടെ പകർപ്പവകാശ ഉടമസ്ഥന് കൃതിയിൽ പറയാനുള്ളത് പറയുന്നതിന് ന്യായമായ ഒരവസരം നല്കിയതിനുശേഷവും, ആവശ്യകമെന്ന് അതിന് തോന്നാവുന്ന അന്വേഷണ വിചാരണ നടത്തിയതിനുശേഷവും, അങ്ങനെയുള്ള വിസമ്മതത്തിനുള്ള കാരണങ്ങൾ ന്യായമായിട്ടുള്ളതല്ലെന്നു അതിനു ബോദ്ധ്യമാകുന്നുവെങ്കിൽ, പകർപ്പവകാശ ഉടമസ്ഥന്, പകർപ്പവകാശബോർഡ് തീരുമാനിക്കാവുന്ന പ്രതിഫലം നല്കുന്നതിനു വിധേയമായും, അങ്ങനെയുള്ള മററു നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായും, അതതു സംഗതി പോലെ, കൃതി പുനഃപ്രസിദ്ധം ചെയ്യുന്നതിനോ, കൃതി പരസ്യമായി പ്രദർശിപ്പിക്കുന്നതിനോ അല്ലെങ്കിൽ കൃതി റേഡിയോ പ്രസാരണംവഴി പൊതുജനങ്ങളെ അറിയിക്കുന്നതിനോ, പരാതിക്കാരന് ഒരു ലൈസൻസ് നല്കുന്നതിന് പകർപ്പവകാശ രജിസ്ട്രാർക്ക് നിദേശം നല്കാവുന്നതും അതോടെ പകർപ്പവകാശ രജിസ്ട്രാർ, നിർണ്ണയിക്കപ്പെടാവുന്ന ഫീസ് നല്കുന്നതിൻമേൽ പകർപ്പവകാശ ബോർഡിന്റെ നിദേശങ്ങൾക്കനുസൃതമായി പരാതിക്കാരന് ഒരു ലൈസൻസ് കൊടുക്കേണ്ടതുമാകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിൽ, ''ഇൻഡ്യൻ കൃതി'' എന്ന പദപ്രയോഗത്തിൽ—

(i) ഒരു ഇൻഡ്യൻ പൗരൻ ഗ്രന്ഥകർത്താവായുള്ള ഒരു കലാകൃതിയും ;

(ii) ഇൻഡ്യയിൽ നിർമ്മിക്കുകയോ ഉത്പാദിപ്പിക്കുകയോ ചെയ്ത ഒരു ചലച്ചിത്രഫിലിമോ, ഒരു റിക്കാർഡോ ആയതും ;

ഉൾപ്പെടുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ രണ്ടോ അതിലധികമോ ആളുകൾ ഒരു പരാതി കൊടുത്തിട്ടുള്ളിടത്ത് പകർപ്പവകാശ ബോർഡിന്റെ അഭിപ്രായത്തിൽ, പൊതുജനങ്ങളുടെ താല്പര്യങ്ങൾ ഏററവും മെച്ചപ്പെട്ട വിധത്തിൽ നിറവേററുമെന്നുള്ള പരാതിക്കാരന് ലൈസൻസ് നല്കേണ്ടതാകുന്നു.

32. (1) ഏതൊരാൾക്കും ഏതെങ്കിലും ഭാഷയിലുള്ള ഒരു സാഹിത്യ, നാടക കൃതിയുടെ തർജ്ജമ തയ്യാറാക്കുന്നതിനും പ്രസിദ്ധപ്പെടുത്തുന്നതിനും ഒരു ലൈസൻസിന് പകർപ്പവകാശ ബോർഡിനോട് അപേക്ഷിക്കാവുന്നതാകുന്നു. തർജ്ജമകൾ തയ്യാറാക്കാനും പ്രസിദ്ധപ്പെടുത്താനുമുള്ള ലൈസൻസ്.

(2) അങ്ങനെയുള്ള ഓരോ അപേക്ഷയും നിർണ്ണയിക്കാവുന്ന ഫാറത്തിൽ കൊടുക്കേണ്ടതും, കൃതിയുടെ തർജ്ജമയുടെ ഒരു പ്രതിക്ക് നിർദ്ദേശിക്കുന്ന ചില്ലറ വില്പനവില അതിൽ പറയേണ്ടതുമാകുന്നു.

(3) ഈ വകുപ്പിൻകീഴിൽ ഒരു ലൈസൻസുള്ള ഓരോ അപേക്ഷകനും, തന്റെ അപേക്ഷയോടൊപ്പം, നിർണ്ണയിക്കാവുന്നപ്രകാരമുള്ള ഫീസ് പകർപ്പവകാശ രജിസ്ട്രാറുടെ പക്കൽ നിക്ഷേപിക്കേണ്ടതാകുന്നു.

(4) ഒരു അപേക്ഷ ഈ വകുപ്പിൻകീഴിൽ പകർപ്പവകാശബോർഡിന് കൊടുക്കുന്നിടത്ത്, അത്, നിർണ്ണയിക്കപ്പെടാവുന്ന അന്വേഷണവിചാരണ നടത്തിയതിനുശേഷം അപേക്ഷകൻ കൃതിയിലുള്ള പകർപ്പവകാശ ഉടമയ്ക്ക്, പൊതുജനങ്ങൾക്ക് വില്ക്കുന്ന കൃതിയുടെ തർജ്ജമയുടെ പകർപ്പുകൾ സംബന്ധിച്ചുള്ള പ്രതിഫലവീതം ഓരോ കേസ്സിന്റേയും പരിതഃസ്ഥിതിയിൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പകർപ്പവകാശബോർഡ് നിശ്ചയിക്കാവുന്ന നിരക്കിൽ കണക്കാക്കി കൊടുക്കേണ്ടതാണെന്നുള്ള ഉപാധിയിൻമേൽ, അപേക്ഷയിൽ പറയുന്ന ഭാഷയിൽ കൃതിയുടെ ഒരു തർജ്ജമ, തയ്യാറാക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതിന് അപേക്ഷകന്, അനന്യ ലൈസൻസ് അല്ലാത്ത ഒരു ലൈസൻസ് നല്കാവുന്നതാകുന്നു ;

എന്നാൽ അങ്ങനെയുള്ള യാതൊരു ലൈസൻസും—

(ക) അപേക്ഷയിൽ പറയുന്ന ഭാഷയിലുള്ള കൃതിയുടെ തർജ്ജമ, കൃതിയിലുള്ള പകർപ്പവകാശ ഉടമയോ അല്ലെങ്കിൽ അയാൾ പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളോ കൃതിയുടെ ആദ്യപ്രസിദ്ധീകരണം മുതൽ ഏഴു വർഷത്തിനകം പ്രസിദ്ധപ്പെടുത്താതിരിക്കുകയോ അല്ലെങ്കിൽ ഒരു തർജ്ജമ അപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് അച്ചടിയില്ലാത്തതായിത്തീരുകയോ ചെയ്യുകയും ;

(ഖ) അപേക്ഷകൻ, അങ്ങനെയുള്ള തർജ്ജമ തയ്യാറാക്കാനും പ്രസിദ്ധപ്പെടുത്താനും അപേക്ഷിക്കുകയും പകർപ്പവകാശത്തിനുള്ള പ്രാധികാരം ഉടമസ്ഥൻ നിഷേധിക്കുകയും ചെയ്തിട്ടുണ്ടെന്നോ അല്ലെങ്കിൽ പകർപ്പവകാശ ഉടമയെ കണ്ടുപിടിക്കാൻ അയാൾക്ക് സാധിക്കുന്നില്ലെന്നോ പകർപ്പവകാശ ബോർഡിനു ബോദ്ധ്യമാകത്തക്കവണ്ണം തെളിയിക്കുകയോ ചെയ്തിരിക്കുകയും ;

(ഗ) അപേക്ഷകന് പകർപ്പവകാശത്തിന്റെ ഉടമസ്ഥനെ കണ്ടുപിടിക്കാൻ സാധിക്കാത്തിടത്ത്, ലൈസൻസിനുള്ള അപേക്ഷക്ക് രണ്ടുമാസത്തിൽ കുറയാത്ത സമയത്തിനുമുൻപ് പുസ്തകത്തിൽ പേരുകാണുന്ന പ്രസാധകന് അങ്ങനെയുള്ള പ്രാധികാരപ്പെടുത്തലിനുള്ള തന്റെ അപേക്ഷയുടെ പകർപ്പ്, അയച്ചുകൊടുത്തിരിക്കുകയും ;

(ഘ) അപേക്ഷകൻ ആ കൃതിയുടെ ഒരു ശരിയായ തർജ്ജമ തയ്യാറാക്കാനും പ്രസിദ്ധപ്പെടുത്താനും ക്ഷമതയുള്ള ആളാണെന്നും പകർപ്പവകാശ ഉടമയ്ക്ക് ഈ വകുപ്പിൻകീഴിൽ കൊടുക്കേണ്ട പ്രതിഫലവീതം കൊടുക്കുന്നതിനുള്ള സാമ്പത്തികശേഷി അയാൾക്കുണ്ടെന്നും പകർപ്പവകാശബോർഡിന് ബോദ്ധ്യമാകുകയും ;

(ങ) ഗ്രന്ഥകർത്താവ്, കൃതിയുടെ പകർപ്പുകൾ പ്രചരണത്തിൽനിന്നും പിൻവലിക്കാതിരിക്കുകയും ;

(ച) കൃതിയിലുള്ള പകർപ്പവകാശ ഉടമയ്ക്ക് പ്രായോഗികമാകുന്നിടത്തെല്ലാം പറയാനുള്ളത് ബോധിപ്പിക്കുന്നതിന് അവസരം നല്കുകയും ;

ചെയ്യാത്തപക്ഷം, നല്കാൻ പാടുള്ളതല്ല.

## അദ്ധ്യായം VII

## പ്രദർശന അവകാശ സംഘങ്ങൾ

*പ്രദർശന അവകാശ സംഘം ഫീസുകളുടെയും ചാർജ്ജുകളുടെയും പ്രതിഫല വീതങ്ങളുടെയും സ്റേറററുമെൻറുകൾ ഫയൽ ചെയ്യണമെന്ന്*

33. (1) ഓരോ പ്രദർശന അവകാശസംഘവും, നിർണ്ണയിക്കപ്പെട്ട സമയത്തിനകത്തും നിർണ്ണയിക്കപ്പെട്ട രീതിയിലും, ഏതു കൃതികൾസംബന്ധിച്ചാണോ ലൈസൻസുകൾ നല്കുന്നതിന് പകർപ്പവകാശ ബോർഡിന് പ്രാധികാരമുള്ളത് ആ കൃതികൾ പരസ്യമായി പ്രദർശിപ്പിക്കുന്നതിനുള്ള ലൈസൻസ് നല്കുന്നതിനു വസൂലാക്കാൻ അത് ഉദ്ദേശിക്കുന്ന, എല്ലാ ഫീസുകളുടേയും ചാർജ്ജുകളുടേയും പ്രതിഫലവീതങ്ങളുടേയും സ്റേറററുമെൻറുകൾ തയ്യാറാക്കുകയും പ്രസിദ്ധപ്പെടുത്തുകയും പകർപ്പവകാശ രജിസ്ട്രാറുടെ മുൻപാകെ ഫയൽ ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ഏതെങ്കിലും സംഘം (1)-ാം ഉപവകുപ്പിൽ പരാമർശിച്ച സ്റേറററുമെൻറുകൾ, ആ ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് ഏതെങ്കിലും കൃതി സംബന്ധിച്ച് തയ്യാറാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ പകർപ്പവകാശ രജിസ്ട്രാറുടെ അടുക്കൽ ഫയൽ ചെയ്യുകയോ ചെയ്യാതിരിക്കുന്നുവെങ്കിൽ, ആ കൃതിയിലുള്ള പ്രകടനാവകാശങ്ങളുടെ ലംഘനത്തിന് സിവിലായോ ക്രിമിനലായോ ഉള്ള ഏതെങ്കിലും പരിഹാരം പ്രാവർത്തികമാക്കുന്നതിനുള്ള വ്യവഹാരമോ മററു നടപടിയോ പകർപ്പവകാശ രജിസ്ട്രാറുടെ സമ്മതത്തോടുകൂടിയല്ലാതെ ആരംഭിക്കാൻ പാടുള്ളതല്ല.

34. 33-ാം വകുപ്പിൽ പരാമർശിച്ച ഏതെങ്കിലും സ്റേററുമെൻറിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും ഫീസോ, ചാർജ്ജുകളോ പ്രതിഫലവീതങ്ങളോ മററു വിവരങ്ങളോ സംബന്ധിച്ച് ഏതെങ്കിലും ആക്ഷേപങ്ങളുള്ള ഏതെങ്കിലും ആൾക്ക്, ഏതു സമയത്തും അങ്ങനെയുള്ള ആക്ഷേപങ്ങൾ ലിഖിതമായി പകർപ്പവകാശ ആഫീസിൽ ബോധിപ്പിക്കാവുന്നതാകുന്നു. പ്രസിദ്ധപ്പെടുത്തിയ സ്റേററു മെൻറുകൾ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ.

35. (1) 34-ാം വകുപ്പിൻകീഴിൽ പകർപ്പവകാശ ആഫീസിൽ ബോധിപ്പിച്ച ഏതൊരാക്ഷേപവും, ആകാവുന്നത്ര വേഗത്തിൽ, പകർപ്പവകാശബോർഡിന് റഫർ ചെയ്യേണ്ടതും, പകർപ്പവകാശ ബോർഡ് അങ്ങനെയുള്ള ആക്ഷേപം ഇതിനു ശേഷം വ്യവസ്ഥ ചെയ്യുന്ന രീതിയിൽ തീരുമാനിക്കേണ്ടതുമാകുന്നു. ആക്ഷേപങ്ങളുടെ തീരുമാനം.

(2) പകർപ്പവകാശബോർഡ്, അങ്ങനെയുള്ള ഓരോ ആക്ഷേപവും സംബന്ധിച്ച്, ബന്ധപ്പെട്ട പ്രകടന അവകാശ സംഘത്തിന്, അതിനെപ്പററിയുള്ള നോട്ടീസ് നല്കേണ്ടതാകുന്നു.

(3) പകർപ്പവകാശ ബോർഡ്, അങ്ങനെയുള്ള സംഘത്തിനും ആക്ഷേപം ബോധിപ്പിച്ച ആൾക്കും പറയാനുള്ളത് ബോധിപ്പിക്കാൻ ന്യായമായ ഒരവസരം നല്കിയതിനുശേഷവും നിർണ്ണയിക്കപ്പെടാവുന്ന കൂടുതൽ അന്വേഷണ വിചാരണ നടത്തിയതിനുശേഷവും, അതിന് യുക്തമെന്നു തോന്നാവുന്ന മാററങ്ങൾ സ്റേററുമെൻറുകളിൽ വരുത്തേണ്ടതും, അതു വരുത്തിയ മാററങ്ങൾ പകർപ്പവകാശ രജിസ്ട്രാർക്ക് എത്തിച്ചുകൊടുക്കുകയും, അയാൾ, അതിൻമേൽ, അങ്ങനെയുള്ള മാററങ്ങൾ ലഭിച്ചതിനുശേഷം പ്രായോഗികമാകുന്നത്ര വേഗത്തിൽ അവ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ബന്ധപ്പെട്ട പ്രകടന അവകാശ സംഘത്തിനും ആക്ഷേപം ബോധിപ്പിച്ച ആൾക്കും അതിൻെറ ഒരു പകർപ്പ് നല്കുകയും ചെയ്യേണ്ടതാകുന്നു.

(4) പകർപ്പവകാശ ബോർഡ് മാററം വരുത്തിയപ്രകാരമുള്ള ഫീസുകളോ ചാർജുകളോ പ്രതിഫലവീതങ്ങളോ, ഏതു കൃതികളുമായാണ് അങ്ങനെയുള്ള ഫീസുകളും ചാർജ്ജുകളും പ്രതിഫലവീതങ്ങളും ബന്ധപ്പെട്ടിരിക്കുന്നത് ആ കൃതികൾ പരസ്യമായി പ്രദർശിപ്പിക്കുന്നതിനു അതു നല്കുന്ന ലൈസൻസുകൾ സംബന്ധിച്ച് ബന്ധപ്പെട്ട പ്രദർശന അവകാശസംഘങ്ങൾ യഥാക്രമം വ്യവഹാരപ്പെടാവുന്നതിനോ വസൂലാക്കാവുന്നതിനോ ഉള്ള ഫീസുകളും, ചാർജ്ജുകളും പ്രതിഫലവീതങ്ങളും ആയിരിക്കുന്നതാണ്.

(5) യാതൊരു പ്രകടനാവകാശസംഘത്തിനും, 33-ാം വകുപ്പ്, 1-ാം ഉപവകുപ്പിൻ കീഴിൽ ആ സംഘം പ്രസിദ്ധപ്പെടുത്തിയ ഒരു സ്റേററുമെൻറിലോ അല്ലെങ്കിൽ അങ്ങനെയുള്ള സ്റേററുമെൻറ് പകർപ്പവകാശ ബോർഡു ഈ വകുപ്പിൻ കീഴിൽ മാററം വരുത്തിയിട്ടുള്ളിടത്ത് അപ്രകാരം മാററം വരുത്തിയ സ്റേററുമെൻറിലോ, ആ കൃതി സംബന്ധിച്ച് വിനിർദ്ദേശിച്ച ഫീസോ, ചാർജ്ജുകളോ പ്രതിഫലവീതങ്ങളോ അങ്ങനെയുള്ള സംഘത്തിന് വച്ചുനീട്ടുകയോ നല്കുകയോ ചെയ്ത ഏതെങ്കിലും ആൾക്ക് എതിരായി ഏതെങ്കിലും കൃതിയിലുള്ള പ്രകടനാവകാശങ്ങളുടെ ലംഘനത്തിന് ഏതെങ്കിലും വ്യവഹാരത്തിനുള്ള അവകാശമോ അല്ലെങ്കിൽ ഏതെങ്കിലും സിവിലോ മററുവിധത്തിലോ ഉള്ള നിവൃത്തി പ്രാവർത്തികമാക്കാനുള്ള അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

(6) ഏതെങ്കിലും ആൾ, പകർപ്പവകാശ ആഫീസിൽ 33-ാം വകുപ്പിൻ കീഴിൽ പ്രസിദ്ധപ്പെടുത്തിയ ഒരു സ്റേററുമെൻറിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും കൃതി സംബന്ധിച്ചുള്ള ഫീസോ, ചാർജ്ജുകളോ പ്രതിഫലവീതമോ സംബന്ധിച്ചു ഒരു ആക്ഷേപം ബോധിപ്പിച്ചിട്ടുള്ളിടത്ത്, ആ ആളോ അല്ലെങ്കിൽ മറെറതെങ്കിലും ആളോ, അങ്ങനെയുള്ള ഫീസോ, ചാർജ്ജുകളോ പ്രതിഫലവീതങ്ങളോ പകർപ്പവകാശ ആഫീസിൽ നിക്ഷേപിക്കുന്നതിൻമേൽ അങ്ങനെയുള്ള ആക്ഷേപം സംബന്ധിച്ച് അതതു സംഗതിപോലെ, പകർപ്പവകാശബോർഡിൻെറയോ, ഹൈക്കോടതിയുടേയോ അവസാനതീരുമാനംവരെ അതിലുള്ള പകർപ്പവകാശം ലംഘിക്കാതെ ആ കൃതിയുടെ പ്രകടനം നടത്താവുന്നതാകുന്നു.

(7) (6)-ാം ഉപവകുപ്പിൻകീഴിൽ പകർപ്പവകാശ ആഫീസിൽ നിക്ഷേപിച്ച ഫീസോ, ചാർജ്ജുകളോ, പ്രതിഫലവീതമോ ബന്ധപ്പെട്ട പ്രകടനാവകാശ സംഘത്തിനോ, അതു നിക്ഷേപിച്ച ആൾക്കോ അല്ലെങ്കിൽ ഭാഗികമായി അങ്ങനെയുള്ള സംഘത്തിനും ഭാഗികമായി അങ്ങനെയുള്ള ആൾക്കുമോ മേൽപ്പറഞ്ഞ പ്രകാരമുള്ള ആക്ഷേപങ്ങളുടെ അവസാന തീരുമാനമനുസരിച്ച്, കൊടുക്കേണ്ടതാകുന്നു.

36. ഈ അദ്ധ്യായത്തിലുള്ള യാതൊന്നും— നിലവിലുള്ള അവകാശങ്ങൾക്ക് ബാധകമല്ലെന്ന്.

(ക) ഈ ആക്ററിൻെറ പ്രാരംഭത്തിനുമുൻപ് ഏതെങ്കിലും കൃതിയിൽ സിദ്ധിച്ചതോ നേരിട്ടതോ ആയ പ്രകടന അവകാശങ്ങൾ സംബന്ധിച്ചുള്ള ഏതെങ്കിലും അവകാശങ്ങളേയോ ബാദ്ധ്യതകളേയോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള പ്രാരംഭത്തിൽ നിലവിലുള്ള അങ്ങനെയുള്ള അവകാശങ്ങളെയോ ബാദ്ധ്യതകളേയോ സംബന്ധിച്ചുള്ള ഏതെങ്കിലും നിയമപരമായ നടപടികളേയോ ബാധിക്കുന്നതായി കരുതാൻ പാടുള്ളതല്ല.

## അദ്ധ്യായം VIII

## പ്രക്ഷേപണ അധികാരസ്ഥാനങ്ങളുടെ അവകാശങ്ങൾ

*പ്രക്ഷേപണ പുനർനിർമ്മാണങ്ങളുടെ അവകാശം.*

37. (1) ഏതെങ്കിലും പരിപാടി ഗവൺമെന്റോ അല്ലെങ്കിൽ മാറേറതെങ്കിലും പ്രക്ഷേപണ അധികാരസ്ഥാനമോ റേഡിയോ പ്രസാരണംവഴി പ്രക്ഷേപണം ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള പരിപാടിയിൽ പ്രക്ഷേപണ പ്രത്യുൽപ്പാദനാവകാശം എന്നറിയപ്പെടുന്ന ഒരു പ്രത്യേക അവകാശം നിലവിലുള്ളതാകുന്നു.

(2) ഏതെങ്കിലും പരിപാടി സംബന്ധിച്ച് ഒരു പ്രക്ഷേപണ പ്രത്യുൽപ്പാദന അവകാശം തുടരുന്നതിനിടയിൽ—

(ക) ആ അവകാശ ഉടമയുടെ ലൈസൻസു കൂടാതെ—

(i) പ്രശ്നവിഷയകമായ പരിപാടിയോ അതിന്റെ ഏതെങ്കിലും ഗണ്യമായ ഭാഗമോ പുനർപ്രക്ഷേപണം ചെയ്യുകയോ; അല്ലെങ്കിൽ

(ii) പ്രശ്നവിഷയകമായ പരിപാടിയോ അതിന്റെ ഏതെങ്കിലും ഗണ്യമായ ഭാഗമോ പരസ്യമായി കേൾപ്പിക്കുകയോ; അല്ലെങ്കിൽ

(ഖ) പ്രശ്നവിഷയകമായ പരിപാടിയോ അതിന്റെ ഗണ്യമായ ഏതെങ്കിലും ഭാഗമോ റിക്കാർഡ് ചെയ്തുകൊണ്ടുള്ള ഒരു റിക്കാർഡ് ഉണ്ടാക്കുന്ന ആവശ്യത്തിന് പ്രക്ഷേപണം പ്രയോജനപ്പെടുത്തുന്നതിന്, അവകാശത്തിന്റെ ഉടമയുടെ ലൈസൻസുകൂടാതെ അങ്ങനെയുള്ള ഏതെങ്കിലും റിക്കാർഡ് ഉണ്ടാക്കുകയോ, ചെയ്യുന്ന ഏതൊരാളും പ്രക്ഷേപണ പ്രത്യുൽപ്പാദന അവകാശം ലംഘിക്കുന്നതായി കരുതേണ്ടതാകുന്നു;

*ഈ ആക്റ്റിലെ മററു വ്യവസ്ഥകൾ പ്രക്ഷേപണ പ്രത്യുൽപ്പാദന അവകാശങ്ങൾക്ക് ബാധകമാകുമെന്ന്.*

38. 18, 19, 30, 53, 55, 58, 64, 65, 66, എന്നീ വകുപ്പുകൾ, ആവശ്യകമായ ഏതെങ്കിലും അനുയോജനങ്ങളോടും രൂപഭേദങ്ങളോടുംകൂടി, അവ ഒരു കൃതിയുള്ള പകർപ്പവകാശം സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ഏതെങ്കിലും പരിപാടിയുള്ള പ്രത്യുൽപ്പാദന പ്രക്ഷേപണ അവകാശം സംബന്ധിച്ച് ബാധകമാകുന്നതാകുന്നു.

എന്നാൽ പ്രക്ഷേപണ പ്രത്യുൽപ്പാദന അവകാശം നിലവിലുള്ള ഒരു പരിപാടിയോ അങ്ങനെയുള്ള പരിപാടിയുടെ ഏതെങ്കിലും ഗണ്യമായ ഭാഗമോ റിക്കാർഡു ചെയ്തുകൊണ്ടുള്ള ഒരു റിക്കാർഡ് ഉണ്ടാക്കുന്ന ആവശ്യത്തിന് ഒരു പ്രക്ഷേപണം പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു ലൈസൻസിന്, അങ്ങനെയുള്ള ലൈസൻസ് അനുവദിച്ചിട്ടുള്ള ആൾക്ക് അങ്ങനെയുള്ള കൃതിയിലുള്ള പകർപ്പവകാശ ഉടമയിൽനിന്നു അങ്ങനെയുള്ള പരിപാടിയിൽ ഉൾക്കൊണ്ടിട്ടുള്ള കൃതിയെ റിക്കാർഡ് ചെയ്തുകൊണ്ടുള്ള റിക്കാർഡുകൾ ഉണ്ടാക്കുന്നതിനുകൂടി ഒരു ലൈസൻസ് വാങ്ങാത്തപക്ഷം, പ്രഭാവം ഉണ്ടായിരിക്കുന്നതല്ല.

*മററ് അവകാശങ്ങൾക്ക് ബാധകമല്ലെന്ന്.*

39. സംശയങ്ങൾ നീക്കുന്നതിന്, ഈ അദ്ധ്യായത്തിൻകീഴിൽ ഒരു പ്രക്ഷേപണ അധികാരസ്ഥാനത്തിൻമേൽ നൽകിയ പ്രക്ഷേപണ പ്രത്യുൽപ്പാദന അവകാശം—

(ക) ആ അധികാരസ്ഥാനം പ്രക്ഷേപണം ചെയ്യുന്ന ഏതെങ്കിലും സാഹിത്യ നാടക സംഗീതകൃതിയുടേയോ; അല്ലെങ്കിൽ,

(ഖ) അങ്ങനെയുള്ള ഏതെങ്കിലും കൃതി റിക്കാർഡുചെയ്യുന്ന ഏതെങ്കിലും റിക്കാർഡിന്റേയോ;

പകർപ്പവകാശത്തെ ബാധിക്കുന്നതല്ലെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

## അദ്ധ്യായം IX

## അന്താരാഷ്ട്ര പകർപ്പവകാശം

*വിദേശ കൃതികൾക്ക് പകർപ്പവകാശം വ്യാപിപ്പിക്കുന്നതിനുള്ള അധികാരം.*

40. കേന്ദ്രഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി, ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ—

(ക) കൃതികൾ ഇൻഡ്യക്കകത്ത് പ്രസിദ്ധപ്പെടുത്തിയിരുന്നാലെന്നപോലെ അതേരീതിയിൽ, ഇൻഡ്യക്ക് വെളിയിലുള്ള ഏതു രാജ്യക്ഷേത്രവുമായാണോ ഉത്തരവ് ബന്ധപ്പെട്ടിരിക്കുന്നത് ആ രാജ്യക്ഷേത്രത്തിൽ ആദ്യം പ്രസിദ്ധപ്പെടുത്തിയ കൃതിക്കോ;

(ഖ) കൃതികളുടെ ഗ്രന്ഥകർത്താക്കൾ ഇൻഡ്യൻ പൗരൻമാരായിരുന്നാലെന്നപോലെ അതേ രീതിയിൽ, കൃതികൾ രചിക്കുന്ന സമയത്ത്, ഏതു വിദേശ രാജ്യവുമായാണോ ഉത്തരവു ബന്ധപ്പെട്ടിരിക്കുന്നത് ആ രാജ്യത്തെ പ്രജകളോ പൗരൻമാരോ ആയിരുന്ന ഗ്രന്ഥകർത്താക്കളുടെ പ്രസിദ്ധപ്പെടുത്താത്ത കൃതികൾക്കോ അവയുടെ ഏതെങ്കിലും വിഭാഗത്തിനോ;

(ഗ) അധിവാസം ഇൻഡ്യക്കകത്തായിരുന്നാലെന്നപോലെ അതേരീതിയിൽ ഇൻഡ്യക്ക് വെളിയിലുള്ള ഏതു വിദേശരാജ്യവുമായാണോ ഉത്തരവു ബന്ധപ്പെട്ടിരിക്കുന്നത് ആ രാജ്യക്ഷേത്രത്തിലെ അധിവാസം സംബന്ധിച്ചോ;

(ഘ) ഗ്രന്ഥകർത്താവ്, കൃതിയുടെ ആദ്യ പ്രസിദ്ധീകരണ തീയതി
യിലോ ഗ്രന്ഥകർത്താവിന്റെ മരണസമയത്തോ, ഇൻഡ്യയിലെ ഒരു പൗരൻ
ആയിരുന്നാലെന്നപോലെ ആ തീയതിയിലോ അല്ലെങ്കിൽ ഗ്രന്ഥകർത്താവ് ആ
തീയതിയിൽ മരിച്ചുപോയ സംഗതിയിൽ, ആ സമയത്തോ, ഏത് വിദേശരാജ്യവു
മായാണോ ഉത്തരവു ബന്ധപ്പെട്ടിരിക്കുന്നത്, ആ രാജ്യത്തെ പ്രജയോ
പൗരനോ ആയിരുന്ന ഗ്രന്ഥകർത്താവിന്റെ കൃതിക്കോ ;

ബാധകമാകുന്നതാണെന്ന് നിദേശിക്കാവുന്നതും അപ്പോൾ ഈ അദ്ധ്യായ
ത്തിലേയും ഉത്തരവിലേയും വ്യവസ്ഥകൾക്ക് വിധേയമായി ഈ ആക്റ്റ്
അതനുസരിച്ച് ബാധകമാകുന്നതുമാകുന്നു.

എന്നാൽ—

(i) ഈ വകുപ്പിൻകീഴിൽ (ഇൻഡ്യ ഒരു സന്ധിയിൽ ഏർപ്പെട്ടിട്ടുള്ളതോ
അല്ലെങ്കിൽ ഇൻഡ്യകൂടി ഒരു കക്ഷി ആയുള്ള പകർപ്പവകാശം സംബന്ധിച്ച
ഒരു ഉടമ്പടിയിലെ കക്ഷി ആയതോ ആയ ഒരു രാജ്യം അല്ലാത്ത) ഏതെങ്കിലും
വിദേശരാജ്യം സംബന്ധിച്ച ഒരു ഉത്തരവു പുറപ്പെടുവിക്കുന്നതിന് കേന്ദ്ര
ഗവൺമെൻറിന്, ആ വിദേശരാജ്യം ഈ ആക്റ്റിലെ വ്യവസ്ഥകൾക്കുകീഴിൽ
പകർപ്പവകാശത്തിന് അവകാശമുള്ള കൃതികൾക്ക് ആ രാജ്യത്ത് സംരക്ഷണം
ആവശ്യപ്പെടുന്നതിന് സമീചീനമാണെന്ന് കേന്ദ്രഗവൺമെൻറിന് തോന്നുന്ന
വ്യവസ്ഥകൾ, ഏതെങ്കിലും ഉണ്ടെങ്കിൽ അവ ഉണ്ടാക്കിയിട്ടുണ്ടെന്നോ ഉണ്ടാക്കുന്ന
തിനു ഏററിട്ടുണ്ടെന്നോ ബോദ്ധ്യം വരുത്തേണ്ടതും ;

(ii) ഉത്തരവിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ, സാമാന്യമായോ
അല്ലെങ്കിൽ ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന കൃതികളുടെ തരമോ അല്ലെങ്കിൽ
അങ്ങനെയുള്ള കേസുകളുടെ തരമോ സംബന്ധിച്ച് ബാധകമായിരിക്കുന്ന
താണെന്ന് വ്യവസ്ഥ ചെയ്യാവുന്നതും ;

(iii) ഉത്തരവിൽ, ഇൻഡ്യയിലെ പകർപ്പവകാശ കാലാവധി, ഏതു
രാജ്യവുമായാണോ ഉത്തരവു ബന്ധപ്പെട്ടിരിക്കുന്നത് ആ രാജ്യത്തെ നിയമം
നൽകിയതിൽ കവിയാൻ പാടില്ലെന്ന് വ്യവസ്ഥചെയ്യാവുന്നതും ;

(iv) ഉത്തരവിൽ ഈ ആക്റ്റ് നൽകുന്ന അവകാശങ്ങളുടെ അനുഭവം,
ഉത്തരവിൽ നിർണ്ണയിക്കാവുന്ന ഔപചാരികത്വങ്ങളും വ്യവസ്ഥകളും, ഏതെ
ങ്കിലും ഉണ്ടെങ്കിൽ, അവ നിറവേററുന്നതിന് വിധേയമായിരിക്കുമെന്ന് വ്യവസ്ഥ
ചെയ്യാവുന്നതും ;

(v) പകർപ്പവകാശത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് ഈ ആക്റ്റിലെ
വ്യവസ്ഥകൾ ബാധകമാക്കുന്നതിൽ, ഉത്തരവിൽ, വിദേശരാജ്യത്തെ നിയമം
പരിഗണിച്ച്, ആവശ്യമാണെന്ന് തോന്നുന്ന അപവാദങ്ങളും രൂപഭേദങ്ങളും വരു
ത്താവുന്നതും ;

(vi) ഉത്തരവിൽ ഈ ആക്റ്റോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും
ഭാഗമോ ഉത്തരവിന്റെ പ്രാരംഭത്തിനുമുൻപ് രചിച്ച കൃതികൾക്ക് ബാധകമാകു
ന്നതല്ലെന്നോ, അല്ലെങ്കിൽ ഈ ആക്റ്റോ അതിന്റെ ഏതെങ്കിലും ഭാഗമോ
ഉത്തരവിന്റെ പ്രാരംഭത്തിനുമുൻപ് ആദ്യമായി പ്രസിദ്ധപ്പെടുത്തിയ കൃതി
കൾക്ക് ബാധകമാകുന്നതല്ലെന്നോ വ്യവസ്ഥചെയ്യാവുന്നതുമാകുന്നു.

**ചില അന്താരാഷ്ട്ര സംഘടനകളുടെ കൃതികൾ സംബന്ധിച്ച വ്യവസ്ഥകൾ.**

41. (1) (ക) ഏതെങ്കിലും കൃതി, ഈ വകുപ്പു ബാധകമാകുന്ന ഏതെ
ങ്കിലും സംഘടനയാലോ അല്ലെങ്കിൽ അതിന്റെ നിദേശത്തിന്റെയോ നിയന്ത്രണ
ത്തിന്റെയോ കീഴിലോ രചിക്കുകയോ അല്ലെങ്കിൽ ആദ്യമായി പ്രസിദ്ധപ്പെടു
ത്തുകയോ ചെയ്യുകയും ;

(ഖ) ഈ വകുപ്പുപ്രകാരമല്ലാതെ, അതതു സംഗതിപോലെ ഇൻഡ്യയ്ക്ക
കത്തു അത് രചിക്കുകയോ അല്ലെങ്കിൽ, അത് ആദ്യം പ്രസിദ്ധപ്പെടുത്തുകയോ
ചെയ്യുന്ന സമയത്ത്, ആ കൃതിയിൽ പകർപ്പവകാശം ഇല്ലാതിരിക്കുകയും ;

(ഗ) ഒന്നുകിൽ—

(i) ആ കൃതിയിൽ പകർപ്പവകാശം, ഏതെങ്കിലും ഉണ്ടെങ്കിൽ അത്
ഗ്രന്ഥകർത്താവിൽ നിലനിറുത്താതെ മേൽപറഞ്ഞപ്രകാരം ഗ്രന്ഥകർത്താവു
മായി അതിനുവേണ്ടിയുള്ള ഒരു കരാറനുസരിച്ചു കൃതി പ്രസിദ്ധപ്പെടുത്തു
കയും ചെയ്യുകയോ ; അല്ലെങ്കിൽ

(ii) 17-ാം വകുപ്പിൻകീഴിൽ കൃതിയിലുള്ള ഏതെങ്കിലും പകർപ്പവ
കാശം ആ സംഘടനയുടെ വകയായിരിക്കുകയോ ചെയ്യുകയും ചെയ്യുന്നിടത്ത്,
ഈ വകുപ്പിന്റെ ബലത്തിൽ, ആ കൃതിയിൽ ഇൻഡ്യ മുഴുവനും പകർപ്പവകാശം
ഉണ്ടായിരിക്കുന്നതാകുന്നു.

(2) ബന്ധപ്പെട്ട സമയത്ത് ഒരു ഏകാംഗീകൃത നികായത്തിന്റെ നിയമാനു
സൃതമായ കഴിവ് ഇല്ലാതിരുന്ന ഈ വകുപ്പു ബാധകമാകുന്ന ഏതെങ്കിലും
സംഘടനയ്ക്ക്, പകർപ്പവകാശം കൈവശം വയ്ക്കുന്നതിനും, കൈകാര്യം ചെയ്യു
ന്നതിനും പ്രാവർത്തികമാക്കുന്നതിനും, പകർപ്പവകാശത്തോടു ബന്ധപ്പെട്ട
നിയമാനുസൃതമായ എല്ലാ നടപടികൾ സംബന്ധിച്ചും ഉള്ള ആവശ്യത്തിന്
ഒരു ഏകാംഗീകൃത നികായത്തിന്റെ നിയമാനുസൃതമായ കഴിവ് ഉണ്ടായിരിക്കു
ന്നതും ബന്ധപ്പെട്ട എല്ലാ സമയത്തും ഉണ്ടായിരുന്നതായി കരുതപ്പെടുന്നതും
ആകുന്നു.

(3) ഈ വകുപ്പു ബാധകമാകുന്ന സംഘടനകൾ, കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി, സംഘടനകളായി പ്രഖ്യാപിക്കാവുന്നതും അതിൽ, ഈ വകുപ്പ് ബാധകമാകുന്നത് സമീപീന മായുള്ള ഒന്നോ അതിലധികമോ പരമാധികാര ശക്തികളോ ഗവൺമെൻറാ ഗവൺമെൻറുകളോ, അംഗങ്ങളായിരിക്കുന്നതും ആയ സംഘടനകളാകുന്നു.

**ഇൻഡ്യയിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തുന്ന വിദേശ ഗ്രന്ഥകർത്താക്കളുടെകൃതികളിലുള്ള അവകാശങ്ങൾനിയന്ത്രിക്കുന്നതിനുള്ള അധികാരം**

42. ഒരു വിദേശരാജ്യം ഇൻഡ്യൻ ഗ്രന്ഥകർത്താക്കളുടെ കൃതികൾക്ക് മതിയായ സംരക്ഷണം നൽകുന്നില്ലെന്നോ നൽകാമെന്ന് ഏററിട്ടില്ലെന്നോ കേന്ദ്രഗവൺമെൻറിന് തോന്നുകയാണെങ്കിൽ, കേന്ദ്രഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി, ഇൻഡ്യയിൽ ആദ്യം പ്രസിദ്ധപ്പെടുത്തുന്ന കൃതികൾക്ക് പകർപ്പവകാശം നൽകുന്ന ഈ ആക്ററിലെ വ്യവസ്ഥകൾ, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന തീയതിക്കുശേഷം പ്രസിദ്ധപ്പെടുത്തിയ അവയുടെ ഗ്രന്ഥകർത്താക്കൾ അങ്ങനെയുള്ള വിദേശരാജ്യത്തിലെ പ്രജകളോ പൗരൻമാരോ ആയിരിക്കുകയും ഇൻഡ്യയിൽ അധിവാസം ഇല്ലാത്തവരായിരിക്കുകയും ചെയ്യുന്ന കൃതികൾക്ക് ബാധകമാകുന്നതല്ലെന്ന് നിദേശിക്കാവുന്നതും, അപ്പോൾ ആ വ്യവസ്ഥകൾ അങ്ങനെയുള്ള കൃതികൾക്ക് ബാധകമാകുന്നതല്ലാത്തതുമാകുന്നു.

**ഈ അദ്ധ്യായത്തിൻകീഴിലുള്ള ഉത്തരവുകൾ പാർലമെൻറു മുൻപാകെ വയ്ക്കണമെന്ന്**

43. ഈ അദ്ധ്യായത്തിൻകീഴിൽ കേന്ദ്രഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ഉത്തരവും അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെൻറിൻെറ ഇരുസഭകളുടെയും മുൻപാകെ വയ്ക്കേണ്ടതും, അതു അപ്രകാരം വയ്ക്കപ്പെടുന്ന സമ്മേളനത്തിലോ അല്ലെങ്കിൽ തൊട്ടടുത്തുവരുന്ന സമ്മേളനത്തിലോവച്ച് പാർലമെൻറ് വരുത്താവുന്ന രൂപഭേദങ്ങൾക്ക് വിധേയമായിരിക്കുന്നതുമാകുന്നു.

## അദ്ധ്യായം X

## പകർപ്പവകാശത്തിൻെറ രജിസ്ട്രേഷൻ

**പകർപ്പവകാശ രജിസ്ററർ**

44. പകർപ്പവകാശ ആഫീസിൽ 'പകർപ്പവകാശ രജിസ്ററർ' എന്നു പറയുന്ന നിർണ്ണയിക്കപ്പെട്ട ഫാറത്തിലുള്ള ഒരു രജിസ്ററർ സൂക്ഷിക്കേണ്ടതും അതിൽ കൃതികളുടെ പേരുകളോ ശീർഷകങ്ങളോ അവയും ഗ്രന്ഥകർത്താക്കളുടേയും പ്രസാധകൻമാരുടേയും പകർപ്പവകാശ ഉടമയുടെയും പേരുകളും മേൽവിലാസങ്ങളും നിർണ്ണയിക്കപ്പെടാവുന്ന മററു വിവരങ്ങളും കുറിക്കാവുന്നതും ആകുന്നു.

**പകർപ്പവകാശ രജിസ്റററിലെ ഉൾക്കുറിപ്പുകൾ**

45. (1) ഏതെങ്കിലും കൃതിയുടെ ഗ്രന്ഥകർത്താവിനോ, പ്രസാധകനോ, അല്ലെങ്കിൽ പകർപ്പവകാശത്തിൻെറ ഉടമസ്ഥനോ അതിൽ അവകാശബന്ധമുള്ള മററ് ആൾക്കോ, പകർപ്പവകാശ രജിസ്റററിൽ കൃതി സംബന്ധിച്ച വിവരങ്ങൾ കുറിക്കുന്നതിന് നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ നിർണ്ണയിക്കപ്പെട്ട ഫീസോടുകൂടി പകർപ്പവകാശ രജിസ്ട്രാർക്ക് ഒരപേക്ഷ കൊടുക്കാവുന്നതാകുന്നു.

(2) ഏതെങ്കിലും കൃതിസംബന്ധിച്ച് (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു അപേക്ഷ സ്വീകരിക്കുന്നതിൻമേൽ, പകർപ്പവകാശ രജിസ്ട്രാർക്ക്, അയാൾക്ക് യുക്തമെന്നു തോന്നാവുന്ന അന്വേഷണ വിചാരണ നടത്തിയതിനുശേഷം, കൃതിയുടെ വിവരങ്ങൾ പകർപ്പവകാശ രജിസ്റററിൽ കുറിക്കേണ്ടതാകുന്നു.

**സൂചികകൾ**

46. പകർപ്പവകാശ ആഫീസിൽ നിർണ്ണയിക്കാവുന്ന പകർപ്പവകാശ രജിസ്റററിൻെറ സൂചികകളും സൂക്ഷിക്കേണ്ടതാകുന്നു.

**രജിസ്റററിൻെറ ഫാറവും അതിൻെറ പരിശോധനയും**

47. ഈ ആക്ററിൻകീഴിൽ സൂക്ഷിക്കുന്ന പകർപ്പവകാശ രജിസ്റററും അതിൻെറ സൂചികകളും, ന്യായമായ എല്ലാ സമയങ്ങളിലും പരിശോധനയ്ക്ക് പ്രാപ്യമായിരിക്കേണ്ടതും നിർണ്ണയിക്കാവുന്ന ഫീസു നൽകുന്നതിൻമേലും, നിർണ്ണയിക്കാവുന്നപോലെയുള്ള ഉപാധികൾക്ക് വിധേയമായും അങ്ങനെയുള്ള രജിസ്റററിൻെറയും സൂചികകളുടേയും പകർപ്പുകൾ എടുക്കുന്നതിനോ അവയിൽ നിന്നും സംഗ്രഹം എടുക്കുന്നതിനോ ഏതൊരാൾക്കും അവകാശം ഉണ്ടായിരിക്കുന്നതുമാകുന്നു.

**പകർപ്പവകാശ രജിസ്ററ റിൽ കുറിച്ചിട്ടുള്ള വിവരങ്ങൾക്ക് അത് പ്രഥമദൃഷ്ട്യായുള്ള തെളിവായിരിക്കുന്നതാണെന്ന്**

48. പകർപ്പവകാശ രജിസ്റററിൽ കുറിച്ചിട്ടുള്ള വിവരങ്ങൾക്ക് അത് പ്രഥമദൃഷ്ട്യാ തെളിവായിരിക്കുന്നതും, പകർപ്പവകാശ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയതും പകർപ്പവകാശ ആഫീസിലെ മുദ്രകൊണ്ട് മുദ്രണംചെയ്തതുമായ അതിലുള്ള ഏതെങ്കിലും ഉൾക്കുറിപ്പുകളുടെ പകർപ്പുകളായി കരുതപ്പെടുന്ന രേഖകളോ അതിൽനിന്നുള്ള സംഗ്രഹമോ കൂടുതൽ തെളിവുകൂടാതെയോ അസ്സൽ ഹാജരാക്കാതെയോ എല്ലാകോടതികളിലും തെളിവിൽ സ്വീകരിക്കേണ്ടതുമാകുന്നു.

49. പകർപ്പവകാശ രജിസ്ട്രാർക്ക്, നിർണ്ണയിക്കപ്പെട്ട സംഗതികളിലും നിർണ്ണയിക്കപ്പെട്ട ഉപാധികൾക്ക് വിധേയമായും— പകർപ്പവകാശ രജിസ്ററിലെ ഉൾക്കുറിപ്പുകൾ തിരുത്തൽ.

(ക) ഏതെങ്കിലും പേരിലോ, മേൽവിലാസത്തിലോ അല്ലെങ്കിൽ വിവരങ്ങളിലോ ഉള്ള ഏതെങ്കിലും തെററ് തിരുത്തുകയോ ; അല്ലെങ്കിൽ

(ഖ) യാദൃച്ഛികമായ സ്ഖലിതമോ വിട്ടുപോകലോ കാരണത്താൽ അതിൽ ഉണ്ടായേക്കാവുന്ന മറേറതെങ്കിലും തെററ് തിരുത്തുകയോ;

ചെയ്ത് പകർപ്പവകാശ രജിസ്ററർ ഭേദഗതിചെയ്യുകയോ അതിൽ മാററം വരുത്തുകയോ ചെയ്യാവുന്നതാകുന്നു.

50. പകർപ്പവകാശബോർഡ്, പകർപ്പവകാശ രജിസ്ട്രാറുടെയോ അല്ലെങ്കിൽ സങ്കടക്കാരനായ ഏതെങ്കിലും ആളിന്റെയോ അപേക്ഷയിൻമേൽ— പകർപ്പവകാശ ബോർഡിനാൽ രജിസ്ററർ തിരുത്തൽ.

(ക) രജിസ്ററിൽ ചേർക്കാൻ തെററായി വിട്ടുപോയിട്ടുള്ള ഏതെങ്കിലും ഉൾക്കുറിപ്പു ചേർക്കുകയോ; അല്ലെങ്കിൽ

(ഖ) രജിസ്ററിൽ തെററായി ചേർത്തതോ ഉണ്ടായിരിക്കുന്നതോ ആയ ഏതെങ്കിലും ഉൾക്കുറിപ്പു നീക്കം ചെയ്യുകയോ ; അല്ലെങ്കിൽ

(ഗ) രജിസ്ററിലുള്ള ഏതെങ്കിലും തെററോ ന്യൂനതയോ തിരുത്തുകയോ;

ചെയ്തു പകർപ്പവകാശ രജിസ്ററർ തിരുത്തുന്നതിനു ഉത്തരവു ചെയ്യേണ്ടതാകുന്നു.

## അദ്ധ്യായം XI

## പകർപ്പവകാശലംഘനം

51. ഒരു കൃതിയിലുള്ള പകർപ്പവകാശം— പകർപ്പവകാശം ലംഘിക്കുന്നത് എപ്പോൾ എന്ന്.

(ക) ഏതെങ്കിലും ആൾ, പകർപ്പവകാശ ഉടമയോ ഈ ആക്ററിൻ കീഴിൽ പകർപ്പവകാശ രജിസ്ട്രാറോ നൽകിയ ഒരു ലൈസൻസ് കൂടാതെയോ, അല്ലെങ്കിൽ അപ്രകാരം നൽകിയ ഒരു ലൈസൻസിലെ ഉപാധികളോ അല്ലെങ്കിൽ ഈ ആക്ററിൻകീഴിൽ ക്ഷമതയുള്ള അധികാരസ്ഥാനം ചുമത്തുന്ന ഏതെങ്കിലും ഉപാധിയോ ഉല്ലംഘിച്ചുകൊണ്ടോ—

(i) ചെയ്യുന്നതിനുള്ള അനന്യമായ അവകാശം ഈ ആക്ററിനാൽ പകർപ്പവകാശ ഉടമയ്ക്ക് നൽകിയിട്ടുള്ള ഏതെങ്കിലും ചെയ്യുകയോ ;

(ii) പ്രകടനം പകർപ്പവകാശത്തിന്റെ ലംഘനമായിരിക്കുമെന്നു അയാൾ അറിയാതിരിക്കുകയും അയാൾക്ക് വിശ്വസിക്കാൻ ന്യായമായ യാതൊരു കാരണവും ഇല്ലാതിരിക്കുകയും ചെയ്യാത്തപക്ഷം, അങ്ങനെയുള്ള പ്രകടനം കൃതിയിലുള്ള പകർപ്പവകാശത്തിന്റെ ഒരു ലംഘനമായിത്തീരുന്നിടത്ത്, കൃതിയുടെ പരസ്യമായ പ്രകടനത്തിനു ഉപയോഗിക്കുന്നതിന് ഏതെങ്കിലും സ്ഥലം ആദായത്തിനുവേണ്ടി അനുവദിക്കുകയോ, ചെയ്യുമ്പോഴോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും ആൾ, കൃതിയുടെ ലംഘനം ചെയ്യുന്ന ഏതെങ്കിലും പകർപ്പുകൾ—

(i) വിൽപ്പന നടത്തുന്നതിനോ വാടകയ്ക്ക് കൊടുക്കുന്നതിനോ ഉണ്ടാക്കുകയോ വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ, അല്ലെങ്കിൽ കച്ചവടത്തിനായി പ്രദർശിപ്പിക്കുകയോ വിൽപ്പനയ്ക്കോ വാടകയ്ക്കോ ആയി വയ്ക്കുകയോ, അല്ലെങ്കിൽ

(ii) ഒന്നുകിൽ കച്ചവട ആവശ്യത്തിനായോ അല്ലെങ്കിൽ പകർപ്പവകാശ ഉടമയ്ക്ക് ഹാനിയുണ്ടാക്കുന്നത്രത്തോളമോ വിതരണം ചെയ്യുകയോ ; അല്ലെങ്കിൽ

(iii) കച്ചവടത്തിനായി പരസ്യമായി പ്രദർശിപ്പിക്കുകയോ; അല്ലെങ്കിൽ

(iv) ഇൻഡ്യയ്ക്കകത്തു, (ഇറക്കുമതി ചെയ്യുന്ന ആളിന്റെ സ്വകാര്യമോ ഗാർഹികമോ ആയ ഉപയോഗത്തിനല്ലാതെ) ഇറക്കുമതി ചെയ്യുകയോ ചെയ്യുമ്പോഴോ, ലംഘിച്ചിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം :—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കു, സാഹിത്യ, നാടക, സംഗീത, കലാകൃതിയുടെ ചലച്ചിത്ര ഫിലിമിന്റെ രൂപത്തിലുള്ള പുനരുല്പാദനം 'ലംഘനം ചെയ്യുന്ന പകർപ്പ്' ആയി കരുതപ്പെടുന്നതാകുന്നു.

52. (1) താഴെ പറയുന്ന പ്രവൃത്തികൾ പകർപ്പവകാശ ലംഘനമായിത്തീരുന്നതല്ല. അതായത്.— ചില പ്രവൃത്തികൾ പകർപ്പവകാശലംഘനമാകുന്നതല്ലെന്ന്.

(ക) സാഹിത്യ നാടക സംഗീത കലാകൃതി—

(i) ഗവേഷണത്തിനോ സ്വകാര്യപഠനത്തിനോ ;

(ii) ആ കൃതിയുടേയോ മറേറതെങ്കിലും കൃതിയുടേയോ വിമർശനത്തിനോ, പുനരവലോകനത്തിനോ ഉള്ള ആവശ്യങ്ങൾക്ക് ന്യായമായി കൈകാര്യം ചെയ്യൽ ;

(ഖ) ഒരു സാഹിത്യ, നാടക, സംഗീത, കലാകൃതി ;

(i) ഒരു വർത്തമാനപത്രത്തിലോ, മാസികയിലോ, അല്ലെങ്കിൽ അതു പോലുള്ള ആനുകാലിക പ്രസിദ്ധീകരണത്തിലോ; അല്ലെങ്കിൽ

(ii) റേഡിയോ പ്രസാരണം വഴിയോ ചലച്ചിത്ര ഫിലിമിലോ അല്ലെങ്കിൽ ഫോട്ടോഗ്രാഫുകൾ മുഖേനയോ, ദൈനംദിനസംഭവങ്ങൾ റിപ്പോർട്ടു ചെയ്യുന്ന ആവശ്യത്തിന് ന്യായമായി കൈകാര്യം ചെയ്യൽ ;

(ഗ) നീതിന്യായ നടപടിയുടെ ആവശ്യത്തിനോ അല്ലെങ്കിൽ നീതിന്യായ നടപടി റിപ്പോർട്ടുചെയ്യുന്ന ആവശ്യത്തിനോ സാഹിത്യ, നാടക, സംഗീത കലാപര കൃതിയുടെ പുനരുൽപ്പാദനം ;

(ഘ) ഒരു നിയമനിർമ്മാണ മണ്ഡലത്തിന്റെ സെക്രട്ടറിയേററോ അല്ലെങ്കിൽ ഒരു നിയമനിർമ്മാണ മണ്ഡലത്തിൽ ഇരുസഭകൾ അടങ്ങിയിട്ടുള്ളിടത്ത്, നിയമനിർമ്മാണ മണ്ഡലത്തിലെ രണ്ടിലേതൊരു സഭയുടെയും സെക്രട്ടറിയേററോ, ആ നിയമനിർമ്മാണ മണ്ഡലത്തിന്റെ അംഗങ്ങളുടെ മാത്രം ഉപയോഗത്തിനായി തയ്യാറാക്കിയ ഏതെങ്കിലും കൃതിയിലുള്ള സാഹിത്യ, നാടക, സംഗീത കലാകൃതിയുടെ പുനരുൽപ്പാദനമോ പ്രസിദ്ധീകരണമോ ;

(ങ) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമമനുസരിച്ച് നിർമ്മിച്ചതോ വിതരണം ചെയ്തിട്ടുള്ളതോ ആയ സാക്ഷ്യപ്പെടുത്തിയ പകർപ്പിലുള്ള ഏതെങ്കിലും സാഹിത്യ, നാടക, സംഗീത കൃതിയുടെ പുനരുൽപ്പാദനമോ ;

(ച) പ്രസിദ്ധപ്പെടുത്തിയ സാഹിത്യ, നാടക കൃതിയിൽനിന്നുള്ള ഏതെങ്കിലും ന്യായമായ സംഗ്രഹത്തിന്റെ പരസ്യമായ വായനയോ കഥനമോ;

(ഛ) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉപയോഗത്തിനു ഉത്തമവിശ്വാസ പൂർവ്വം ഉദ്ദേശിച്ചുകൊണ്ടു് പകർപ്പവകാശമില്ലാത്ത വിഷയങ്ങൾകൊണ്ട് മുഖ്യമായി രചിച്ചതും അതിന്റെ ശീർഷകത്തിലും പ്രസാധകനോ പ്രസാധകനുവേണ്ടിയോ പുറപ്പെടുവിച്ച ഏതെങ്കിലും പരസ്യത്തിലും പകർപ്പവകാശം നിലവിലുള്ളതും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉപയോഗത്തിനുതന്നെ പ്രസിദ്ധീകരിക്കാത്ത സാഹിത്യനാടക കൃതികളിൽ പ്രസിദ്ധപ്പെടുത്തിയതിൽനിന്ന് ഹ്രസ്വഖണ്ഡികകളെന്നു വിവരിക്കുന്നതും ആയ സമാഹാരത്തിലുള്ള പ്രസിദ്ധീകരണം:

എന്നാൽ ഒരേ ഗ്രന്ഥകർത്താവിന്റെ കൃതികളിൽനിന്നു അങ്ങനെയുള്ള രണ്ടു് ഖണ്ഡികകളിൽ കൂടുതൽ ഏതെങ്കിലും അഞ്ചുവർഷത്തെ കാലയളവിൽ ഒരേ പ്രസാധകൻ പ്രസിദ്ധപ്പെടുത്താൻ പാടില്ലാത്തതാകുന്നു.

വിശദീകരണം.— കൂട്ടുഗ്രന്ഥകർത്തൃത്വമുള്ള കൃതിയുടെ സംഗതിയിൽ, ഈ ഖണ്ഡത്തിൽ കൃതികളിൽനിന്നുള്ള ഖണ്ഡികകൾ എന്ന പരാമർശത്തിൽ ആ ഖണ്ഡികളുടെ ഒന്നോ അധിലധികമോ ഗ്രന്ഥകർത്താക്കളുടേയോ അല്ലെങ്കിൽ മററതെങ്കിലും ആളുമായി സഹകരിക്കുന്ന ഒന്നോ അതിലധികമോ ഗ്രന്ഥകർത്താക്കളുടേയോ കൃതികളിൽനിന്നുള്ള ഖണ്ഡികകൾ എന്ന പരാമർശം ഉൾപ്പെടുന്നതാകുന്നു;

(ജ) (i) അദ്ധ്യയനത്തിനിടയിൽ ഒരു അദ്ധ്യാപകനാലോ അല്ലെങ്കിൽ ഒരു വിദ്യാർത്ഥിയാലോ; അല്ലെങ്കിൽ

(ii) ഒരു പരീക്ഷയിൽ ഉത്തരം നൽകേണ്ട ചോദ്യങ്ങളുടെ ഭാഗമായോ; അല്ലെങ്കിൽ

(iii) അങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമായോ ഉള്ള സാഹിത്യ, നാടക, സംഗീത കലാപര കൃതിയുടെ പുനരുല്പാദനം;

(ഝ) ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കിടയിൽ സദസ്യർ, സ്ററാഫും വിദ്യാർത്ഥികളും വിദ്യാർത്ഥികളുടെ മാതാപിതാക്കളും രക്ഷകർത്താക്കളും ആ സ്ഥാപനത്തിലെ പ്രവർത്തനങ്ങളുമായി നേരിട്ടു ബന്ധപ്പെട്ടവരും മാത്രം ആയിരിക്കുകയാണെങ്കിൽ, ആ സ്ഥാപനത്തിലെ സ്ററാഫും വിദ്യാർത്ഥികളും നടത്തുന്ന സാഹിത്യനാടക, സംഗീത കൃതിയുടേയോ അല്ലെങ്കിൽ ഒരു ചലച്ചിത്രഫിലിമിന്റെയോ റിക്കാർഡിന്റെയോ പ്രകടനം;

(ഞ) (i) കൃതി റിക്കാർഡുചെയ്യുന്ന റിക്കാർഡ് കൃതിയുടെ പകർപ്പവകാശത്തിന്റെ ഉടമയോ അല്ലെങ്കിൽ ഉടമയുടെ ലൈസൻസോടോ സമ്മതത്തോടോ കൂടി നേരത്തെ നിർമ്മിക്കുകയും;

(ii) റിക്കാർഡുകൾ നിർമ്മിക്കുന്ന ആൾ, റിക്കാർഡുകൾ നിർമ്മിക്കാൻ തനിക്കുള്ള ഉദ്ദേശത്തെക്കുറിച്ചു നിർണ്ണയിക്കപ്പെട്ട നോട്ടീസ് കൊടുക്കുകയും കൃതിയുടെ പകർപ്പവകാശം ഉടമയ്ക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ, അയാൾക്ക് നിർമ്മിക്കാനുള്ള എല്ലാ റിക്കാർഡുകളും സംബന്ധിച്ച്, ഇതിലേക്ക് പകർപ്പവകാശ ബോർഡുനിജപ്പെടുത്തിയ നിരക്കിൽ പ്രതിഫലവീതങ്ങൾ കൊടുക്കുകയും ചെയ്യുകയാണെങ്കിൽ, ഏതെങ്കിലും സാഹിത്യ, നാടക, സംഗീത കൃതിസംബന്ധിച്ചുള്ള റിക്കാർഡുകൾ നിർമ്മിക്കൽ:

എന്നാൽ, റിക്കാർഡുകൾ നിർമ്മിക്കുന്നതിൽ അങ്ങനെയുള്ള ആൾ, പകർപ്പവകാശ ഉടമയോ അല്ലെങ്കിൽ അയാളുടെ ലൈസൻസോടോ സമ്മതത്തോടോ കൂടിയോ അതുപോലുള്ള മാററങ്ങൾക്കോ വിട്ടുകളയലുകൾക്കോ വിധേയമായി കൃതി റിക്കാർഡു ചെയ്ത റിക്കാർഡുകൾ നിർമ്മിച്ചുകഴിഞ്ഞിട്ടില്ലാത്തപക്ഷമോ, അല്ലെങ്കിൽ അങ്ങനെയുള്ള മാററങ്ങളും വിട്ടുകളയലുകളും പ്രശ്നവിഷയമായ റിക്കാർഡുകളുമായി കൃതി അനുയോജനം ചെയ്യുന്നതിനു ന്യായമായ ആവശ്യമില്ലാത്തപക്ഷമോ കൃതിയിൽ ഏതെങ്കിലും മാററം വരുത്തുകയോ അതിൽനിന്നും ഏതെങ്കിലും വിട്ടുകളയുകയോ ചെയ്യാൻ പാടുള്ളതല്ല.

(ട) ഒരു റിക്കാർഡിൽ അടങ്ങിയിട്ടുള്ള റിക്കാർഡിംഗ്—

(i) ആളുകൾ താമസിക്കുന്ന ഏതെങ്കിലും പരിസരങ്ങളിൽ അവിടെ താമസിക്കുന്നവർക്ക് അനന്യമായും പ്രധാനമായും ഉള്ള സുഖസൗകര്യങ്ങളുടെ ഭാഗമായോ; അല്ലെങ്കിൽ

ആദായത്തിനുവേണ്ടി സ്ഥാപിക്കുകയോ നടത്തുകയോ ചെയ്യുന്നതല്ലാത്ത ഒരു ക്ലബ്ബിന്റെയോ സംഘത്തിന്റെയോ മററ് സംഘടനയുടെയോ പ്രവർത്തനങ്ങളുടെ ഭാഗമായോ;

റിക്കാർഡുകൾ ഉപയോഗിച്ച് പരസ്യമായി കേൾപ്പിക്കുന്നത്;

(ഠ) പ്രകടനം, പണംകൊടുക്കാത്ത സദസ്യർക്കോ അല്ലെങ്കിൽ മതപരമായ സ്ഥാപനത്തിന്റെ ഗുണത്തിനുവേണ്ടിയോ ആണ് നടത്തുന്നതെങ്കിൽ, ഒരു വിനോദ ക്ലബ്ബോ, വിനോദ സംഘമോ സാഹിത്യ, നാടക, സംഗീത കൃതിയുടെ പ്രകടനംനടത്തൽ;

(ഡ) നിലവിലുള്ള സാമ്പത്തികമോ, രാഷ്ട്രീയമോ, സാമൂഹ്യമോ, അല്ലെങ്കിൽ മതപരമോ ആയ വിഷയങ്ങൾ സംബന്ധിച്ച് ഒരു ലേഖനം, അങ്ങനെയുള്ള ലേഖനകർത്താവ് അതിന്റെ പുനരുല്പാദനത്തിന്റെ അവകാശം പ്രകടമായി തന്നിൽ നിലനിറുത്താത്തപക്ഷം, ഒരു വർത്തമാനപത്രത്തിലോ, മാസികയിലോ അല്ലെങ്കിൽ മററു ആനുകാലിക പ്രസിദ്ധീകരണത്തിലോ അതിന്റെ പുനരുല്പാദനം;

(ഢ) ഒരു മാസികയിലോ അല്ലെങ്കിൽ മററു ആനുകാലിക പ്രസിദ്ധീകരണത്തിലോ പരസ്യമായി ചെയ്ത പ്രസംഗത്തിന്റെ ഒരു റിപ്പോർട്ടിന്റെ പ്രസിദ്ധീകരണം;

(ണ) ഒരു ബുക്ക്, (ഒരു ലഘുലേഖയോ, സംഗീത ഫലകമോ, ഭൂപടമോ, പട്ടികപടമോ, പ്ലാനോ ഉൾപ്പെടെ) അങ്ങനെയുള്ള ബുക്ക് ഇൻഡ്യയ്ക്കകത്ത് വില്പനയ്ക്കു ലഭ്യമല്ലെങ്കിൽ, ഒരു പബ്ലിക്ക് ലൈബ്രറിയുടെ ചാർജ്ജുള്ള ആളിനാലോ നിർദ്ദേശത്തിൻകീഴിലോ ലൈബ്രറിയുടെ ഉപയോഗത്തിന് മൂന്നിൽ കവിയാത്ത അതിന്റെ പ്രതികൾ തയ്യാറാക്കൽ;

(ത) ഒരു വായനശാലയിലോ, കാഴ്ചബംഗ്ലാവിലോ പൊതുജനങ്ങൾക്ക് പ്രവേശനമുള്ള മററു സ്ഥാപനത്തിലോ സൂക്ഷിച്ചിട്ടുള്ള പ്രസിദ്ധപ്പെടുത്താത്ത സാഹിത്യ, നാടക, സംഗീത കൃതി ഗവേഷണത്തിനോ സ്വകാര്യപഠനത്തിനോ ഉള്ള ആവശ്യത്തിനോ അല്ലെങ്കിൽ പ്രസിദ്ധപ്പെടുത്താനുള്ള ഉദ്ദേശത്തോടുകൂടിയോ പ്രത്യുല്പാദനം ചെയ്യൽ:

എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും കൃതിയുടെ ഗ്രന്ഥകർത്താവിന്റെയോ, അല്ലെങ്കിൽ ഒരു കൂട്ടുഗ്രന്ഥകർത്തൃത്വമുള്ള ഒരു.കൃതിയുടെ സംഗതിയിൽ, ഗ്രന്ഥകർത്താക്കളിൽ ആരുടെയെങ്കിലുമോ അനന്യത, അതതുസംഗതിപോലെ, വായനശാലയ്ക്കോ കാഴ്ചബംഗ്ലാവിനോ മററു സ്ഥാപനത്തിനോ അറിയാമെന്നുള്ളിടത്ത്, ഈ ഖണ്ഡത്തിലെ വ്യവസ്ഥകൾ, ഗ്രന്ഥകർത്താവിന്റെ മരണത്തീയതി മുതലോ അല്ലെങ്കിൽ കൂട്ടുഗ്രന്ഥകർത്തൃത്വമുള്ള ഒരു കൃതിയുടെ സംഗതിയിൽ, അനന്യത അറിയാവുന്നഗ്രന്ഥകർത്താവിന്റെ മരണം മുതൽ അല്ലെങ്കിൽ, ഒന്നിൽ കൂടുതൽ ഗ്രന്ഥകർത്താക്കളുടെ അനന്യത അറിയാമെങ്കിൽ, അങ്ങനെയുള്ള ഗ്രന്ഥകർത്താക്കളിൽ ഒടുവിൽ മരിക്കുന്ന ഗ്രന്ഥകർത്താവിന്റെ മരണം മുതലോ അൻപതു വർഷത്തിൽ കവിഞ്ഞ സമയത്ത് അങ്ങനെയുള്ള പുനരുല്പാദനം ചെയ്യുകയാണെങ്കിൽ മാത്രം ബാധകമാവുന്നതാണ്.

(ഥ) (i) ഒരു നിയമനിർമ്മാണമണ്ഡലത്തിന്റെ ആക്ററല്ലാതെ ഏതെങ്കിലും ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും വിഷയത്തിന്റെയോ;

(ii) ഒരു നിയമനിർമ്മാണമണ്ഡലത്തിന്റെ ഏതെങ്കിലും ആക്റ്റ് അതിൻമേലുള്ള ഏതെങ്കിലും വ്യാഖ്യാനത്തോടോ മറേറതെങ്കിലും ആദ്യവിഷയത്തോടോ കൂടിപുനരുല്പാദനം ചെയ്യുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാമെന്നുള്ള ഉപാധിക്കു വിധേയമായി, അങ്ങനെയുള്ള ആക്ററിന്റെയോ;

(iii) ഗവൺമെന്റ് നിയമിച്ചിട്ടുള്ള ഏതെങ്കിലും കമ്മിററിയുടെയോ കമ്മീഷന്റെയോ, കൗൺസിലിന്റെയോ, ബോർഡിന്റെയോ അല്ലെങ്കിൽ അതുപോലുള്ള മററ് നികായത്തിന്റെയോ റിപ്പോർട്ടിന്റെ പുനരുല്പാദനമോ പ്രസിദ്ധീകരണമോ ഗവൺമെന്റ് നിരോധിക്കാത്തപക്ഷം അങ്ങനെയുള്ള റിപ്പോർട്ടുകൾ നിയമനിർമ്മാണ മണ്ഡലത്തിന്റെ മേശപ്പുറത്ത് വച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള റിപ്പോർട്ടിന്റെയോ;

(iv) അതതുസംഗതിപോലെ, കോടതിയുടെയോ, ട്രിബ്യൂണലിന്റെയോ അല്ലെങ്കിൽ മററു നീതിന്യായാധികാരസ്ഥാനത്തിന്റെയോ വിധിന്യായത്തിന്റെയോ ഉത്തരവിന്റെയോ പുനരുല്പാദനമോ പ്രസിദ്ധീകരണമോ നിരോധിക്കാത്തപക്ഷം, അങ്ങനെയുള്ള ഏതെങ്കിലും വിധിന്യായത്തിന്റെയൊ ഉത്തരവിന്റെയൊ

പുനരുല്പാദനമോ പ്രസിദ്ധീകരണമോ; അവയും

(ദ) ഒരു നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു ആക്ററിന്റെയും അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളോ ഉത്തരവുകളോ ആയവയുടേയും ഏതെങ്കിലും ഇൻഡ്യൻ ഭാഷയിലുള്ള തർജ്ജമ—

(i) അങ്ങനെയുള്ള ആക്ററിന്റേയോ ചട്ടങ്ങളുടേയോ ഉത്തരവുകളുടേയോ ആ ഭാഷയിലുള്ള തർജ്ജമ മുമ്പ് ഗവൺമെന്റ് തയ്യാറാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ലെങ്കിലോ ;

അല്ലെങ്കിൽ

(ii) അങ്ങനെയുള്ള ആക്ററിന്റെയോ ചട്ടങ്ങളുടെയോ ഉത്തരവുകളുടേയോ ആ ഭാഷയിലുള്ള ഒരു തർജ്ജമ ഗവൺമെന്റു തയ്യാറാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടുള്ളിടത്ത്, ആ തർജ്ജമ പൊതുജനങ്ങൾക്ക് വിൽപ്പനയ്ക്കു ലഭ്യമല്ലെങ്കിലോ അത് തയ്യാറാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യൽ :

എന്നാൽ തർജ്ജമ ഗവൺമെന്റിനാൽ പ്രാധികാരപ്പെടുത്തപ്പെട്ടതോ അല്ലെങ്കിൽ പ്രമാണീകൃതമായി സ്വീകരിക്കപ്പെട്ടതോ അല്ലെന്നുള്ള അർത്ഥത്തിൽ അങ്ങനെയുള്ള തർജ്ജമയിൽ ശ്രദ്ധേയമായ ഒരു സ്ഥാനത്ത്, ഒരു സ്റേററുമെന്റ് അടങ്ങിയിരിക്കേണ്ടതാകുന്നു;

(ധ) ഒരു വർണ്ണചിത്രത്തിന്റേയോ രേഖാചിത്രത്തിന്റേയോ കൊത്തുപണിയുടേയോ, അല്ലെങ്കിൽ ഒരു ശിൽപകലാസൃഷ്ടിയുടെ ഫോട്ടോയുടേയോ നിർമ്മാണമോ പ്രസിദ്ധീകരണമോ; അവയും

(ന) 2-ാം വകുപ്പ്, (ഗ) ഖണ്ഡം, (iii)-ാം ഉപഖണ്ഡത്തിൻകീഴിൽ വരുന്ന ഒരു വർണ്ണചിത്രമോ, രേഖാചിത്രമോ, കൊത്തുപണിയോ, ഒരു പ്രതിമാചിത്രത്തിന്റെ ഫോട്ടോയോ അല്ലെങ്കിൽ മററു കലാസൃഷ്ടിയോ ഒരു പൊതുസ്ഥലത്തോ അല്ലെങ്കിൽ പൊതുജനങ്ങൾക്കു പ്രവേശനമുള്ള ഏതെങ്കിലും പരിസരങ്ങളിലോ സ്ഥിരമായി സ്ഥിതിചെയ്യുകയാണെങ്കിൽ

അങ്ങനെയുള്ള കലാസൃഷ്ടിയുടെ നിർമ്മാണമോ പ്രസിദ്ധീകരണമോ ;

(പ) ഒരു ചലച്ചിത്ര ഫിലിമിൽ—

(i) ഒരു പൊതുസ്ഥലത്തോ പൊതുജനങ്ങൾക്ക് പ്രവേശനമുള്ള ഏതെങ്കിലും പരിസരങ്ങളിലോ സ്ഥിരമായി സ്ഥിതിചെയ്യുന്ന ഏതെങ്കിലും കലാസൃഷ്ടിയുടേയോ ; അല്ലെങ്കിൽ

(ii) ഉൾപ്പെടുത്തൽ ഒരു പശ്ചാത്തലമെന്ന നിലയിലോ അല്ലെങ്കിൽ ആ ഫിലിമിൽ പ്രതിനിധാനം ചെയ്യുന്ന പ്രധാനവിഷയങ്ങൾക്ക് മററു വിധത്തിൽ ആനുഷംഗികമായോ മാത്രമാണെങ്കിൽ, മറേറതെങ്കിലും കലാസൃഷ്ടിയുടേയോ ;

ഉൾപ്പെടുത്തൽ ;

(ഫ) കലാസൃഷ്ടിയുടെ കർത്താവു അതിലുള്ള പകർപ്പവകാശത്തിന്റെ ഉടമ അല്ലാതിരിക്കുന്നിടത്ത്, കലാസൃഷ്ടിയുടെ ആവശ്യത്തിനു അയാൾ നിർമ്മിച്ച ഏതെങ്കിലും മൂശയുടേയോ, അച്ചിന്റെയോ രൂപരേഖയുടേയോ പ്ലാനിന്റെയോ മാതൃകയുടെയോ അല്ലെങ്കിൽ നടത്തിയ പഠനത്തിന്റെയോ കലാസൃഷ്ടിയുടെ ഗ്രന്ഥകർത്താവിനാലുള്ള ഉപയോഗം.

എന്നാൽ അതുമൂലം അയാൾ കലാസൃഷ്ടിയുടെ മുഖ്യമായ രൂപമാതൃക ആവർത്തിക്കുകയോ അംഗീകരിക്കുകയോ ചെയ്യാൻപാടുള്ളതല്ല.

(ബ) ഒരു വസ്തു, ആ ഇനത്തിലുള്ള വസ്തുക്കൾ സംബന്ധിച്ച് വിദഗ്ദ്ധൻമാർ അല്ലാത്ത ആളുകൾക്ക് ആ കാലാസൃഷ്ടിയുടെ ഒരു പുനരുൽപ്പാദനം ആണെന്നു തോന്നാവുന്നതല്ലെങ്കിൽ ഒരു ദ്വിമാന കലാസൃഷ്ടിയെ ത്രിമാനമുള്ള ഏതെങ്കിലും ഇനത്തിലുള്ള വസ്തുവാക്കൽ ;

(ഭ) ഏതു ശിൽപ്പകലാപരമായ രേഖാചിത്രങ്ങളോ പ്ലാനുകളോ അനുസരിച്ചാണ് ഒരു കെട്ടിടമോ എടുപ്പോ ആദ്യം നിർമ്മിച്ചിട്ടുള്ളത് ആ ശിൽപ്പകലാപരമായ രേഖാചിത്രങ്ങളോ പ്ലാനുകളോ അനുസരിച്ചുള്ള ഒരു കെട്ടിടത്തിന്റെയോ എടുപ്പിന്റെയോ പുനർനിർമ്മാണം ;

എന്നാൽ ആദ്യനിർമ്മാണം അങ്ങനെയുള്ള രേഖാചിത്രങ്ങളിലും പ്ലാനുകളിലും ഉള്ള പകർപ്പവകാശത്തിന്റെ ഉടമസ്ഥന്റെ സമ്മതത്തോടോ ലൈസൻസോടോകൂടി ഉണ്ടാക്കിയതായിരിക്കണം ;

(മ) ഏതെങ്കിലും ചലച്ചിത്ര ഫിലിമിൽ റിക്കാർഡുചെയ്തിട്ടുള്ളതോ പുനരുല്പാദിപ്പിച്ചിട്ടുള്ളതോ ആയ സാഹിത്യ, നാടക, സംഗീത, കൃതീസംബന്ധിച്ച്, അതിലുള്ള പകർപ്പവകാശത്തിന്റെ കാലാവധി കഴിഞ്ഞശേഷം അങ്ങനെയുള്ള ഫിലിമിന്റെ പ്രദർശനം ;

എന്നാൽ (ക) ഖണ്ഡം, (ii)-ാം ഉപഖണ്ഡത്തിലേയും (ഖ) ഖണ്ഡം, (i) ഉപഖണ്ഡത്തിലേയും (ഘ), (ച), (ഛ), (ഡ), (ത) ഖണ്ഡങ്ങളിലേയും വ്യവസ്ഥകൾ, ഏതെങ്കിലും പ്രവൃത്തി സംബന്ധിച്ച്, ആ പ്രവൃത്തി—

(i) കൃതിയുടെ ശീർഷകത്താലോ മററുവിവരണത്താലോ അതിനെ തിരിച്ചറിഞ്ഞുകൊണ്ടുള്ള അംഗീകാരത്തോടു കൂടിയല്ലാത്തപക്ഷമോ ;

(ii) കൃതി അജ്ഞാത ഗ്രന്ഥകർതൃത്വത്തോടുകൂടിയതോ അല്ലെങ്കിൽ ഗ്രന്ഥകർത്താവ് അയാളുടെ പേര് ഗ്രന്ഥകർത്താവാണെന്നു തിരിച്ചറിയുന്ന വിധത്തിൽ അംഗീകരിക്കുകയില്ലെന്നു നേരത്തെ സമ്മതിച്ചതോ ആവശ്യപ്പെട്ടതോ അല്ലാത്തപക്ഷമോ ബാധകമാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അവ ഒരു കൃതി സംബന്ധിച്ച് ബാധകമാകുന്നപോലെ സാഹിത്യ, നാടക, സംഗീത കൃതിയുടെ തർജ്ജമയോ അല്ലെങ്കിൽ സാഹിത്യ, നാടക, സംഗീത കലാകൃതിയുടെ അനുയോജനമോ സംബന്ധിച്ച് ഏതെങ്കിലും പ്രവൃത്തിചെയ്യുന്നതിന് ബാധകമായിരിക്കുന്നതാകുന്നു.

**ലംഘനം ചെയ്ത പകർപ്പുകളുടെ ഇറക്കുമതി.**

53. (1) പകർപ്പവകാശ രജിസ്ട്രാർക്ക് ഏതെങ്കിലും കൃതിയിലുള്ള പകർപ്പവകാശത്തിൻെറ ഉടമയാലോ അല്ലെങ്കിൽ അയാൾ പ്രാധികാരപ്പെടുത്തിയ ഏജൻറിനാലോ ഉള്ള അപേക്ഷയിൻമേലും, നിർണ്ണയിക്കപ്പെട്ട ഫീസു നൽകുന്നതിൻമേലും, യുക്തമെന്ന് അയാൾ കരുതാവുന്ന അന്വേഷണവിചാരണ നടത്തിയ ശേഷം ഇൻഡ്യയ്ക്ക് പുറത്തുണ്ടാക്കിയ കൃതികളുടെ പകർപ്പുകൾ, ഇൻഡ്യയ്ക്ക് അകത്തു ഉണ്ടാക്കിയാൽ പകർപ്പവകാശം ലംഘിക്കുമെങ്കിൽ, ഇറക്കുമതി ചെയ്യാൻ പാടില്ലെന്നു ഉത്തരവു ചെയ്യാവുന്നതാകുന്നു.

(2) ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾക്കുവിധേയമായി, പകർപ്പവകാശ രജിസ്ട്രാർക്കോ ഇതിലേക്ക് അയാൾ പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്നപ്രകാരമുള്ള ഏതെങ്കിലും പകർപ്പുകൾ കാണാവുന്ന ഏതെങ്കിലും കപ്പലിലോ ഡാക്കിലോ പരിസരങ്ങളിലോ പ്രവേശിക്കാവുന്നതും അങ്ങനെയുള്ള പകർപ്പുകൾ പരിശോധിക്കാവുന്നതുമാകുന്നു.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ഉത്തരവ് ബാധകമാകുന്ന എല്ലാ പകർപ്പുകളും, കടൽ കസ്ററംസ് ആക്ററ്, 1878, 19-ാം വകുപ്പിൻകീഴിൽ ഇറക്കുമതി നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്തിട്ടുള്ള സാധനങ്ങളായി കരുതപ്പെടുന്നതും, അതനുസരിച്ച് ആ ആക്ററിലെ എല്ലാ വ്യവസ്ഥകൾക്കും പ്രഭാവം ഉണ്ടായിരിക്കുന്നതുമാകുന്നു ;

എന്നാൽ മേൽപറഞ്ഞ ആക്ററിലെ വ്യവസ്ഥകൾക്കു കീഴിൽ കണ്ടുകെട്ടിയ അങ്ങനെയുള്ള എല്ലാ പകർപ്പുകളും, ഗവൺമെൻറിൽ നിക്ഷിപ്തമാകുന്നതല്ലാത്തതും, എന്നാൽ ആ കൃതിയുടെ പകർപ്പവകാശ ഉടമയെ ഏൽപ്പിച്ചുകൊടുക്കേണ്ടതുമാകുന്നു.

## അദ്ധ്യായം XII

## സിവിൽ നിവൃത്തികൾ

**നിർവ്വചനം**

54. ഈ അദ്ധ്യായത്തിൻെറ ആവശ്യങ്ങൾക്ക്, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, 'പകർപ്പവകാശ ഉടമ' എന്ന പദപ്രയോഗത്തിൽ—

(ക) അനന്യമായ ലൈസൻസുകാരനും ;

(ഖ) അജ്ഞാതനാമത്തിലോ തൂലിക നാമത്തിലോ ഉള്ള സാഹിത്യ, നാടക, സംഗീത, കലാ കൃതിയുടെ സംഗതിയിൽ ഗ്രന്ഥകർത്താവിൻെറ അനന്യതയോ, അല്ലെങ്കിൽ കൂട്ടുഗ്രന്ഥകർത്തൃത്വമുള്ള ഒരു അജ്ഞാത കൃതിയുടേയോ എല്ലാം തൂലികാനാമത്തിൻകീഴിൻ പ്രസിദ്ധപ്പെടുത്തിയ കൂട്ടുഗ്രന്ഥകർത്തൃത്വമുള്ള ഒരു കൃതിയുടെയോ സംഗതിയിൽ ഏതെങ്കിലും ഗ്രന്ഥകർത്താക്കളുടെ അനന്യതയോ, ഗ്രന്ഥകർത്താവും പ്രസാധകനും പരസ്യമായി വെളിപ്പെടുത്തുകയോ അല്ലെങ്കിൽ ആ ഗ്രന്ഥകർത്താവോ അയാളുടെ നിയമാനുസൃത പ്രതിനിധികളോ പകർപ്പവകാശ ബോർഡിനു ബോധ്യമാകത്തക്കവണ്ണം മററുവിധത്തിൽ സ്ഥാപിക്കുകയോ ചെയ്യുന്നതുവരെ, ആ കൃതിയുടെ പ്രസാധകനും, ഉൾപ്പെടുന്നതാകുന്നു.

**പകർപ്പവകാശ ലംഘനത്തിനുള്ള സിവിൽ നിവൃത്തികൾ.**

55. (i) ഏതെങ്കിലും കൃതിയിലുള്ള പകർപ്പവകാശം ലംഘിച്ചിട്ടുള്ളിടത്ത് പകർപ്പവകാശ ഉടമയ്ക്ക് ഈ ആക്ററിനാൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ നിരോധനവും നഷ്ടത്തുകയും, കണക്കുവിവരങ്ങളും ആയും മററുവിധത്തിലുള്ളവയും ഒരവകാശലംഘനത്തിനു നിയമത്താൽ നൽകപ്പെടുന്നതോ നൽകപ്പെടാവുന്നതോ ആയ എല്ലാ നിവൃത്തികൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ ലംഘന തീയതിയിൽ, കൃതിയിൽ പകർപ്പവകാശം നിലവിലുള്ളതായി അയാൾക്ക് അറിവുണ്ടായിരുന്നില്ലെന്നും, അങ്ങനെ വിശ്വസിക്കാൻ ന്യായമായ യാതൊരു കാരണവും ഇല്ലായിരുന്നെന്നു പ്രതി തെളിയിക്കുകയാണെങ്കിൽ വാദിക്ക് ലംഘനം സംബന്ധിച്ച് ഒരു നിരോധനം കോടതിക്ക് ആ പരിതഃസ്ഥിതികളിൽ ന്യായമായതെന്നു തോന്നാവുന്ന പ്രകാരം ലംഘനം ചെയ്യുന്ന പകർപ്പുകളുടെ വിൽപ്പന മുഖേന പ്രതി ഉണ്ടാക്കിയ ആദായം മുഴുവനുമോ അതിൻെറ ഒരു ഭാഗത്തിനോ ഉള്ള ഒരു വിധിക്കും അല്ലാതെ മററു ഏതെങ്കിലും നിവൃത്തിക്കും അവകാശമുണ്ടായിരിക്കുന്നതല്ല.

(2) ഒരു സാഹിത്യ, നാടക, സംഗീത കലാകൃതിയുടെ സംഗതിയിൽ, അതതു സംഗതിപോലെ ഗ്രന്ഥകർത്താവിന്റേതോ പ്രസാധകന്റേതോ ആണെന്നു കരുതപ്പെടുന്ന പേര്, പ്രസിദ്ധപ്പെടുത്തിയ കൃതിയുടെ പകർപ്പുകളിൽ കാണുകയോ, ഒരു കാലാകൃതിയുടെ സംഗതിയിൽ അതു നിർമ്മിച്ചപ്പോൾ ആ കൃതിയിൻ ഉണ്ടായിരിക്കുകയോ ചെയ്യുന്നിടത്ത് ആരുടെ പേരാണോ അപ്രകാരം കാണുകയോ ഉണ്ടായിരിക്കുകയോ ചെയ്യുന്നത് അങ്ങനെയുള്ള ആളെ, അങ്ങനെയുള്ള കൃതിയിലുള്ള പകർപ്പവകാശലംഘനം സംബന്ധിച്ച ഏതെങ്കിലും നടപടിയിൽ, വിപരീതമായി തെളിയിക്കാത്തപക്ഷം, അതതുസംഗതിപോലെ കൃതിയുടെ ഗ്രന്ഥകർത്താവായോ പ്രസാധകനായോ അനുമാനിക്കപ്പെടുന്നതാകുന്നു.

(3) പകർപ്പവകാശലംഘനം സംബന്ധിച്ച ഏതെങ്കിലും നടപടികളിലെ എല്ലാ കക്ഷികളുടെയും ചെലവുകൾ കോടതിയുടെ വിവേകമനുസരിച്ചായിരിക്കുന്നതാകുന്നു.

**പ്രത്യേക അവകാശങ്ങളുടെ സംരക്ഷണം.**

56. ഈ ആക്ററിലെ വ്യവസ്ഥകൾക്കു വിധേയമായി, ഏതെങ്കിലും കൃതിയിലുള്ള പകർപ്പവകാശം ഉൾക്കൊള്ളുന്ന പല അവകാശങ്ങൾ വെവ്വേറെ ആളുകൾക്ക് ഉടമാവകാശമുള്ളിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തിന്റെ ഉടമയ്ക്ക് ആ അവകാശത്തോളം ഈ ആക്ററിനാൽ വ്യവസ്ഥ ചെയ്യപ്പെടുന്ന നിവൃത്തികൾക്കു അവകാശം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള അവകാശത്തെ ഏതെങ്കിലും വ്യവഹാരമോ, പ്രവൃത്തിയോ മററു നടപടിയോ മുഖേന അങ്ങനെയുള്ള വ്യവഹാരത്തിലോ, പ്രവർത്തിയിലോ നടപടിയിലോ, മറേറതെങ്കിലും അവകാശത്തിന്റെ ഉടമയെ ഒരു കക്ഷിയാക്കാതെ വ്യക്തിപരമായി പ്രാവർത്തികമാക്കാവുന്നതാകുന്നു.

**ഗ്രന്ഥകർത്താവിന്റെ പ്രത്യേക അവകാശങ്ങൾ.**

57. (1) ഗ്രന്ഥകർത്താവിന്റെ പകർപ്പവകാശത്തെ ആശ്രയിക്കാതെയും മുൻപറഞ്ഞ പകർപ്പവകാശം മുഴുവനായോ ഭാഗികമായോ തീറുകൊടുത്തതിനു ശേഷവും ഒരു കൃതിയുടെ ഗ്രന്ഥകർത്താവിന്,

(ക) മുൻപറഞ്ഞ കൃതിയുടെ ഏതെങ്കിലും വിരൂപമാക്കലോ വികൃതമാക്കലോ അല്ലെങ്കിൽ മററു രൂപഭേദപ്പെടുത്തലോ, അല്ലെങ്കിൽ

(ഖ) തന്റെ മാന്യതയ്ക്കോ കീർത്തിക്കോ ഭംഗം വരുത്താവുന്ന മുൻപറഞ്ഞ കൃതിസംബന്ധിച്ചുള്ള മറേറതെങ്കിലും പ്രവൃത്തിയോ സംബന്ധിച്ചു തടയുന്നതിനോ നഷ്ടസംഖ്യ അവകാശപ്പെടുന്നതിനോ ഉള്ള അവകാശത്തിനു പുറമേ കൃതിയുടെ ഗ്രന്ഥകർത്തൃത്വം അവകാശപ്പെടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാകുന്നു.

(2) കൃതിയുടെ ഗ്രന്ഥകർത്തൃത്വം തേർച്ച ചെയ്യാനുള്ള അവകാശം അല്ലാതെ (1)-ാം ഉപവകുപ്പിനാൽ ഒരു കൃതിയുടെ ഗ്രന്ഥകർത്താവിന് നൽകിയിട്ടുള്ള അവകാശം, ഗ്രന്ഥകർത്താവിന്റെ നിയമാനുസൃത പ്രതിനിധികൾക്ക് പ്രയോഗിക്കാവുന്നതാകുന്നു.

**ലംഘനം ചെയ്ത് പകർപ്പുകൾ കൈവശം വയ്ക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന ആളുകൾക്ക് എതിരായി ഉടമയ്ക്കുള്ള അവകാശങ്ങൾ.**

58. പകർപ്പവകാശം നിലവിലുള്ള ഏതെങ്കിലും കൃതിയുടെ എല്ലാ ലംഘനം ചെയ്ത പകർപ്പുകളും, അങ്ങനെയുള്ള ലംഘനം ചെയ്ത പകർപ്പുകൾ നിർമ്മിക്കുന്നതിനു ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ എല്ലാ പ്ലേററുകളും, പകർപ്പവകാശ ഉടമസ്ഥന്റെ സ്വത്തായി കരുതുന്നതും, അയാൾക്ക് അതനുസരിച്ച് അവയുടെ കൈവശം വീണ്ടെടുക്കുന്നതിനോ അല്ലെങ്കിൽ അവയുടെ രൂപാന്തരം സംബന്ധിച്ചോ നടപടി എടുക്കാവുന്നതുമാകുന്നു.

എന്നാൽ പകർപ്പവകാശ ഉടമയ്ക്ക്, ഏതെങ്കിലും ലംഘനം ചെയ്ത പകർപ്പുകളുടെ രൂപാന്തരം സംബന്ധിച്ചു, എതിർകക്ഷി—

(ക) അങ്ങനെയുള്ള പകർപ്പുകൾ ലംഘനം ചെയ്ത ഏതു കൃതിയുടെ പകർപ്പുകളാണെന്ന് ആരോപിക്കപ്പെടുന്നുവോ ആ കൃതിയിൽ പകർപ്പവകാശം നിലവിലുള്ളതായി അയാൾക്ക് അറിവില്ലായിരുന്നുവെന്നും അങ്ങനെ വിശ്വസിക്കുവാൻ ന്യായമായ കാരണമില്ലായിരുന്നുവെന്നുമോ ;
അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള പകർപ്പുകളോ പ്ലേററുകളോ ഏതെങ്കിലും കൃതിയിലുള്ള പകർപ്പവകാശ ലംഘനം ഉൾക്കൊള്ളുന്നതല്ലെന്ന് വിശ്വസിക്കാൻ അയാൾക്ക് ന്യായമായ കാരണങ്ങൾ ഉണ്ടായിരുന്നെന്നോ

തെളിയിക്കുകയാണെങ്കിൽ യാതൊരു നിവർത്തിക്കും അവകാശമുണ്ടായിരിക്കുന്നതല്ല.

**ശിൽപകലാസൃഷ്ടികളുടെ സംഗതിയിൽ നിവൃത്തികളിൻമേലുള്ള നിയന്ത്രണം.**

**(1877-ലെ 1)**

59. (1) പ്രത്യേക നിവർത്തി ആക്ററ്, 1877-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, മറേറതെങ്കിലും നിർമ്മിതിയിലുള്ള പകർപ്പവകാശം ലംഘിക്കുന്നതോ അല്ലെങ്കിൽ അതു പൂർത്തിയാക്കുകയാണെങ്കിൽ, ലംഘിക്കാവുന്നതോ ആയ ഒരു കെട്ടിടത്തിന്റെയോ മററ് എടുപ്പിന്റെയോ നിർമ്മാണം ആരംഭിച്ചിട്ടുള്ളിടത്ത്, പകർപ്പവകാശ ഉടമയ്ക്ക് അങ്ങനെയുള്ള കെട്ടിടത്തിന്റെയോ എടുപ്പിന്റേയോ നിർമ്മാണം തടസ്സപ്പെടുത്തുന്നതിനോ അല്ലെങ്കിൽ അത് പൊളിച്ചുമാററൽ ഉത്തരവു ചെയ്യുന്നതിനോ ഉള്ള ഒരു നിരോധനം ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല.

(2) 58-ാം വകുപ്പിലുള്ള യാതൊന്നും, മറേറതെങ്കിലും നിർമ്മിതിയിലുള്ള പകർപ്പവകാശം ലംഘിക്കുന്നതോ അല്ലെങ്കിൽ, അതു പൂർത്തിയാക്കുകയാണെങ്കിൽ ലംഘിക്കാവുന്നതോ ആയ ഒരു കെട്ടിടത്തിന്റെയോ മററു എടുപ്പിന്റെയോ നിർമ്മാണം സംബന്ധിച്ച് ബാധകമാകുന്നതല്ല.

**നിയമനടപടിയുടെ അടിസ്ഥാനരഹിതമായ ഭീഷണിയുടെ സംഗതിയിലുള്ള നിവൃത്തി.**

60. ഏതെങ്കിലും കൃതിയിലുള്ള പകർപ്പവകാശ ഉടമയെന്നു അവകാശപ്പെടുന്ന ഏതെങ്കിലും ആൾ, സർക്കുലറുകളോ, പരസ്യങ്ങളോ വഴിയോ അല്ലെങ്കിൽ മററുവിധത്തിലോ മറേറതെങ്കിലും ആളെ ഏതെങ്കിലും അല്ലെങ്കിൽ പകർപ്പവകാശത്തിൻെറ ആരോപിത ലംഘനം സംബന്ധിച്ച നിയമനടപടികളോ ബാദ്ധ്യതകളോകൊണ്ട് ഭീഷണിപ്പെടുത്തുന്നിടത്ത്, അതുമുഖേന സങ്കടമുള്ള ഏതെങ്കിലും ആൾക്ക്, പ്രത്യേക നിവൃത്തി ആക്ററ്, 42-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഭീഷണിയുമായി ബന്ധപ്പെട്ട ആരോപിത ലംഘനം യഥാർത്ഥത്തിൽ, അങ്ങനെയുള്ള ഭീഷണികൾ പുറപ്പെടുവിക്കുന്ന ആളുടെ ഏതെങ്കിലും നിയമപരമായ അവകാശങ്ങളുടെ ലംഘനമല്ലെന്നുള്ള ഒരു സ്ഥാപനാത്മക വ്യവഹാരം ആരംഭിക്കാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിൽ—

(ക) അങ്ങനെയുള്ള ഭീഷണികൾ തുടരുന്നതിനെതിരായി ഒരു നിരോധനം വാങ്ങാവുന്നതും ;

(ഖ) അങ്ങനെയുള്ള ഭീഷണികൾ കാരണമായി അയാൾക്ക് നേരിട്ടിട്ടുള്ള നഷ്ടസംഖ്യ, ഏതെങ്കിലും ഉണ്ടെങ്കിൽ വസൂലാക്കാവുന്നതും ആകുന്നു:

എന്നാൽ ഈ വകുപ്പ് അങ്ങനെയുള്ള ഭീഷണികൾ പുറപ്പെടുവിക്കുന്ന തേർച്ച ചെയ്യുന്ന പകർപ്പവകാശത്തിൻെറ ലംഘനത്തിനുള്ള നടപടി വേണ്ടത്ര ശ്രദ്ധയോടെ തുടങ്ങുകയും തുടരുകയും ചെയ്യുന്നുവെങ്കിൽ, ഈ വകുപ്പ് ബാധകമാകുന്നതല്ല.

**പകർപ്പവകാശ ഉടമ നടപടിയിലെ കക്ഷി ആയിരിക്കേണ്ടതാണ്.**

61. (1) പകർപ്പവകാശലംഘനം സംബന്ധിച്ച് അനന്യ ലൈസൻസുകാരൻ ആരംഭിക്കുന്ന ഒരു സിവിൽ വ്യവഹാരത്തിലോ മററു നടപടിയിലോ, പകർപ്പവകാശ ഉടമയെ, കോടതി മററു വിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, ഒരു പ്രതി ആക്കേണ്ടതും അങ്ങനെ ഉടമസ്ഥനെ ഒരു പ്രതി ആക്കുന്നിടത്ത് അയാൾക്ക് അനന്യ ലൈസൻസുകാരൻെറ അവകാശത്തെക്കുറിച്ച് തർക്കിക്കുന്നതിനു അവകാശമുണ്ടായിരിക്കുന്നതുമാകുന്നു.

(2) ഒരു അനന്യ ലൈസൻസുകാരൻ ആരംഭിച്ച പകർപ്പവകാശലംഘനം സംബന്ധിച്ച് ഏതെങ്കിലും സിവിൽ വ്യവഹാരമോ മററു നടപടിയോ വിജയിച്ചിട്ടുള്ളിടത്ത്, അതേ വ്യവഹാര കാരണം സംബന്ധിച്ച്, പകർപ്പവകാശ ഉടമസ്ഥൻെറ അർത്ഥനയിൻമേൽ നൂതന വ്യവഹാരമോ മററു നടപടിയോ നിലനിൽക്കുന്നതല്ല.

**ഈ അദ്ധ്യായത്തിൻകീഴിൽ ഉൽഭവിക്കുന്ന വിഷയങ്ങളിൻമേൽ കോടതിക്കുള ള അധികാരിത.**

62. (1) ഏതെങ്കിലും കൃതിയിലുള്ള പകർപ്പവകാശലംഘനമോ അല്ലെങ്കിൽ ഈ ആക്ററിനാൽ നൽകപ്പെട്ട മറേറതെങ്കിലും അവകാശത്തിൻേറ ലംഘനമോ സംബന്ധിച്ച് ഈ അദ്ധ്യായത്തിൻ കീഴിൽ ഉൽഭവിക്കുന്ന ഏതൊരു വ്യവഹാരമോ മററു സിവിൽ നടപടിയോ, അധികാരിതയുള്ള ജില്ലാ കോടതിയിൽ ആരംഭിക്കേണ്ടതാകുന്നു.

**(1908-ലെ 5)**

(2) (1)-ാം ഉപവകുപ്പിൻെറ ആവശ്യത്തിന് ഒരു ''അധികാരിതയുള്ള ജില്ലാക്കോടതി'' എന്നതിൽ, സിവിൽ നടപടി നിയമസംഹിത, 1908-ലോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതൊരു ജില്ലാക്കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കകത്താണോ, ആ വ്യവഹാരമോ മററു നടപടിയോ ആരംഭിക്കുന്ന സമയത്ത്, വ്യവഹാരമോ മററു നടപടിയോ ആരംഭിക്കുന്ന ആളോ അല്ലെങ്കിൽ അങ്ങനെയുള്ള ആളുകൾ ഒന്നിലധികമുള്ളിടത്ത്, അവരിൽ ആരെങ്കിലുമോ യഥാർത്ഥമായും സ്വേച്ഛയാലും താമസിക്കുകയോ, ബിസിനസ്സ് നടത്തുകയോ ആദായത്തിനായി നേരിട്ട് ജോലി ചെയ്യുകയോ ചെയ്യുന്നത്, ആ ജില്ലാക്കോടതി ഉൾപ്പെടുന്നതാകുന്നു.

## അദ്ധ്യായം XIII

## കുററങ്ങൾ

**ഈ ആക്ററിനാൽ നൽകപ്പെടുന്ന പകർപ്പവകാശത്തിൻേറയോ മററു അവകാശങ്ങളുടേയോ ലംഘന കുററം.**

63. (ക) ഒരു കൃതിയിലുള്ള പകർപ്പവകാശമോ, അല്ലെങ്കിൽ

(ഖ) ഈ ആക്ററിനാൽ നൽകപ്പെടുന്ന മറേറതെങ്കിലും അവകാശമോ, അറിഞ്ഞുകൊണ്ട് ലംഘിക്കുകയോ ലംഘനത്തിനു പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും, ഒരു വർഷത്തോളമാകാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം.— മറേറതെങ്കിലും സൃഷ്ടിയിലുള്ള പകർപ്പവകാശം ലംഘിക്കുന്നതോ അല്ലെങ്കിൽ അതു പൂർത്തിയാക്കുകയാണെങ്കിൽ ലംഘിക്കുമെന്നുള്ളതോ ആയ ഒരു കെട്ടിടത്തിൻേറയോ മററു എടുപ്പിൻേറയോ നിർമ്മാണം ഈ വകുപ്പിൻ കീഴിലുള്ള ഒരു കുററം ആകുന്നതല്ല.

*ലംഘനം ചെയ്യുന്ന പകർപ്പുകൾ പിടിച്ചെടുക്കുന്നതിനു പോലീസിനുള്ള അധികാരം.*

64. (1) ഏതെങ്കിലും സൃഷ്ടിയിലുള്ള പകർപ്പവകാശലംഘനം സംബന്ധിച്ച് 63-ാം വകുപ്പിൻകീഴിൽ ഏതെങ്കിലും കുറ്റം ഒരു മജിസ്ട്രേററ് നടപടിക്കെടുത്തിട്ടുള്ളിടത്ത്, ഒരു സബ്-ഇൻസ്പെക്ടരുടെ പദവിക്ക് താഴെ അല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന് മജിസ്ട്രേററിൽ നിന്നുള്ള ഏതെങ്കിലും വാറണ്ടുകൂടാതെ, സൃഷ്ടിയുടെ ലംഘനം ചെയ്യുന്ന പകർപ്പുകൾ ആണെന്നു അയാൾക്ക് തോന്നാവുന്ന ശിൽപ്പത്തിൻെറ എല്ലാ പകർപ്പുകളും, എവിടെക്കണ്ടാലും, പിടിച്ചെടുക്കുന്നതു നിയമാനുസൃതമായിരിക്കുന്നതും, അപ്രകാരം പിടിച്ചെടുക്കുന്ന എല്ലാ പകർപ്പുകളും, പ്രായോഗികമാകുന്നത്ര വേഗത്തിൽ മജിസ്ട്രേററിൻെറ മുമ്പാകെ ഹാജരാക്കേണ്ടതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പിടിച്ചെടുക്കുന്ന ഒരു സൃഷ്ടിയുടെ ഏതെങ്കിലും പകർപ്പുകളിൽ അവകാശബന്ധമുള്ള ഏതെങ്കിലും ആൾക്ക്, അങ്ങനെ പിടിച്ചെടുത്തു പതിനഞ്ചു ദിവസത്തിനകം, അങ്ങനെയുള്ള പകർപ്പുകൾ അയാൾക്ക് തിരിച്ചു കൊടുക്കുന്നതിനു ഒരു അപേക്ഷ മജിസ്ട്രേട്ടിന് നൽകാവുന്നതും മജിസ്ട്രേട്ട് അപേക്ഷകനേയും പരാതിക്കാരനേയും കേൾക്കുകയും, ആവശ്യമാകാവുന്ന കൂടുതൽ അന്വേഷണവിചാരണ നടത്തുകയും ചെയ്ത ശേഷം, അപേക്ഷയിൻമേൽ അയാൾക്കു യുക്തമെന്നു തോന്നാവുന്ന ഉത്തരവു പാസ്സാക്കേണ്ടതുമാകുന്നു.

*ലംഘനം ചെയ്യുന്ന പകർപ്പുകൾ നിർമ്മിക്കുന്ന ആവശ്യത്തിന് പ്ലേററുകൾ കൈവശം വയ്ക്കുന്നത്.*

65. പകർപ്പവകാശം നിലവിലുള്ള ഏതെങ്കിലും സൃഷ്ടിയുടെ ലംഘനം ചെയ്യുന്ന പകർപ്പുകൾ നിർമ്മിക്കുന്ന ആവശ്യത്തിന് ഏതെങ്കിലും പ്ലേററ് അറിഞ്ഞുകൊണ്ട് നിർമ്മിക്കുകയോ അല്ലെങ്കിൽ അയാളുടെ കൈവശത്തിൽ വയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

*ലംഘനം ചെയ്യുന്ന പകർപ്പുകളോ ലംഘനം ചെയ്യുന്ന പകർപ്പുകൾ നിർമ്മിക്കുന്ന ആവശ്യത്തിനുള്ള പ്ലേററുകളോ വ്യയനം ചെയ്യൽ.*

66. ഈ ആക്ററിൻ കീഴിലുള്ള ഏതെങ്കിലും കുററം വിചാരണ നടത്തുന്ന കോടതിക്ക്, കുററാരോപണം ചെയ്യപ്പെട്ട ആൾ കുററസ്ഥാപനം ചെയ്യപ്പെട്ടാലും ഇല്ലെങ്കിലും ലംഘനം ചെയ്യുന്ന പകർപ്പുകളാണെന്നോ അല്ലെങ്കിൽ ലംഘനം ചെയ്യുന്ന പകർപ്പുകൾ നിർമ്മിക്കുന്ന ആവശ്യത്തിനുള്ള പ്ലേററുകളാണെന്നോ അതിനു തോന്നുന്ന കുററം ആരോപിക്കപ്പെട്ട ആളുടെ കൈവശമുള്ള കൃതിയുടെ എല്ലാ പകർപ്പുകളോ അല്ലെങ്കിൽ എല്ലാം പ്ലേററുകളോ പകർപ്പവകാശ ഉടമസ്ഥന് ഏൽപ്പിച്ചുകൊടുക്കുന്നതിന് ഉത്തരവ് ചെയ്യാവുന്നതാകുന്നു.

*ഹാജരാക്കുന്നതിനോ സമർപ്പിക്കുന്നതിനോ രജിസ്ററർ മുതലായവയിൽ വ്യാജമായ ഉൾക്കുറിപ്പുകൾ ചേർക്കുന്നതിനുള്ളദണ്ഡനം.*

67. (ക) ഈ ആക്ററിൻകീഴിൽ സൂക്ഷിച്ചിട്ടുള്ള പകർപ്പവകാശ രജിസ്റററിൽ വ്യാജമായ ഒരു ഉൾക്കുറിപ്പ് ചേർക്കുകയോ അല്ലെങ്കിൽ ചേർക്കാൻ ഇടയാക്കുകയോ,

(ഖ) അങ്ങനെയുള്ള രജിസ്റററിൽ ഏതെങ്കിലും ഉൾക്കുറിപ്പിൻെറ പകർപ്പാണെന്ന് കരുതുന്ന വ്യാജമായ ഒരു ലിഖിതം ചേർക്കുകയോ ചേർക്കാൻ ഇടയാക്കുകയോ, അല്ലെങ്കിൽ

(ഗ) അങ്ങനെയുള്ള ഏതെങ്കിലും ഉൾക്കുറിപ്പോ ലിഖിതമോ കളവാണെന്ന് അറിഞ്ഞുകൊണ്ട്, തെളിവായി ഹാജരാക്കുകയോ സമർപ്പിക്കുകയോ അല്ലെങ്കിൽ ഹാജരാക്കിക്കുകയോ സമർപ്പിക്കുകയോ അല്ലെങ്കിൽ ഹാജരാക്കിക്കുകയോ സമർപ്പിക്കാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന തടവുശിക്ഷയോ, അല്ലെങ്കിൽ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

*ഏതെങ്കിലും അധികാര സ്ഥാന ത്തേയോ ഉദ്യോഗ സ്ഥനേയോ കബളിപ്പിക്കുന്നതിനോ സ്വാധീനിക്കുന്നതിനോ ഉള്ള ആവശ്യത്തിന് വ്യാജമായ പ്രസ്താവന ചെയ്യുന്നതിനുള്ള ദണ്ഡനം.*

68. (ക) ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും അധികാരസ്ഥാനത്തേയോ ഉദ്യോഗസ്ഥനേയോ കബളിപ്പിക്കണമെന്നു ലക്ഷ്യത്തോടോ, അല്ലെങ്കിൽ

(ഖ) ഈ ആക്ററോ അതിൻ കീഴിലുള്ള ഏതെങ്കിലും വിഷയമോ സംബന്ധിച്ചു ഏതെങ്കിലും ചെയ്തു കിട്ടുന്നതിനോ ചെയ്യാതിരിക്കുന്നതിനു സ്വാധീനിക്കുന്നതിനോ ഉള്ള ലക്ഷ്യത്തോടുകൂടി, വ്യാജമായ ഒരു പ്രസ്താവനയോ നിവേദനമോ കളവാണെന്നറിഞ്ഞുകൊണ്ടു, ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന തടവു ശിക്ഷയോ അല്ലെങ്കിൽ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

69. (1) ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും കുററം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്ത്, കമ്പനിക്കു പുറമേ, ആ കുററം ചെയ്തിട്ടുള്ള സമയത്ത് ആ കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതും കമ്പനിയുടെ ബിസിനസ്സിൻെറ നടത്തിപ്പിനുവേണ്ടി കമ്പനിയോടു ഉത്തരവാദപ്പെട്ടിരിക്കുകയും ചെയ്തിരുന്ന ഏതൊരാളും, ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാക്കുന്നതുമാകുന്നു: കമ്പനികളാലുള്ള കുററങ്ങൾ.

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും ഏതെങ്കിലും ആളെ, കുററം തൻെറ അറിവു കൂടാതെയാണ് ചെയ്തിട്ടുള്ളതെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുന്നതു തടയാൻ താൻ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ തെളിയിക്കുകയാണെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻ കീഴിലുള്ള ഒരു കുററം ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുററം കമ്പനിയിലെ ഏതെങ്കിലും ഡയറക്ടറുടേയോ മാനേജരുടേയോ സെക്രട്ടറിയുടേയോ അല്ലെങ്കിൽ മററു ഉദ്യോഗസ്ഥൻേറയോ സമ്മതത്തോടോ, മൗനാനുവാദത്തോടുകൂടി ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തു നിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്നു കല്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ അല്ലെങ്കിൽ മററു ഉദ്യോഗസ്ഥനോ കൂടി ആ കുററത്തിന് അപരാധിയായി കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹരായിരിക്കുന്നതുമാകുന്നു.

വിശദീകരണം:— ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃതനികായമെന്നു അർത്ഥമാകുന്നതും, അതിൽ ഒരു കച്ചവടയോഗമോ ആളുകളുടെ മററു സമാജമോ ഉൾപ്പെടുന്നതും ;

(ഖ) "ഡയറക്ടർ" എന്നാൽ ഒരു കച്ചവടയോഗം സംബന്ധിച്ച് കച്ചവടയോഗത്തിലെ പങ്കാളി എന്നർത്ഥമാകുന്നതുമാകുന്നു.

70. ഒരു പ്രസിഡൻസി മജിസ്ട്രേട്ടിൻേറയോ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടിൻേറയോ കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും ഈ ആക്ററിൻ കീഴിലുള്ള ഏതെങ്കിലും കുററം വിചാരണ ചെയ്യാൻ പാടുള്ളതല്ല. കുററങ്ങൾ നടപടിക്കെടുക്കൽ.

## അദ്ധ്യായം XIV

## അപ്പീലുകൾ

71. 84-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻേറയോ 66-ാം വകുപ്പിൻേറയോ കീഴിൽ പുറപ്പെടുവിച്ച ഒരു ഉത്തരവുവഴി സങ്കടമുള്ള ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള ഉത്തരവിൻെറ തീയതി മുതൽ മുപ്പതു ദിവസത്തിനകം ഉത്തരവു പാസ്സാക്കുന്ന കോടതിയിൽ നിന്നും സാധാരണമായി ഏതു കോടതിയിലെക്കാണോ അപ്പീലുകൾ ഉണ്ടായിരിക്കുന്നത് ആ കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും, അങ്ങനെയുള്ള അപ്പീൽ കോടതിക്ക്, അപ്പീലിൻെറ തീരുമാനം വരെ ഉത്തരവു നടത്തൽ നിറുത്തിവയ്ക്കുന്നതിന് നിർദ്ദേശിക്കാവുന്നതുമാകുന്നു. മജിസ്ട്രേററിൻെറ ചില ഉത്തരവുകൾക്ക് എതിരായുള്ള അപ്പീലുകൾ.

72. (1) പകർപ്പവകാശ രജിസ്ട്രാറുടെ ഏതെങ്കിലും അന്തിമ തീരുമാനത്താലോ ഉത്തരവിനാലോ സങ്കടമുള്ള ഏതൊരാൾക്കും, ഉത്തരവിൻേറയോ തീരുമാനത്തിൻേറയോ തീയതി മുതൽ മൂന്നുമാസത്തിനകം, പകർപ്പവകാശബോർഡിലേക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു. പകർപ്പവകാശ രജിസ്ട്രാരുടേയും പകർപ്പവകാശ ബോർഡിൻെറയും ഉത്തരവുകൾക്ക് എതിരായുള്ള അപ്പീലുകൾ.

(2) പകർപ്പവകാശബോർഡിൻെറ (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരപ്പീലിൽ പുറപ്പെടുവിച്ച തീരുമാനമോ ഉത്തരവോ അല്ലാത്ത ഏതെങ്കിലും അന്തിമ തീരുമാനത്താലോ ഉത്തരവിനാലോ സങ്കടമുള്ള ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള തീരുമാനത്തിൻേറയോ ഉത്തരവിൻേറയോ തീയതി മുതൽ മൂന്നുമാസത്തിനുള്ളിൽ, ഏതു ഹൈക്കോടതിയുടെ അധികാരിതയ്ക്കുള്ളിലാണോ അപ്പീൽവാദി യഥാർത്ഥമായും സ്വമേധയായും താമസിക്കുകയോ ബിസിനസ്സ് നടത്തുകയോ അല്ലെങ്കിൽ ആദായത്തിനായി നേരിട്ട് ജോലി ചെയ്യുകയോ ചെയ്യുന്നത് ആ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു :

എന്നാൽ അങ്ങനെയുള്ള യാതൊരപ്പീലും പകർപ്പവകാശബോർഡിൻെറ 6-ാം വകുപ്പിൻകീഴിലുള്ള തീരുമാനത്തിനെതിരായി ഉണ്ടായിരിക്കുന്നതല്ല.

(3) ഈ വകുപ്പിൻകീഴിൽ ഒരപ്പീലിന് വ്യവസ്ഥ ചെയ്തിട്ടുള്ള മൂന്നു മാസത്തെ സമയം കണക്കാക്കുന്നതിൽ, ഏത് ഉത്തരവിനോ, തീരുമാനത്തിൻെറ റെക്കാർഡിനോ എതിരായാണോ അപ്പീൽ ബോധിപ്പിക്കുന്നത്, അതിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുന്നതിന് എടുക്കുന്ന സമയം ഒഴിവാക്കേണ്ടതാകുന്നു.

അപ്പീലുകൾക്കുള്ള നടപടിക്രമം.

73. ഹൈക്കോടതിക്ക്, 72-ാം വകുപ്പിൻകീഴിൽ അതിനു സമർപ്പിക്കുന്ന അപ്പീലുകൾ സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിക്രമം സംബന്ധിച്ച് ഈ ആക്ററിന് സംഗതമായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു.

## അദ്ധ്യായം XV

## പലവക

പകർപ്പവകാശ രജിസ്ട്രാർക്കും പകർപ്പവകാശ ബോർഡിനും സിവിൽ ക്കോടതികളുടെ ചില അധികാരങ്ങൾ ഉണ്ടായിരിക്കുമെന്ന്.

74. പകർപ്പവകാശ രജിസ്ട്രാർക്കും പകർപ്പവകാശബോർഡിനും താഴെ പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് സിവിൽ നടപടി നിയമ സംഹിത, 1908-ൻ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽക്കോടതിക്ക് ഉണ്ടായിരിക്കുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(ക) ഏതെങ്കിലും ആളെ സമൻ ചെയ്യുന്നതും അയാളെ ഹാജരാക്കിക്കുന്നതും അയാളെ ശപഥത്തിൻമേൽ വിസ്തരിക്കുന്നതും ;

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യുന്നതു ആവശ്യപ്പെടുന്നതും ;

(ഗ) സത്യവാങ്മൂലങ്ങളിൻമേൽ തെളിവു സ്വീകരിക്കുന്നതും ;

(ഘ) സാക്ഷിയെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകൾ അയയ്ക്കുന്നതും ;

(ങ) ഏതെങ്കിലും കോടതിയിലോ ആഫീസിലോ നിന്ന് ഏതെങ്കിലും പബ്ലിക്ക് റിക്കാർഡോ അതിൻെറ പകർപ്പോ ആവശ്യപ്പെടുന്നതും ;

(ച) നിർണ്ണയിക്കാവുന്ന മററു ഏതെങ്കിലും വിഷയവും.

വിശദീകരണം :—സാക്ഷികളെ ഹാജരാക്കിക്കുന്ന ആവശ്യത്തിന്, അതതു സംഗതി പോലെ, പകർപ്പവകാശ രജിസ്ട്രാറുടെയോ പകർപ്പവകാശ ബോർഡിൻെറയോ അധികാരിതയുടെ അതിർത്തികൾ, ഇൻഡ്യൻ രാജ്യക്ഷേത്രത്തിൻെറ അതിർത്തികൾ ആയിരിക്കുന്നതാകുന്നു.

പകർപ്പവകാശ രജിസ്ട്രാറും പകർപ്പവകാശ ബോർഡും പുറപ്പെടുവിക്കുന്ന പണം കൊടുക്കൽ ഉത്തരവുകൾ ഒരു വിധി പോലെ വിധി നടത്തേണ്ടതാണെന്ന്.

75. ഏതെങ്കിലും പണം കൊടുക്കലിന്, ഈ ആക്ററിൻകീഴിൽ പകർപ്പവകാശ രജിസ്ട്രാറോ, പകർപ്പവകാശ ബോർഡോ അല്ലെങ്കിൽ പകർപ്പവകാശ ബോർഡിൻെറ അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവിനെതിരായുള്ള ഏതെങ്കിലും അപ്പീലിൽ ഹൈക്കോടതിയോ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും, അതതു സംഗതിപോലെ, പകർപ്പവകാശ രജിസ്ട്രാറോ, പകർപ്പവകാശബോർഡോ അല്ലെങ്കിൽ ഹൈക്കോടതി രജിസ്ട്രാറോ നൽകിയ ഒരു സർട്ടിഫിക്കററിൻമേൽ, ഒരു സിവിൽക്കോടതിയുടെ വിധിയായി കരുതപ്പെടേണ്ടതും അങ്ങനെയുള്ള കോടതിയുടെ ഒരു വിധിപോലെ അതേ രീതിയിൽ വിധി നടത്തേണ്ടതുമാകുന്നു.

ഉത്തമ വിശ്വാസത്തിൽ നടപടിക്കുള്ള സംരക്ഷണം.

76. യാതൊരു വ്യവഹാരമോ മററു നിയമ നടപടിയോ ഈ ആക്ററനുസരിച്ച് ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്തതായി ഉദ്ദേശിച്ചതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച് ഏതെങ്കിലും ആൾക്ക് എതിരായി ഉണ്ടായിരിക്കുന്നതല്ല.

ചില ആളുകൾ പബ്ലിക് സർവ്വൻറുമാർ ആണെന്ന്.

77. ഈ ആക്ററിൻകീഴിൽ നിയമിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനേയും പകർപ്പവകാശബോർഡിലെ ഏതൊരംഗത്തേയും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 21-ാം വകുപ്പിൻെറ അർത്ഥത്തിൽ ഒരു പബ്ലിക് സർവ്വൻറായി കരുതേണ്ടതാകുന്നു.

ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

78. (1) കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു.

(2) പ്രത്യേകിച്ചും, മേൽപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം കൂടാതേയും, കേന്ദ്ര ഗവൺമെൻറിന്, താഴെ പറയുന്ന വിഷയങ്ങളിൽ എല്ലാത്തിനുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യുന്നതിനു ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു, അതായത് :—

(ക) പകർപ്പവകാശബോർഡിലെ ചെയർമാൻെറയോ മററു അംഗങ്ങളുടേയോ ഉദ്യോഗകാലാവധിയും സേവന വ്യവസ്ഥകളും ;

(ഖ) ഈ ആക്ററിൻ കീഴിൽ കൊടുക്കേണ്ട പരാതികളുടേയും അപേക്ഷകളുടേയും നൽകേണ്ട ലൈസൻസുകളുടേയും ഫാറം ;

(ഗ) പകർപ്പവകാശ രജിസ്ട്രാറുടെ മുൻപാകെയുള്ള ഏതെങ്കിലും നടപടി സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിക്രമം ;

(ഘ) ഈ ആക്ററിൻകീഴിൽ കൊടുക്കേണ്ട ഏതെങ്കിലും പ്രതിഫല വീതങ്ങൾ നിശ്ചയിക്കേണ്ട രീതിയും, അങ്ങനെയുള്ള പ്രതിഫല വീതങ്ങൾ കൊടുക്കുന്നതിന് സ്വീകരിക്കേണ്ട ജാമ്യവും ;

(ങ) ഈ ആക്ററിൻകീഴിൽ സൂക്ഷിക്കേണ്ട പകർപ്പവകാശ രജിസ്ററിൻെറ ഫാറവും അതിൽ കുറിക്കേണ്ട വിവരങ്ങളും ;

(ച) പകർപ്പവകാശ രജിസ്ട്രാർക്കും, പകർപ്പവകാശ ബോർഡിനും ഏതെല്ലാം വിഷയങ്ങൾ സംബന്ധിച്ച് ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കുമെന്നുള്ളത് ;

(ഛ) ഈ ആക്ററിൻകീഴിൽ കൊടുക്കേണ്ട ഫീസുകളും ;

(ജ) പകർപ്പവകാശ ആഫീസിലെ ബിസിനസ്സിൻെറയും, പകർപ്പവകാശ രജിസ്ട്രാറുടെ നിർദ്ദേശത്തിൻേറയോ നിയന്ത്രണത്തിൻേറയോ കീഴിൽ ഈ ആക്ററിനാൽ വയ്ക്കപ്പെടുന്ന എല്ലാ സംഗതികളുടേയും ക്രമപ്പെടുത്തൽ.

(3) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും അവ ഉണ്ടാക്കിയതിനുശേഷം ആകാവുന്നത്ര വേഗത്തിൽ പാർലമെൻറിൻെറ ഇരു സഭയുടേയും മുമ്പാകെ മുപ്പതു ദിവസത്തിൽ കുറയാതെ വയ്ക്കേണ്ടതും അവ അപ്രകാരം വയ്ക്കപ്പെട്ട സമ്മേളനത്തിലോ അല്ലെങ്കിൽ തൊട്ടടുത്തു വരുന്ന സമ്മേളനത്തിലോ വച്ച് പാർലമെൻറ് ഉണ്ടാക്കാവുന്ന രൂപഭേദങ്ങൾക്ക് വിധേയമായിരിക്കുന്നതുമാകുന്നു.

79. (1) ഇൻഡ്യൻ പകർപ്പവകാശ ആക്ററ്, 1914-ം ഇൻഡ്യൻ പകർപ്പവകാശ ആക്ററ് 1914-നാൽ ഇൻഡ്യയ്ക്ക് അത് ബാധകമാക്കുന്നതിൽ രൂപഭേദപ്പെടുത്തിയ പ്രകാരം യുണൈറഡ് കിംഗ്ഡത്തിലെ പാർലമെൻറ് പാസ്സാക്കിയ പകർപ്പവകാശ ആക്ററ് 1911-ം ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

റദ്ദാക്കലുകളും, ഒഴിവാക്കലുകളും പരിവർത്തന വ്യവസ്ഥകളും.
(1914-ലെ 3-ം)

(2) ഈ ആക്ററിൻെറ പ്രാരംഭത്തിനു മുമ്പു, ഏതെങ്കിലും ആൾ, ഏതെങ്കിലും കൃതിയുടെ പുനരുൽപ്പാദനമോ പ്രകടനമോ, നടത്തുന്ന സമയത്ത് നിയമപരമായിരിക്കുന്ന രീതിയിൽ അതു നടത്തുന്നത് സംബന്ധിച്ചോ അല്ലെങ്കിൽ ഒരു കൃതിയുടെ അങ്ങനെയുള്ള പുനരുൽപ്പാദനമോ പ്രകടനമോ നടത്തുന്ന സമയത്ത് ഈ ആക്ററ് പ്രാബല്യത്തിൽ വന്നിട്ടില്ലായിരുന്നുവെങ്കിൽ, നിയമപരമായിരിക്കുമായിരുന്ന പുനർനിർമ്മാണത്തിൻെറയോ പ്രകടനത്തിൻേറയോ ആവശ്യത്തിനോ അല്ലെങ്കിൽ ആ ലക്ഷ്യത്തോടോ അയാൾക്ക് ഏതെങ്കിലും ചെലവോ ബാദ്ധ്യതകളോ നേരിട്ടുള്ള നടപടി എടുത്തിട്ടുള്ളിടത്ത്, ഈ ആക്ററിൻെറ ബലത്തിൽ, അങ്ങനെയുള്ള പുനരുൽപ്പാദനമോ പ്രകടനമോ തടസ്സപ്പെടുത്തുന്നതിന് അവകാശമുള്ളതായിത്തീരുന്ന ആൾ, ഒരു കരാറിൻെറ അഭാവത്തിൽ, പകർപ്പവകാശബോർഡു നിശ്ചയിക്കാവുന്ന നഷ്ട പരിഹാരം കൊടുക്കാൻ സമ്മതിക്കാത്തപക്ഷം, മേൽപ്പറഞ്ഞ തീയതി നിലവിലിരിക്കുന്നതും മൂല്യമുള്ളതുമായ അങ്ങനെയുള്ള നടപടിയിൽ നിന്നോ അതു സംബന്ധിച്ചോ ഉൽഭവിക്കുന്ന ഏതെങ്കിലും അവകാശങ്ങൾക്കോ അവകാശബന്ധങ്ങൾക്കോ ഈ വകുപ്പിലുള്ള യാതൊന്നും കുറവു വരുത്തുകയോ ഭംഗം വരുത്തുകയോ ചെയ്യുന്നതല്ല.

(3) പകർപ്പവകാശം (1)-ാം ഉപവകുപ്പിനാൽ റദ്ദാക്കപ്പെട്ട ഏതെങ്കിലും ആക്ററിൻകീഴിൽ ഈ ആക്ററിൻെറ പ്രാരംഭത്തിനു തൊട്ടുമുമ്പ് പകർപ്പവകാശം നിലവിലില്ലാതിരുന്ന ഏതെങ്കിലും കൃതിക്ക് ഈ ആക്ററിൻെറ ബലത്തിൽ നിലവിലിരിക്കുന്നതല്ല.

(4) ഈ ആക്ററിൻെറ പ്രാരംഭത്തിനു തൊട്ടുമുമ്പ് ഏതെങ്കിലും കൃതിയിൽ പകർപ്പവകാശം നിലവിലിരുന്നിടത്ത്, അങ്ങനെയുള്ള പകർപ്പവകാശം ഉൾക്കൊള്ളുന്ന അവകാശങ്ങൾ, അങ്ങനെയുള്ള പ്രാരംഭ തീയതി മുതൽ, അങ്ങനെയുള്ള കൃതികൾ ഏതു കൃതികളുടെ വിഭാഗത്തിലാണോ ഉൾപ്പെടുന്നത് ആ കൃതികൾ സംബന്ധിച്ച് 14-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന അവകാശങ്ങൾ ആയിരിക്കുന്നതും, ആ വകുപ്പിനാൽ ഏതെങ്കിലും പുതിയ അവകാശങ്ങൾ നൽകപ്പെടുന്നിടത്ത് അങ്ങനെയുള്ള അവകാശങ്ങളുടെ ഉടമ —

(ക) കൃതിയിലുള്ള പകർപ്പവകാശം ഈ ആക്ററിൻെറ പ്രാരംഭത്തിനു മുമ്പ് മുഴുവനായി കൈമാററം ചെയ്യപ്പെട്ട ഏതെങ്കിലും സംഗതിയിൽ, തീറുകരനോ അയാളുടെ പിൻതുടർച്ചാവകാശിയോ ;

(ഖ) മററേതെങ്കിലും സംഗതിയിൽ, (1)-ാം ഉപവകുപ്പിനാൽ റദ്ദാക്കപ്പെട്ട ഏതെങ്കിലും ആക്ററിൻകീഴിൽ ആ കൃതിയിലുള്ള പകർപ്പവകാശത്തിൻെറ ആദ്യത്തെ ഉടമയോ അല്ലെങ്കിൽ അയാളുടെ നിയമാനുസൃത പ്രതിനിധികളോ ആയിരിക്കുന്നതാകുന്നു.

(5) ഈ ആക്ററിൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഏതെങ്കിലും ആൾക്ക്, ഈ ആക്ററിന്റെ പ്രാരംഭത്തിനു തൊട്ടു മുമ്പ്, ഏതെങ്കിലും കൃതിയിലുള്ള പകർപ്പവകാശത്തിനോ അല്ലെങ്കിൽ അങ്ങനെയുള്ള പകർപ്പവകാശത്തിലെ ഏതെങ്കിലും അവകാശത്തിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തിലെ ഒരു അവകാശബന്ധത്തിനോ അവകാശമുള്ളിടത്ത്, ഈ ആക്ററ് പ്രാബല്യത്തിൽ വന്നിട്ടില്ലായിരുന്നുവെങ്കിൽ അതിന് അയാൾക്ക് അവകാശമുണ്ടായിരിക്കുമായിരുന്നത്രയും കാലത്തേക്ക് അങ്ങനെയുള്ള അവകാശത്തിനും അവകാശബന്ധത്തിനും തുടർന്ന് അവകാശമുണ്ടായിരിക്കുന്നതാകുന്നു.

(6) ഈ ആക്ററിൽ അടങ്ങിയിട്ടുള്ള യാതൊന്നും അതിന്റെ പ്രാരംഭത്തിനു മുമ്പ് ചെയ്ത ഏതെങ്കിലും കൃത്യം, ആ കൃത്യം മററുവിധത്തിൽ അങ്ങനെയുള്ള ഒരു ലംഘനം ആയിത്തീരുന്നതല്ലെങ്കിൽ, പകർപ്പവകാശലംഘനമാക്കിത്തീർക്കുന്നതായി കരുതപ്പെടുന്നതല്ല.

(7) ഈ വകുപ്പിൽ മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഈ വകുപ്പിലുള്ള യാതൊന്നും റദ്ദാക്കലുകളുടെ പ്രഭാവം സംബന്ധിച്ച് സാമാന്യ ഖണ്ഡങ്ങൾ ആക്ററ്, 1897-ന്റെ ബാധകതയെ ബാധിക്കുന്നതായി കരുതാൻ പാടുള്ളതല്ല.